Reg No. C. 101, M 2293

ഒററപ്രതിക്കു രണ്ടണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 22 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1124 കുംഭം 19 | ലക്കം 28

## കേരളീയർ അറിയാത്ത ഒരു മഹാൻ

(പി. റി. തോമസ്, ബി. ഏ., ബി. ഒ. എൽ.)

മി. ആർനോൾഡ് ലണ്ണിനെപ്പററി മലയാളികൾ അധികം കേട്ടിരിക്കുവാൻ ഇടയില്ല. തീർത്തു വിഭിന്നങ്ങളായ രണ്ടുമൂന്നു രംഗങ്ങളിൽ വിശ്വവിഖ്യാതി സമ്പാദിച്ചിട്ടുള്ള ഒരു മഹാനാണദ്ദേഹം. ഒരിക്കൽ ഒളിംപിക് മത്സരക്കളിയിലേ ഒരു ഔദ്യോഗിക പരീക്ഷകനായി മി. ലണ്ണിനെ കാണാമെങ്കിൽ, മററാരിക്കൽ ബ്രിട്ടീഷ് ഗവർമ്മേണ്ടിനു വേണ്ടി ഏതോ പ്രചാരണകൃത്യവുമായി ഐക്യ അമേരിക്കയിലേക്കു പോകുന്ന ഒരു രാഷ്ട്രീയ സന്ദേശവാഹിയായി അദ്ദേഹത്തെ കാണാം. ഒരു സന്ദർഭത്തിൽ വടക്കേ അമേരിക്കയിലേ ഒരു സർവ്വകലാശാലയിൽ ക്രൈസ്തവ വിശ്വാസത്തിൻെറ മൂലാധാരങ്ങളെപ്പററി ഒരു പ്രസംഗപരമ്പര ചെയ്യുന്ന മതോപപാദകനായി ആർനോൾഡ് ലണ്ണിനെ നാം കാണുമെങ്കിൽ, മററാരു സന്ദർഭത്തിൽ സ്വിററ്സർലണ്ടിലോ ഇററലിയിലോ ഉള്ള ഹിമാവൃതങ്ങളായ പർവ്വതശൃംഗങ്ങൾ കയറുവാൻ പുറപ്പെടുന്ന പർവ്വതാരോഹകനും ഹിമാടന (ski-ing) വിദഗ്ദ്ധനുമായി അദ്ദേഹത്തെ നാം കാണും. ഇതിനെല്ലാം പുറമേ ആഖ്യായികകൾ, ചരിത്രഗ്രന്ഥങ്ങൾ, മതതത്വപ്രതിപാദനങ്ങൾ, വാദപ്രതിവാദഗ്രന്ഥങ്ങൾ തുടങ്ങി നാല്പതോളം സരസഗ്രന്ഥങ്ങളുടെ കർത്താവുമാണു മി. ലൺ. കഴിഞ്ഞ യുദ്ധകാലത്തു കരയിലും കടലിലും വിമാനത്തിലുമായി ഒരു ലക്ഷത്തിൽപ്പരം മൈൽ അദ്ദേഹം സഞ്ചരിക്കുകയും, ഇരുപതോളം രാജ്യങ്ങൾ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. ഇംഗ്ലണ്ടിലും അമേരിക്കയിലുമുള്ള പേരുകേട്ട പുസ്തകശാലക്കാർ അടുക്കടുക്കൽ അദ്ദേഹത്തിൻെറ നവീനഗ്രന്ഥങ്ങൾ പ്രസാധനം ചെയ്യുന്നതിനുത്സുകരായി കാണപ്പെടുന്നു. ഇങ്ങനെ നാനാരംഗങ്ങളിൽ പ്രശസ്തനാമാവായിരിക്കുന്ന ഈ ആംഗ്ലേയ പാര

ൻെറ ഷഷ്ട്യബ്ദപൂർത്തി കഴിഞ്ഞിട്ട് ഒരു കൊല്ലം ആകുന്നതേയുള്ളു.

എന്നാൽ ബഹുപഥിനങ്ങളും ബഹുമുഖങ്ങളുമായ അദ്ദേഹത്തിൻെറ വ്യക്തിവൈശിഷ്ട്യങ്ങളിൽ തൽക്കാലം വിചരിക്കണമെന്നുദ്ദേശിക്കുന്നതു് 15 കൊല്ലം മുൻപു് അദ്ദേഹം അജ്ഞേയവാദം ഉപേക്ഷിച്ച് ഒരു കത്തോലിക്കനായി ഭവിക്കുന്നതായി ഈ ലേഖകനു് അറിയുവാൻ കഴിഞ്ഞിട്ടുണ്ട്.

ഹാരോയിലും ഓക്സ്ഫോർഡിലുമായി മി. ലൺ തൻെറ വിദ്യാഭ്യാസം നിർവ്വഹിച്ചു ഭക്തമതിയായ ഒരു പ്രോട്ടസ്റ്റൻറ് പുരോഹിതൻെറ പുത്രനായ ലൺ പിതാവിനെപ്പോലെ തന്നെ മതഭക്തിയിൽ വളർന്നുവന്നെങ്കിലും മതബന്ധം തൊട്ടേയുള്ള അർത്ഥങ്ങൾ ഉപേക്ഷിച്ച് അതതുകാലങ്ങളിലേ വിജ്ഞാനാഭിവൃദ്ധിക്കൊപ്പിച്ചു അവയെ ഭേദപ്പെടുത്തിക്കൊണ്ടിരിക്കണമെന്നുള്ളതാണ് "നവ്യതാവാദം". ഈ നവ്യപാഷണ്ഡതയുടെ ശ്രേഷ്ഠാചാര്യന്മാരെയായിരുന്നു ഓക്സ്ഫോർഡിൽ ക്ലാസ്സുമുറികളിലും ഗ്രന്ഥാലയത്തിലും വച്ചു മി. ലൺ കണ്ടുമുട്ടിയതു്. മനഃപരിഷ്കാരമുള്ള ഒരാൾ കത്തോലിക്കാസഭയുടെ പ്രബോധനങ്ങളെപ്പററി അഞ്ചുമിനിട്ടുനേരം ആലോചിക്കേണ്ടതില്ലെന്നായിരുന്നു പ്രസ്തുത ഗ്രന്ഥകാരന്മാരും ഉപാദ്ധ്യായന്മാരും കൂടി ആ യുവാവിൻെറ തലയിൽ വച്ചുകൊടുത്തിരുന്ന ആശയം. ഒന്നാം ലോകമഹായുദ്ധകാലത്തു മി. ലൺ മ്യൂറെനിൽവച്ചു് ഐർലണ്ടുകാരനായ ഒരു കത്തോലിക്കാ വൈദികനെ കണ്ടുമുട്ടി. കത്തോലിക്കർ മതസംബന്ധമായ സകല കാര്യങ്ങളിലും "അന്ധമായ വിശ്വാസ"മാണു് പ്രാമാണികമായി കരുതുന്നതെന്നും, വിശ്വാസവിഷയങ്ങൾക്കു് ആധാരമായി യുക്തിബോധം എന്നൊന്നവക്കില്ലെന്നും ആയിരുന്നു അക്കാലമത്രയും മി. ലൺ ധരിച്ചുവച്ചിരുന്നതു്. ഇങ്ങനെ ബുദ്ധിപരമായ അന്ധതയിൽ കഴിഞ്ഞുകൂടുന്ന കൂട്ടരെ ഒന്നു പിടിച്ചുനിറുത്തി കാര്യം ഗ്രഹിപ്പിച്ചു വിടണമെന്നു കരുതി ഫാദർ ഹാഹിയോടു മി. ലൺ ചില ചോദ്യങ്ങൾ ചോദിച്ചു. പഴയ നിയമത്തിൽ ഈശോ ബർനാൻെറ (ജോഷ്വാ) പ്രയോജനത്തിനായി "സൂര്യൻ നിലയിൽനിന്നു" എന്നു പറയുന്നതിൽ ചുററൽ നിറുത്തിയതു സൂര്യനോ ഭൂമിയോ എന്നും, ഭൂമി ചുററൽ നിറുത്തുന്നപക്ഷം, അതു് ഏതു വേഗത്തിൽ ചുററിക്കൊണ്ടിരുന്നുവോ അതേവേഗത്തിൽ സകല ജീവജാലങ്ങളും ഭൂമിയിൽനിന്നു തെറിച്ചുപോയേനെ എന്നതറിയാമോ എന്നുമായിരുന്നു മി. ലണ്ണിൻെറ ചോദ്യശരങ്ങ



പുല്ലുവഴി കത്തോലിക്കാ കോൺഗ്രസംഗങ്ങൾ പണികഴിപ്പിച്ച വിശുദ്ധ ഫിലോമിനയുടെ കപ്പേള ഉൽഘാടനം ചെയ്ത അവസരത്തിൽ എടുത്ത ഫോട്ടോ.

ത്തിന്നു എന്നതാണു്. ജോൺ വെസ്ലിയാൽ സ്ഥാപിതമായ മെത്തോഡിസ്റ്റ് വിഭാഗത്തിലേ ഒരു ഭാരതീയ മിഷണറിയായിരുന്ന സർ ഹെൻറി ലൺ ആണു മി. ലണ്ണിൻെറ പിതാവു്. ആർനോൾഡ് ലണ്ണിൻെറ ജനനസ്ഥലം മദ്രാസ് നഗരമാണെന്നുള്ളതു പ്രസ്താവാർഹമായ ഒരു വസ്തുതയാണ്. എന്നാൽ ഏട്ടുമാസംമാത്രം പ്രായമുള്ള ഒരു കൈക്കുഞ്ഞായി ലൺ ഭാരതത്തോടു യാത്രപറയേണ്ടിവന്നു. അപ്പോഴേക്കു് അദ്ദേഹത്തിൻെറ പിതാവു മിഷൻപ്രവർത്തനം അവസാനിപ്പിച്ചു് ഇംഗ്ലണ്ടിലേക്കു മടങ്ങിപ്പോയതാണു് അതിനു കാരണം. (പില്ക്കാലത്തു് "ക്രൈസ്തവ" സഭകളുടെ പുനരൈക്യത്തിനായി പരിശ്രമിക്കയായിരുന്നു ഹെൻറി ലണ്ണിൻെറ ജോലി.) ഭാരതഭൂമിയെ "ഒന്നുകൂടി" സന്ദർശിക്കുവാൻ മി. ആർനോൾഡ് ലൺ അ

വെടിഞ്ഞ ആംഗ്ലിക്കൻ വിദ്യാഭ്യാസത്തിൻെറ ഫലമായി പതിനെട്ടാമത്തെ വയസ്സിൽ ആ ബാലൻ മതാനുഷ്ഠാനം വലിച്ചെറിയുവാനിടയായി. ഹാരോ ഹൈസ്ക്കൂളിൽ നിന്നും ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ എത്തിയപ്പോഴേക്കും ആർനോൾഡ് ലണ്ണിൻെറ മതവിപ്രതിപത്തി അതിൻെറ പരമകോടിയിലെത്തി. എന്നിരുന്നാലും, അന്നത്തെ "ഭൗതികവാദി"കളുടേയും "യുക്തിവാദി"കളുടേയും അബദ്ധതത്വങ്ങൾക്കോ വിതണ്ഡാവാദങ്ങൾക്കോ ആർനോൾഡിൽ വലിയ സ്വാധീനതാബലം ചെലുത്തുവാൻ സാധിക്കുകയുണ്ടായില്ല. പക്ഷേ ഈ നൂററാണ്ടിൻെറ ആരംഭത്തിനു മുൻപുതന്നെ യൂറോപ്പിലെവിടേയും മതതത്വങ്ങളിൽ "നവ്യതാവാദ" (Modernism) ത്തിനു പ്രചാരം സിദ്ധിച്ചിരുന്നു. വിശ്വാസവിഷയങ്ങൾക്കു പണ്ടു

ളുടെ സാരം. ലൺ പറഞ്ഞു തീരുന്നതുവരെ ഫാ. ഫാഹി അക്ഷരം മിണ്ടിയില്ല. അവസാനം അദ്ദേഹം പ്രശാന്തഗംഭീരനായി ഇങ്ങനെ പ്രതിവചിച്ചു: "ആകർഷണനിയമം ഉണ്ടാക്കിയ സർവ്വശക്തനായ ദൈവത്തിനു, വേണമെങ്കിൽ അതിന്റെ പ്രവർത്തനം കുറച്ചുനേരത്തേക്കു നിറുത്തിവയ്ക്കുവാനും സാധിക്കും." ലണ്ണിനു ഉത്തരംമുട്ടി. ഫാദർ ഫാഹി പറഞ്ഞതു കാര്യമായാലും കാര്യക്കേടായാലും കൊള്ളാം, യുക്തിസ്പർശം ഇല്ലാത്ത ശുദ്ധമേ 'അന്ധമായ' വിശ്വാസം മാത്രമല്ല മതവിഷയങ്ങളിൽ കത്തോലിക്കർക്കുള്ള അവലംബം എന്നു ഫാദർ ഫാഹിയുമായി തുടർന്നു നടത്തിയ വിവാദത്തിൽനിന്നും മി. ലണ്ണിനു തോന്നിത്തുടങ്ങി. തന്റെ മുൻവിധികളാകുന്ന മഹാദുർഗ്ഗത്തിന്മേൽ ആ സംഭവം വിതിയിലൊത്ത വിടവുണ്ടാക്കി എന്നാണു് അതു സംബന്ധിച്ച സ്വകൃതികളിലൊന്നിൽ അദ്ദേഹം പറയുന്നതു്.

ആർനോൾഡ് ലൺ അതുവരെക്കും വേദപുസ്തകം ശരിക്കു വായിച്ചിട്ടുണ്ടായിരുന്നില്ല. "നവ്യതാവാദി"കളായ ബൈബിൾ നിരൂപകന്മാരുടെ കൃതികളിൽനിന്നായിരുന്നു ക്രിസ്തുമതതത്വങ്ങളെപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന വിജ്ഞാനം മുഴുവനും. യൂറോപ്യൻ രാജ്യങ്ങളിൽ പ്രോട്ടസ്റ്റൻറു സഭകൾ ക്രൈസ്തവമതത്തിന്റെ ആദിമപ്രബോധനങ്ങളിൽനിന്നു വ്യതിചലിച്ചതുകാരണം ആ സമൂഹങ്ങളിലുണ്ടായ സാന്മാർഗ്ഗികാധഃപതനവും, നേരേമറിച്ചു കത്തോലിക്കാ പ്രബോധനങ്ങൾക്കു പ്രാബല്യമുള്ള ജനസമൂഹങ്ങളിൽ മതഭക്തി മാത്രമല്ല, കലാസംസ്കാരാദികളുടെ ആദർശംപോലും ഉൽകൃഷ്ടമായിരിക്കുന്നതും ഇതിനിടകൊണ്ടു മി. ലൺ മനസ്സിലാക്കി. ഭൗതികവാദം അബദ്ധമാണെന്നും, മതാത്മകജീവിതത്തിനു വികാരാവേശത്തെക്കാൾ ബലവത്തരമായ ആലംബം യുക്തിബോധമാണെന്നും ഉള്ള രണ്ടഭിപ്രായങ്ങൾ വളരെ നേരത്തേതന്നെ ലണ്ണിന്റെ മനസ്സിൽ രൂഢമൂലമായിരുന്നു. സുവിശേഷഗ്രന്ഥങ്ങളിലും കത്തോലിക്കാസഭാകാര്യങ്ങളിലും മി. ലണ്ണിനു വർദ്ധമാനമായ ഔത്സുക്യമുളവാകുകയും ചെയ്തു. തുടർന്നു നടത്തിയ സുതീക്ഷ്ണവും സുധീരവുമായ ദീർഘകാലാന്വേഷണത്തിന്റെ ഫലമാണു് 1933-ൽ മി. ലൺ "മനുഷ്യചൈതന്യത്തിനു സുഖസമൃദ്ധമായ അഭയസ്ഥാനമരുളുന്ന" വിശ്വൈകമഹാകുടുംബമായ കത്തോലിക്കാസഭയെ സമാശ്ലേഷിക്കുവാൻ ഇടയായതു്.

മി. ലൺ സുവിശേഷങ്ങൾ മനസ്സിരുത്തി വായിക്കുവാൻ തുടങ്ങിയപ്പോൾ ക്രിസ്തുവിന്റെ ചരിത്രപുരുഷത്വം അദ്ദേഹത്തിനു സുസമ്മതമായി തോന്നി. മനസ്സിൽ നേരത്തേ സ്ഥലംപിടിച്ചിരുന്ന പൂർവ്വധാരണകളെ മാററിവച്ചിട്ടു ചരിത്രവസ്തുതയുടെ മുൻപിൽ ശിരസ്സുനമിക്കുന്നതിനുള്ള തൻേറടം അദ്ദേഹത്തിനുണ്ടായി. അതോടൊപ്പം സഭാസ്ഥാപനത്തേയും പത്രോസിന്റെ പരമാധിപത്യത്തേയും പററിയുള്ള സുവിശേഷവാക്യങ്ങൾക്കു "നാലുപേക്ഷിക്കപ്പെടാത്ത" രീതിയിലുള്ള വ്യാഖ്യാനം കത്തോലിക്കാസഭയുടേതു മാത്രമാണെന്നു മി. ലണ്ണിനു ബോധപ്പെട്ടു. തിരുസ്സഭാസംബന്ധമായി പിന്നേയും അദ്ദേഹത്തിൽ അവശേഷിച്ചിരുന്ന മുൻവിധികളും വൈഷമ്യങ്ങളും സന്ദേഹങ്ങളും എല്ലാം ഫാദർ (ഇപ്പോൾ, മോൺസിഞ്ഞോർ) നോക്സുമായുള്ള വാദപ്രതിവാദസന്ദേശങ്ങളാലും മററു കത്തോലിക്കാ സുഹൃത്തുക്കൾ അദ്ദേഹത്തിനു നൽകിയ സാഹായ്യങ്ങളാലും ദൂരീകൃതങ്ങളായി. ക്രിസ്തുവിന്റെ ദൈവത്വത്തിൽ ഒരുവനു ത്വിച്ചുവന്നാൽ "റോമ്മാക്കു വഴങ്ങാ"തെ നിവൃത്തിയില്ലെന്നാണു് അവസാനം ലൺ എത്തിച്ചേർന്ന അനുമാനം. മി. ലൺ കത്തോലിക്കാസഭയിൽ പ്രവേശിച്ചപ്പോൾ ഇംഗ്ലണ്ടിലെ മതാന്തരീക്ഷത്തിൽ ഒരു കോളിളക്കമാണുണ്ടായതു്. സ്വമതപരിവർത്തനം സംബന്ധിച്ചു് അന്നദ്ദേഹം രചിച്ച ഗ്രന്ഥത്തിനു് (Now I See) ആദ്യകൊല്ലംതന്നെ ആറു പതിപ്പുകൾ വേണ്ടിവന്നു. അതിന്റെ ലക്ഷക്കണക്കിനുള്ള പ്രതികളാണു് ഇന്നു ബ്രിട്ടീഷ് സാമ്രാജ്യത്തിലെവിടേയും അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലും പ്രചരിച്ചിട്ടുള്ളതു്. കത്തോലിക്കാസഭയ്ക്കെതിരായ വിമർശനങ്ങൾകൊണ്ടു മി. ലൺ നടന്നിരുന്ന കാലത്തും, വേദപുസ്തകത്തിൽനിന്നും ആദിമപാരമ്പര്യങ്ങളിൽനിന്നും മനസ്സിലാക്കാവുന്നവയായ ക്രൈസ്തവമതത്തിന്റെ മൂലപ്രബോധനങ്ങളുടെ കാര്യത്തിൽ അദ്ദേഹം കൈക്കൊണ്ടിരുന്ന നിഷ്ഠയും നിർബന്ധവും മി. ലണ്ണിനെ തീർച്ചയായും "മതഭ്രാന്തനായ ഒരു പാപ്പാസഭ"ക്കാരനാക്കിത്തീർക്കും എന്നു ഡീൻ ഇഞ്ച് തുടങ്ങിയ പ്രമുഖപ്രോട്ടസ്റ്റൻറു് നിരൂപകന്മാർ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ നൂററാണ്ടിൽ കത്തോലിക്കാസഭയ്ക്കു് ഇംഗ്ലണ്ടിലുണ്ടായ മഹത്തരങ്ങളായ നേട്ടങ്ങളിലൊന്നാണു് ആർനോൾഡ് ലണ്ണിന്റെ മാനസാന്തരം എന്നു തീർത്തു പറയാം.

മതതത്വവിമർശനത്തിൽ ആദ്യന്തം തെളിഞ്ഞുകാണുന്ന കുശാഗ്രബുദ്ധിത്വം, യുക്തിയുക്തത, ഫലിതോക്തിവിലാസം, പരിഹാസരസസ്ഫൂർത്തി ഇവപോലെതന്നെ സുപ്രസന്നമായ ഭാഷാശൈലിയും ആർനോൾഡ് ലണ്ണിന്റെ ഗ്രന്ഥങ്ങൾക്കുള്ള മാഹാത്മ്യമാണു്. മതതത്വവിഷയകമായി സുസൂക്ഷ്മവും വാസ്തവികവുമായ വിജ്ഞാനം ഇനിയും ആർജ്ജിച്ചിട്ടില്ലാത്ത നാനാജാതിമതസ്ഥരായ കേരളീയരിൽ ഭൂരിപക്ഷത്തിനും ഈ വിശ്രുതഗ്രന്ഥകാരന്റെ കൃതികൾ പ്രയോജനപ്രദങ്ങളും വിജ്ഞാനപ്രദങ്ങളും ആകാതിരിക്കുമോ?

പ്രഭാഷണം

# ഐ. എൻ. എ.

നിങ്ങൾ പ്രാപിച്ചിരിക്കുന്ന ദൈവവരം വ്യർത്ഥമായിത്തീരരുതെന്നു സഹായികൾ എന്ന നിലയിൽ നിങ്ങളോടു ഞങ്ങളപേക്ഷിക്കുന്നു. എന്തുകൊണ്ടെന്നാൽ, സ്വീകാര്യമായ സമയത്തു് ഞാൻ നിനക്കു ഉത്തരം നൽകുകയും രക്ഷയുടെ ദിവസത്തിൽ നിന്നെ ഞാൻ സഹായിക്കയും ചെയ്തുവെന്നു അവിടുന്നു അരുളിച്ചെയ്തിരിക്കുന്നു. ഇതാ, ഇപ്പോഴാണു് സ്വീകാര്യമായ സമയം! ഇതാ, ഇപ്പോഴാണു് രക്ഷയുടെ ദിവസം. ഞങ്ങളുടെ ശുശ്രൂഷ കളങ്കമററതായിരിപ്പാൻവേണ്ടി നിങ്ങൾ ഒരു കാര്യത്തിലും ആർക്കും ഇടർച്ചയ്ക്കു കാരണമാകരുതു്. മറിച്ചു്, വളരെ ക്ഷമയാലും, ഞെരുക്കങ്ങളാലും, മുട്ടുപാടുകളാലും, കാരാഗൃഹങ്ങളാലും, അടികളാലും, ബന്ധനങ്ങളാലും, കലഹങ്ങളാലും, അദ്ധ്വാനങ്ങളാലും, ഉറക്കമൊഴിവിനാലും, ഉപവാസത്താലും, ശുദ്ധതയാലും, ജ്ഞാനത്താലും, ദീർഘശാന്തതയാലും, സൗമ്യതയാലും, പരിശുദ്ധാത്മാവിനാലും, നിഷ്കപടമായ സ്നേഹത്താലും, സത്യത്തിന്റെ വചനത്താലും, ദൈവത്തിന്റെ ശക്തിയാലും, ഇടതുകരത്തിലും വലതുകരത്തിലുമുള്ള നീതിയുടെ ആയുധത്താലും, ബഹുമാനത്താലും, അവമാനത്താലും, സ്തുതിയാലും, നിന്ദയാലും, ഞങ്ങൾ ദൈവത്തിന്റെ ശുശ്രൂഷകന്മാരാകുന്നുവെന്നു സ്വയം പ്രകടിപ്പിക്കട്ടെ. ഞങ്ങൾ വഞ്ചകരായി കരുതപ്പെടുന്നെങ്കിലും സത്യസന്ധന്മാരാകുന്നു; അജ്ഞാതരെപ്പോലെയാണെങ്കിലും സുജ്ഞാതരാകുന്നു; മരിക്കുന്നവരെപ്പോലെയെങ്കിലും ഇതാ ഞങ്ങൾ ജീവിക്കുന്നു; പീഡിപ്പിക്കപ്പെടുന്നവരെപ്പോലെയാണെങ്കിലും മരിക്കാതിരിക്കുന്നു; ദുഃഖമുള്ളവരെപ്പോലെ കാണപ്പെട്ടാലും എപ്പോഴും സന്തോഷിക്കുന്നു; ദരിദ്രന്മാരെപ്പോലെയാണെങ്കിലും അനേകരെ സമ്പന്നരാക്കുന്നു; ഒന്നുമില്ലാത്തവരെപ്പോലെയാണെങ്കിലും എല്ലാം കൈയടക്കിയിരിക്കുന്നു." (നോമ്പ് 1-ാം ഞായർ ലേഖനം 2. കൊറി. VI, 1—10)

ഇന്ത്യൻദേശീയസേനയുടെ (ഐ. എൻ. എ.) ഒരു പ്രചരണയോഗത്തിൽ നേതാജി സുബാഷ് ബോസ് പ്രസംഗിച്ചുകൊണ്ടിരുന്നു: "നിങ്ങളുടെ ചുടുരക്തം എനിക്കു തരുവിൻ; ഞാൻ നിങ്ങൾക്കു സ്വാതന്ത്ര്യം തരാം......" ജനക്കൂട്ടം ആവേശഭരിതരായി മുന്നോട്ടുനീങ്ങി. ഒരേ ശബ്ദത്തിൽ ജനങ്ങൾ ആർത്തുവിളിച്ചു: "നിങ്ങൾക്കു ഞങ്ങളുടെ രക്തം തരാം." നേതാജി: "പോരാ, നിങ്ങളുടെ വാക്കു പോരാ. ആത്മഹത്യാസൈന്യത്തിലേക്കു (Suicide Squad) നിങ്ങൾ പേർ കൊടുക്കുക. ഈ മരണവാറണ്ടിൽ നിങ്ങൾ ഒപ്പിടുവാൻ ഞാൻ ആവശ്യപ്പെടുന്നു." "ഞങ്ങൾ ചേരുവാൻ തയ്യാർ, ഒപ്പിടുവാൻ തയ്യാർ." "പോരാ, നിങ്ങൾ മഷിയിൽ ഒപ്പിട്ടാൽ പോരാ; ഓരോരുത്തരായി മുന്നോട്ടുവന്നു വിരലിൽനിന്നു് രക്തമെടുത്തു് ആ രക്തത്തിൽ മുക്കിയ പേനകൊണ്ടുവേണം ഒപ്പിടുവാൻ." "എന്റെ രക്തമെടുക്കുക, എന്റെ രക്തമെടുക്കുക" എന്നു പറഞ്ഞുകൊണ്ടു് ജനങ്ങൾ തിക്കിത്തിരക്കി പ്രസംഗവേദിയെ സമീപിച്ചു......ഇപ്രകാരം സ്വരാജ്യസ്നേഹത്തിന്റെ തള്ളിച്ചയിൽനിന്നു് ഉയിരെടുത്ത ഈ സൈന്യത്തിൽ സിങ്കപ്പൂർ, മലയ, ബർമ്മ തുടങ്ങിയ വിദേശങ്ങളിലെ ഇന്ത്യക്കാർ കുബേരകുചേലഭേദമെന്യേ അണിനിരന്നു, ബ്രിട്ടീഷ് മേധാവിത്വത്തിൽനിന്നു ഭാരതത്തിനു സ്വാതന്ത്ര്യം നേടിക്കൊടുക്കുവാൻ. ജപ്പാൻ സൈന്യങ്ങൾ ബർമ്മയിലേക്കു ഇരമ്പിക്കയറിയപ്പോൾ ഇന്ത്യൻ ദേശീയസേനയും ബർമ്മയിലേക്കു കുതിച്ചു. എന്നാൽ ആയുധസാമഗ്രികളും, ഭക്ഷണവും, പണവും, പരിശീലനവും ഇല്ലാത്തതുകൊണ്ടു് അവർ അനുഭവിച്ച കൊടുംയാതനകളും ക്ലേശങ്ങളും കണ്ണുനീരോടും ആവേശത്തോടുംകൂടി മാത്രമേ സ്മരിക്കുവാൻ സാധിക്കുകയുള്ളു. പട്ടിണിയാൽ കഷ്ടപ്പെട്ടിരുന്ന ഈ പടയാളികൾക്കു ഒരിക്കൽ ബ്രിട്ടീഷ് സൈന്യത്തിലെ ഇന്ത്യൻഭടന്മാർ അനുകമ്പയാൽ പ്രേരിതരായി കുറെ ഭക്ഷണസാധനങ്ങൾ നൽകാമെന്നു അറിയിച്ചപ്പോൾ ഇവർ കൊടുത്ത മറുപടി "നിങ്ങളുടെ റൊട്ടിയെക്കാളും വെണ്ണയെക്കാളും സ്വാതന്ത്ര്യത്തിന്റെ പുല്ലു തിന്നുകയാണു് നല്ലതു്" എന്നായിരുന്നു. ഇവർ ഒടുവിൽ പരാജയമടഞ്ഞു; അനേകംപേർ കഷ്ടപ്പെട്ടു മരിച്ചു. എങ്കിലും ഈ വീരഭടന്മാരുടെ ചൈതന്യം ഇന്നും സ്വതന്ത്രഭാരതത്തിന്റെ ജീവനാഡികളിൽ വേലിയേററങ്ങൾ ഉളവാക്കിക്കൊണ്ടിരിക്കുന്നു.

"വെളിച്ചത്തിന്റെമക്കൾ" ഇതിൽനിന്നു് പലതും പഠിക്കാനുണ്ടു്. ഒരു ക്രിസ്ത്യാനിയുടെ ജീവിതവും ഇതിലുപരിയായ സഹനത്തിന്റേതായിരിക്കണമെന്നു വി. ശ്ലീഹാ ഇന്നത്തെ ലേഖനത്തിൽ നമ്മെ ഉൽബോധിപ്പിക്കുന്നു. "വളരെ ക്ഷമയാലും, ഞെരുക്കങ്ങളാലും, മുട്ടുപാടുകളാലും, കാരാഗൃഹങ്ങളാലും, അടികളാലും, ബന്ധനങ്ങളാലും, കലഹങ്ങളാലും, അദ്ധ്വാനങ്ങളാലും, ഉറക്കമൊഴിവിനാലും, ഉപവാസത്താലും.......നീതിയുടെ ആയുധത്താലും ......ഞങ്ങൾ ദൈവത്തിന്റെ ശുശ്രൂഷകന്മാരാകുന്നുവെന്നു സ്വയം പ്രകടമാക്കട്ടെ." ക്രിസ്തുവിന്റെ യോദ്ധാക്കളായി ജീവിക്കേണ്ടവരാണല്ലോ നാമെല്ലാവരും. അങ്ങനെയെങ്കിൽ മേലുദ്ധരിച്ചവിധത്തിലുള്ള കഷ്ടതകൾ നാം സഹിച്ചേ കഴിയൂ. ലൗകികമായ നിലയിൽപ്പോലും പ്രശസ്തിയും ഔന്നത്യവും ആർക്കെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ, മഹാനെന്നു ലോകം ഒരുവനെ കൊണ്ടാടുന്നുണ്ടെങ്കിൽ, അവൻ തീർച്ചയായും ക്ലേശങ്ങൾ സഹിച്ചിട്ടുണ്ടായിരിക്കണം. സുഖലോലുപന്മാർക്കു ലോകത്തിൽ യാതൊരു സ്ഥാനവുമില്ല. ഭൂമിക്കു ഭാരമായും, ആത്മാരാമന്മാരായും, ഉദരംഭരികളായും കഴിച്ചുകൂട്ടുന്ന ഇക്കൂട്ടരെ സമുദായതരുവിലെ ഇത്തിക്കണ്ണികളായിമാത്രമെ ലോകം പരിഗണിക്കയുള്ളു. അങ്ങനെയെങ്കിൽ ആദ്ധ്യാത്മികമഹത്വം കൈവരുന്നതിനും, സ്വർഗ്ഗഭാഗ്യം ലഭിക്കുന്നതിനും എത്രയോ കൂടുതൽ ക്ലേശങ്ങൾ സഹിക്കേണ്ടിയിരിക്കുന്നു!

ക്രിസ്തുവിന്റെ യോദ്ധാക്കളുടെ ആയുധമാണു് സഹനവും ത്യാഗവും. യഥാർത്ഥത്തിൽ തിരുസ്സഭാചരിത്രം— ക്രിസ്തുവിന്റെ യഥാർത്ഥാനുയായികളുടെ ചരിത്രം— പരിശോധിക്കുമ്പോൾ അതു് ആയിരമായിരംസഹനങ്ങളുടേയും ത്യാഗങ്ങളുടേയും ഒരു നീണ്ട ചരിത്രംമാത്രമാണെന്നു സ്പഷ്ടമാകുന്നതാണു്. ക്രിസ്തുവിനുവേണ്ടി ശാരീരികപീഡകളും രക്തച്ചൊരിച്ചിലും മരണവുംകൈവരിച്ചവരുടെ സംഖ്യ ശ്ലീഹന്മാരുടെ കാലംമുതൽ ഇന്നത്തെ കർദ്ദിനാൾ മിൻസെൻറിവരെ, എത്രയോ ലക്ഷമാണു്! നാടും വീടും ഉപേക്ഷിച്ചു് വിദൂരസ്ഥരാജ്യങ്ങളിൽ പോയി നിരവധി യാതനകൾ സഹിച്ചുകൊണ്ടു് ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ചിട്ടുള്ള വീരാത്മാക്കളായ മിഷനറിമാരുടെ ചരിത്രം ആരെയാണു് പുളകം കൊള്ളിക്കാത്തതു്. ദാരിദ്ര്യവും കന്യാവ്രതവും അനുസരണവും സ്വയം വരിച്ചുകൊണ്ടു്, ശരീരത്തിലും ആത്മാവിലും നിരന്തരമായ രക്തസാക്ഷിത്വം അനുഭവിച്ചുകൊണ്ടു്, ഉഗ്രമായ തപശ്ചര്യങ്ങൾ അനുഷ്ഠിക്കുന്ന ലക്ഷോപലക്ഷം സന്യാസിനീസന്യാസികളല്ലയൊ ഇന്നത്തെ ചീഞ്ഞഴിഞ്ഞ ലോകത്തെ പവിത്രീകരിച്ചു് സംരക്ഷിക്കുന്നതു്? രോഗികളേയും ആതുരന്മാരേയും ശുശ്രൂഷിച്ചു് സംരക്ഷിക്കുവാൻ സ്വജീവരക്തംമുഴുവൻ ഊററിക്കൊടുത്തുകൊണ്ടു് സ്നേഹത്തിന്റെ ബലിവസ്തുക്കളായി പരിലസിക്കുന്ന വീരാത്മാക്കൾ സഹസ്രക്കണക്കിനില്ലേ? കുടുംബജീവിതത്തിൽ എത്രയോ ധീരാത്മാക്കൾ ക്ലേശങ്ങളിലൂടെ നിശ്ശബ്ദമായ സേവനം അനുഷ്ഠിച്ചുകൊണ്ടു് അജ്ഞാതരായ ക്രിസ്തുഭടന്മാരായി ജീവിച്ചുമരിക്കുന്നു!

ക്രിസ്തുമതം ക്ലേശങ്ങളുടെ മതമാണു്. മററു മതസ്ഥാപകന്മാരെക്കാൾ എത്രയോ പതിന്മടങ്ങു ക്ലേശങ്ങൾ ക്രിസ്തുനാഥൻ സഹിച്ചു? തന്റെ ചുടുരക്തത്തിൽ തന്നെയല്ലയോ തന്റെ മതത്തിന്റെ ബീജാവാപം നടത്തിയതും? ക്ലേശങ്ങളുടെ വഴിയല്ലാതെ മററു മാർഗ്ഗങ്ങളുണ്ടെങ്കിൽ ദിവ്യരക്ഷകൻ തീർച്ചയായും നമുക്കു് കാണിച്ചുതരുമായിരുന്നു. തടിയാകുന്ന ക്രിസ്തു ക്ലേശങ്ങൾ സഹിക്കുന്നുവെങ്കിൽ കൊമ്പുകളായ നാം സുഖജീവിതം നയിക്കുകയോ? ശിരസ്സാകുന്ന ക്രിസ്തു യാതനകൾ അനുഭവിക്കുമ്പോൾ അവയവങ്ങളായ നാം സുഖഭോഗങ്ങൾ അന്വേഷിക്കുകയോ?

ഇന്നു നമുക്കു്, കേരളത്തിൽ, ക്രിസ്തുവിനെപ്രതിയും മതത്തിനുവേണ്ടിയും രക്തം ചിന്തുകയോ കാരാഗൃഹവാസമനുഭവിക്കയോ ചെയ്യേണ്ടതായ ഘട്ടം വന്നിട്ടില്ല; ഒരുപക്ഷെ ആസന്നഭാവിയിൽ വന്നെന്നും വരാം. എന്നിരുന്നാലും നാമോരോരുത്തരും സദാ ക്രിസ്തുവിന്റെ പടയാളികളായി വർത്തിക്കുകയും തദനുയോജ്യമായ ജീവിതം നയിക്കുകയും വേണം. പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണെന്നു് ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടുണ്ടു്. ഈ അടിമത്തച്ചങ്ങലയെ ആദ്യമായിത്തന്നെ നാം വലിച്ചു പൊട്ടിച്ചെറിയണം. എത്ര ക്ലേശിക്കേണ്ടിവന്നാലും — കണ്ണുകൾ ചൂഴ്ന്നുകളകയൊ കരങ്ങൾ കണ്ടിച്ചുകളകയൊ ചെയ്യേണ്ടിവന്നാലും—ഈ വിജയം നാം നേടണം. അതാണു് വമ്പിച്ച വിജയം. ഐ. എൻ. എ. യിലെ പടയാളികൾ പുല്ലുതിന്നു ജീവിക്കുവാൻ തയ്യാറായെങ്കിൽ ക്രിസ്തുവിന്റെ പടയാളിക്കു നോമ്പും ഉപവാസവും കുറച്ചെങ്കിലും അനുഷ്ഠിക്കുവാൻ സാധിക്കയില്ലേ? അനുദിനം ദിവ്യപൂജയിൽ സംബന്ധിക്കുന്നതിനും, ഇടയ്ക്കിടെ ദിവ്യഭോജനത്തിനണയുവാനും, വിയാസാക്ര തിരുമണിക്കൂർ മുതലായ ഭക്തകൃത്യങ്ങൾ അനുഷ്ഠിക്കുവാനും കുറെയെല്ലാം ക്ലേശങ്ങൾ സഹിക്കുവാനും നാം ഒരുങ്ങേണ്ടയോ? ക്രിസ്തുവിനുവേണ്ടിയും, ക്രിസ്തുവിന്റെ പാവങ്ങൾക്കുവേണ്ടിയും നമ്മുടെ പണപ്പെട്ടികൾ തുറക്കട്ടെ. ജീവിതത്തിന്റെ സുപ്രഭാതത്തിൽ സുഖഭോഗങ്ങളുടെ മണിമന്ദിരത്തിലിരുന്നു് പൊൻകിനാവുകൾ കണ്ടു രസിക്കുന്ന യുവാക്കന്മാർ സർവ്വവും പരിത്യജിച്ചുകൊണ്ടു് ക്രിസ്തുവിനെ പിഞ്ചെല്ലുവാൻ തയ്യാറാകട്ടെ. അന്ധകാരത്തിന്റെ ശക്തികൾ—കമ്മ്യൂണിസത്തിന്റെ ഏജൻറുമാർ—സ്വകാര്യസിദ്ധിക്കായി സഹിക്കുന്ന ക്ലേശങ്ങൾ കണ്ടിട്ടെങ്കിലും വെളിച്ചത്തിന്റെ സന്തതികൾ സുഖസുഷുപ്തിയിൽനിന്നും ഉണരുകയില്ലേ?

ഇപ്രകാരം നാം ക്രിസ്തുവിനുവേണ്ടി ത്യാഗസുന്ദരവും സഹനപൂരഭിലവുമായ ഒരു ജീവിതം നയിക്കുമ്പോൾ, വി. ശ്ലീഹാ ഇന്നത്തെ ലേഖനാന്ത്യത്തിൽ പറയുന്നതുപോലെ, അജ്ഞാതരെങ്കിലും നമുക്കു കീർത്തി ലഭിക്കും; പീഡകളാൽ മരണവക്ത്രത്തിൽ എത്തിയാലും നമുക്കു ജീവൻ ലഭിക്കും; ദുഃഖിതരായാലും നാം ആനന്ദത്തിൽ ആറാടും; ദാരിദ്ര്യത്തിലും നാം അനേകർക്കു് സത്യത്തിന്റെ നീർച്ചാലുകളായിരിക്കും; അഗതിത്വത്തിന്റെ അടിത്തട്ടിലും നാം സമൃദ്ധിയുടെ ഉന്നതസൗധത്തിലായിരിക്കയും ചെയ്യും. (ജെ. ചെമ്മണ്ണൂർ)

ബാലരംഗം

# ബോസ്കോഅച്ചനു ഒപ്രുശ്മാ

പ്രിയ കുഞ്ഞുങ്ങളേ,

കാറും കോളും എല്ലാം ഒരുവിധത്തിൽ അവസാനിച്ചു. ഓറട്ടറിയുടെ അടിസ്ഥാനവും ഉറപ്പിച്ചു. ഇങ്ങനെ അച്ചനും കുട്ടികളും പറഞ്ഞൊപ്പിന്റെ നാട്ടിലെത്തി സമാശ്വസിച്ചുവരികയാണു്. ഭൂലോകത്തിലുണ്ടോ പൂർണ്ണമായ സമാശ്വാസത്തിനുള്ള അവസരമുണ്ടാകാൻപോകുന്നു! ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ഇതാ അവിചാരിതമായ ഒരു കൊടുങ്കാറ്റു്! ഓറട്ടറിയിലെ ജോലികളും കഴിഞ്ഞു ഒരു ഞായറാഴ്ച വൈകിട്ടു ബറോളോ പ്രഭ്വിയുടെ ആതുരശാലയിലുള്ള സ്വവസതിയിൽ ബോസ്കോ അച്ചൻ മടങ്ങിഎത്തിയപ്പോൾ അദ്ദേഹം അവശനായി മൂർഛിച്ചു വീണുപോയി. രാപകലില്ലാതെയുള്ള അദ്ധ്വാനത്തിന്റെ ഫലമായി, അദ്ദേഹം ഒന്നിനൊന്നു ക്ഷീണിച്ചു വരുന്നതു കണ്ടു് അല്പമൊന്നു വിശ്രമിപ്പാൻ പലരും ഉപദേശിച്ചിരുന്നതാണു്. അതിനുള്ള ചെലവുകൾ സമസ്തവും വഹിച്ചുകൊള്ളാമെന്നുപോലും ബറോളോ പ്രഭ്വി ഏററിരുന്നു. അദ്ദേഹം ഒന്നിനും വഴിപ്പെട്ടില്ല. ഓറട്ടറിയിലേയും ആതുരശാലയിലേയും അത്യദ്ധ്വാനങ്ങൾക്കു പുറമേ, അടുത്ത പള്ളികളിലെല്ലാം ധ്യാനത്തിനും, പ്രസംഗത്തിനും, കുമ്പസാരത്തിനും ഇടവിടാതെയെന്നോണം പോയിക്കൊണ്ടിരുന്നു. ആരു ക്ഷണിച്ചാലും അദ്ദേഹം ഉപേക്ഷിക്കയില്ല. ബോസ്കോ അച്ചനെത്തന്നെ എല്ലാവർക്കും വേണംതാനും. അതിനിടയ്ക്കു കുട്ടികൾക്കു സ്ഥലം കിട്ടാതെ അലഞ്ഞു നടന്നുണ്ടായ ദുർവ്വഹമായ മനഃക്ലേശങ്ങൾ അതങ്ങനെ. എല്ലാംകൂടെ ആയപ്പോൾ ദുർബലമായ ആ ഗാത്രം വീഴുകയല്ലാതെ ഗത്യന്തരമില്ലെന്നായി. കഠിന ന്യൂമോണിയാ പിടിപെട്ടു ഇതാ അദ്ദേഹം കിടപ്പിലായിരിക്കുന്നു.

രോഗം ഒന്നിനൊന്നു് വർദ്ധിച്ചു. മരണകരമെന്നുതന്നെ ഡോക്ടറന്മാർ വിധിയെഴുതി. മർഗ്ഗരീത്താമ്മയും, സ്വസഹോദരൻ ജോസഫും അന്ത്യനിമിഷം പ്രതീക്ഷിച്ചുകൊണ്ടു സദാ രോഗശയ്യക്കരികെ കാത്തിരുന്നു. ഓററ്റി കുട്ടികൾ ഇടമുറിയാതെ പ്രാർത്ഥനാസമരനിരതരായി തങ്ങളുടെ വാത്സല്യപിതാവിനെ വലയം ചെയ്തു. ഒൻപതു ദിവസങ്ങൾ കഴിഞ്ഞപ്പോഴേക്കും രോഗം മൂർദ്ധന്യത്തെ പ്രാപിച്ചു. ആശയെല്ലാം അസ്തമിച്ചു. ഫാദർ ബോറൽതന്നെ അദ്ദേഹത്തിനു ഒടുവിലത്തെ ഒപ്രുശുമാ മുതലായ അന്ത്യപരികർമ്മങ്ങളെല്ലാം നടത്തി. രോഗി അന്നത്തെ രാത്രി കഴിഞ്ഞു പോകയില്ലെന്നു ഡോക്ടർ അഭിപ്രായപ്പെടുകയും ചെയ്തു. എങ്കിലും കുട്ടികൾ കണ്ണുനീരോടുകൂടിയുള്ള പ്രാർത്ഥനകൾ തുടർന്നു.

ഫാദർ ബോറൽ രാത്രിയിൽ രോഗിയെ സമീപിച്ചു പറഞ്ഞു: "അച്ചാ! "നിന്റെ സുഖക്കേടിൽ കർത്താവിനോടു പ്രാർത്ഥിക്കുക. അവിടുന്നു നിന്നെ സുഖപ്പെടുത്തും" എന്ന വേദവാക്യം ഓർക്കുന്നില്ലേ? ഈ കുട്ടികളെ ഓർത്തെങ്കിലും രോഗത്തിൽനിന്നു രക്ഷപെടുന്നതിനു അച്ചൻ ദൈവത്തോടു ഒന്നു പ്രാർത്ഥിക്കുക. അച്ചന്റെ അപേക്ഷ അവിടുന്നു ഉപേക്ഷിക്കയില്ലെന്നു എനിക്കുറപ്പുണ്ടു്."

"പ്രിയ അച്ചാ, ദൈവതിരുമനസ്സു പോലെയാകട്ടെ" എന്നുമാത്രം ബോസ്കോ അച്ചൻ നേരിയ സ്വരത്തിൽ പ്രതിവചിച്ചു.

"അച്ചൻ എന്നോടുകൂടി ഈ പ്രാർത്ഥന ആവർത്തിക്കുക. "കർത്താവേ, അങ്ങു തിരുവുള്ളമാകുന്നപക്ഷം എന്നെ സുഖപ്പെടുത്തുക."

ബോസ്കോ അച്ചൻ അപ്രകാരം ചെയ്തു. ഫാദർ ബോറൽ സംതൃപ്തനായി. "ഇതു മാത്രമായിരുന്നു ഞങ്ങൾക്കു ആവശ്യമുണ്ടായിരുന്നതു്. ഇനി അങ്ങു സുഖം പ്രാപിക്കും."

അതേ, അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു. അന്നു രാത്രിമുതൽ ദീനം ഇറക്കമിട്ടു. രണ്ടാഴ്ചയ്ക്കകം ഫാദർ ബോസ്കോ എഴുന്നേററു നടന്നുതുടങ്ങിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. കല്ലറയിൽ അടക്കികഴിഞ്ഞ ലാസറിനെ എഴുന്നേല്പിച്ചുവിട്ട കർത്താവിനുണ്ടോ ഒപ്രുശുമ കൈക്കൊണ്ട ബോസ്കോയെ സുഖപ്പെടുത്തിവിടാൻ പ്രയാസമുള്ളു. അനന്തരം ഫാദർ ബോസ്കോ ഓറട്ടറിയിലെത്തിയപ്പോഴത്തെ ആ സാധു കുട്ടികളുടെ ആഹ്ലാദപ്രകടനങ്ങൾ ഒന്നു കാണേണ്ടതായിരുന്നു. കസേരയിൽ അദ്ദേഹത്തെ എടുത്തുപൊക്കി എല്ലാവരുംകൂടി ചീയേഴ്സ് വിളി മുഴക്കുകയാണു ചെയ്തതു്. ലാസർ ഉയിർത്തപ്പോൾ ബഥനിയിലെ മർത്തായുടെയും മറിയത്തിന്റെയും വികാരതള്ളലുകൾ ഊഹിച്ചുകൊള്ളുക.

പ്രിയ കുഞ്ഞുങ്ങളേ, മനുഷ്യജീവിതം എത്ര ക്ഷണഭംഗുരം! ഞാൻ ബോർഡിങ്ങു റെക്ടറായിരിക്കയിൽ ഒരിക്കൽ ഒരു സംഭവമുണ്ടായി. തലേദിവസം വൈകുന്നേരം പ്ലേഗ്രൗണ്ടിൽ ഓടികളിച്ചു നടന്നിരുന്ന ഒരു ബോർഡിങ്ങു കുട്ടിയുടെ മൃതശരീരം പള്ളിയിൽവച്ചിരിക്കുന്നതായിട്ടാണു് പിറേറ ദിവസം രാവിലെ ഡേസ്കോളേഴ്സ് വന്നപ്പോൾ കണ്ടതു്. പത്തു മുഴുവൻധ്യാനം കഴിക്കുന്നതിൽ കൂടുതൽ ഫലം ആ സംഭവത്താൽ അന്നു കുട്ടികൾക്കുണ്ടായി. ഫാദർ ബോസ്കോയുടെ ഈ ആസന്നമരണത്താൽ തത്തുല്യമായ ഒരു ഫലം പിന്നാർഡി ഭവനത്തിലെ കുട്ടികൾക്കും ഉണ്ടാകാനിടയായി. അനന്തബോധജ്ഞാനമായ കർത്താവിന്റെ പ്രവർത്തനരീതികളെ വാഴ്ത്തുക!

മാർച്ചുമാസം ജന്മദിനസമ്മാനങ്ങൾ

ഈ മാസത്തിൽ 44 ആൺകുട്ടികളുടെയും 49 പെൺകുട്ടികളുടെയും ജന്മദിനങ്ങളാണുള്ളതു്. എല്ലാവർക്കും വല്യച്ചന്റെയും മററംഗങ്ങളുടെയും അനുമോദനങ്ങളും പ്രാർത്ഥനാബുക്കേയും! സമ്മാനാർഹരുടെ പേരുകൾ താഴെ ചേർക്കുന്നു.

1. കെ. എം. ജോസഫ്, ചേന്നംപള്ളിപ്പുറം. (നമ്പർ 344)
2. പി. ററി. ഫിലിപ്പ്, കപ്പാടു. (നമ്പർ 274)
3. ഏലിയാ ജോസഫ്, തുമ്പൂർ. (നമ്പർ 181)
4. ടി. പി. എൽസി, ആലുവാ. (നമ്പർ 305)

ലേഖനപ്രദർശനം

താഴെപ്പറയുന്നവർ, മുൻനിശ്ചയമനുസരിച്ചു് മാസാവസാനത്തിനു മുമ്പായി ബാലരംഗത്തേക്കുള്ള ലേഖനങ്ങൾ അയച്ചാൽ പ്രസിദ്ധപ്പെടുത്തുന്നതാണു്.

1. സ്കറിയാ മാത്യു, ഉരുത്തിയിൽ, ചെമ്മലമററം (നമ്പർ 168) വിഷയം: ഞങ്ങളുടെ കുടുംബപ്രാർത്ഥന.

2. പി. ഐ. ജോർജ്ജ്, മരങ്ങാട്ടുപള്ളി. (നമ്പർ 354). ഞങ്ങളുടെ കുടുംബഗ്രന്ഥശേഖരം.

3. കെ. ഇ. ഏലിയാമ്മ, രാമമംഗലം. (നമ്പർ 456) ഞങ്ങളുടെ പ്രാർത്ഥനാസ്ഥലം.

4. വി. എ. മേറി, രാമപുരം (നമ്പർ 110) ഞങ്ങളുടെ കുടുംബപ്രതിഷ്ഠ.

നോമ്പുകാലാഭ്യാസങ്ങൾ മാക്കരുതേ.

എന്നു സ്വന്തം വല്യച്ചൻ.

## For Favours received



P. J. Poulose

കുടുംബപംക്തി

# ദൈവത്തിനു ഒന്നാംസ്ഥാനം—

(കുടുംബബന്ധു)

ദൈവത്തിനു ഒന്നാംസ്ഥാനം കൊടുക്കാത്ത കുടുംബത്തെ നമുക്കു് അപഗ്രഥിച്ചുനോക്കാം. മാതാപിതാക്കളെ കീഴ്‌വഴങ്ങുകയാണു് ദൈവസ്നേഹത്തിന്റെ ഒന്നാമത്തെ ഫലം സന്താനങ്ങളിൽ ഉളവാക്കുന്നതു്. ദൈവത്തെ സ്നേഹിക്കുക, മാതാപിതാക്കളെ അവഗണിക്കുക,ഇവ ഒന്നിക്കുന്ന ഘടകങ്ങളല്ല. ദൈവത്തെ പൂജിക്കുന്ന മാതാപിതാക്കൾ പരസ്പരം സ്നേഹിക്കും. അവരുടെ സംരക്ഷണയിൽഏല്പിക്കപ്പെട്ടിരിക്കുന്ന സന്താനങ്ങളുടെ ഭൗമികവും പാരത്രികവുമായ നന്മയെപ്രതി പ്രയത്നിക്കുവാൻ ദൈവസ്നേഹം അവരെ അനുശാസിക്കുന്നു. കുടുംബാംഗങ്ങളെല്ലാം ദൈവമഹിമയെ പ്രധാനമായി ലക്ഷ്യമാക്കിയാൽ അതിന്റെ പ്രകൃത്യായുള്ള ഫലങ്ങളെന്നോണം കുടുംബത്തിൽ സമാധാനവും ഐശ്വര്യവും താനേ ഉണ്ടായിക്കൊള്ളും. മാതാപിതാക്കളിലും സന്താനങ്ങളിലും ഈ വിധത്തിൽ ക്രിസ്തുവിന്റെ അരൂപി നിലനിന്നാൽ കുടുംബജീവിതത്തിലുള്ള ആസ്വാദ്യത പലമടങ്ങു വർദ്ധിക്കാതിരിക്കയില്ല.

തെററിദ്ധാരണകൾ, അഭിപ്രായവ്യത്യാസങ്ങൾ, വ്യഗ്രതകൾ ഇവയെല്ലാം പ്രതിദിനജീവിതത്തിൽനിന്നു പരിപൂർണ്ണമായി ഒഴിച്ചുവയ്ക്കാവതല്ല. മനുഷ്യരല്ലേ. "ഭിന്നരുചിർഹിലോകഃ" എന്നാണല്ലോ ആപ്തവചനം. ദൈവം സർവ്വസ്വമാകുന്ന ഒരു ഗൃഹത്തിൽ ഈ ഭിന്നതകൾ മഹിമയ്ക്കും വിജയത്തിനും വഴി തെളിക്കും. ദുരിതങ്ങളും സങ്കടങ്ങളും ഒഴിയാതെ മദ്ദിച്ചിട്ടുള്ള ചില ഭവനങ്ങളാണു് എന്റെ പരിചയത്തിൽ ഏററവും അവിച്ഛിന്നമായ സമാധാനം അനുഭവിച്ചിട്ടുള്ളതു്. ദൈവം തന്റെ പ്രിയ ജനങ്ങൾക്കു പ്രത്യേകാൽ നൽകുന്ന പ്രസാദവരം ഈ പരീക്ഷണസന്ധിയിൽ അനുസ്യൂതമായി അവരിൽ വർഷിക്കുന്നതാണു് ഈ വിജയത്തിന്റെ രഹസ്യം. ദൈവം നൽകുന്ന അനുഗ്രഹങ്ങളോടു സഹകരിച്ചു പ്രവർത്തിച്ചതുമൂലം ഈ വിപത്തുകൾതന്നെ ആയിരമിരട്ടി പുണ്യത്തിനു നിദാനമായിത്തീർന്നു. നിങ്ങളുടെ ഭവനത്തിലും സമാധാനവും സന്തോഷവും കളിയാടിക്കാണുവാൻ ആഗ്രഹിക്കുന്നെങ്കിൽ, വിശ്വാസത്തിൽ നിങ്ങളുടെ സർവ്വ ആശകളും പവിത്രീകരിച്ചാലും. ഈ മാർഗ്ഗത്തിൽ കാലുറപ്പിച്ചിട്ടുള്ളവർ അധഃപതിച്ചതായുള്ള ചരിത്രം ചുരുക്കമാണു്.

ലോകം നമ്മുടെ നിത്യഗേഹമല്ല; നാം വെറും വഴിപോക്കർ; ആകസ്മികമായി പ്രപഞ്ചസത്രത്തിൽ വിശ്രമത്തിനണഞ്ഞവരാണു്; അവിചാരിതമായി കൂട്ടിമുട്ടിയ ഒരുകൂട്ടം പഥികർ. നമ്മുടെ സ്വദേശം സ്വർഗ്ഗമാണു്. യാത്രാമദ്ധ്യത്തിൽ കണ്ടുമുട്ടിയവരുമായി കളിക്കൂട്ടിനൊത്തു് ഇറങ്ങിപ്പുറപ്പെട്ടു് ഉദ്ദേശ്യം വിസ്മരിക്കുന്നവർ തീർത്തും ഭോഷന്മാരല്ലേ? നാം വെറും കുടിപ്പള്ളിക്കൂടം കുട്ടികളോ? നമ്മുടെ കുടുംബജീവിതത്തിൽ നിരവധി പീഡാകാരണങ്ങൾ കണ്ടെത്തിയേക്കാം. നമ്മുടെ നിത്യഭവനത്തെ അനുസ്മരിക്കുവാനായി നിയതി മനഃപൂർവ്വം ചെയ്യുന്ന ചില പൊടിക്കൈകളാണതു്. യഥാർത്ഥത്തിൽ ഭക്തജീവിതം തുടരുന്ന അംഗങ്ങളുള്ള ഭവനത്തിൽപ്പോലും സാക്ഷാത്തായ സമാധാനം കണ്ടെത്താതെ നാം കുഴങ്ങിയേക്കാം. പക്ഷേ, പരീക്ഷണമദ്ധ്യത്തിൽ നീതിമാന്മാരെ പുടം ചെയ്യുക ദൈവത്തിന്റെ ലീലാവിലാസത്തിൽ അസാധാരണമല്ല. ദൈവത്തിന്റെ സത്യസഭയിൽപ്പോലും വിശുദ്ധാത്മാക്കൾ പരീക്ഷിക്കപ്പെട്ടിട്ടുള്ള ചരിത്രം കാണുന്നുണ്ടല്ലോ. ഓരോരുത്തർക്കും സ്വതസ്സിദ്ധമായ ചില പ്രത്യേക സ്വഭാവങ്ങളുണ്ടു്. ഏതുതരം സ്വഭാവത്തോടും ഒട്ടിജീവിക്കാനുള്ള പ്രത്യേകത എല്ലാവർക്കും വശമാണെന്നു വരികയില്ല. കുടുംബസമാധാനത്തെ ഭഞ്ജിക്കുവാൻ ഇതുപോലെ നിസ്സാരങ്ങളായ പല ഹേതുക്കളുമുണ്ടു്. ജീവിതം തുടർച്ചയായ ഒരു യുദ്ധമാണെന്നു നാം ഇതിൽനിന്നു ഗ്രഹിക്കേണ്ടതാണു്.

എന്നുതന്നെയല്ല, ആകസ്മികമായി കളിപ്പോരിൽ ശത്രു നമ്മെ അടിപ്പെടുത്താതിരിക്കാനായി നാം ജാഗരൂകരായിരിക്കേണ്ടതാണെന്നും ഈ സത്യം നമ്മെ അനുസ്മരിപ്പിക്കുന്നു. വിശ്വാസത്തിന്റെ വെളിച്ചത്തിൽ കണ്ണുകണ്ടു കഴിയുന്ന നാംപോലും ഈ വിധമായ അടിയൊഴുക്കുകളിൽപ്പെട്ടു കാൽകുഴഞ്ഞു കയത്തിൽപ്പെടുന്നെങ്കിൽ, അജ്ഞാനാന്ധകാരത്തിൽ തപ്പിത്തടയുന്നവരുടെ ഗതി എന്മാത്രം വിലപനീയമല്ല?

## നിങ്ങൾക്കറിയാമോ?

സന്ദർഭം കുറിക്കുക:—

1 "പരിശുദ്ധാത്മാവിന്റെ ദാനം ലഭിക്കേണ്ടതിനായി നിങ്ങൾ പശ്ചാത്തപിക്കുകയും, പാപങ്ങളുടെ ശാന്തിക്കായി നിങ്ങളിൽ ഓരോരുത്തരും കർത്താവായ ഈശോയുടെ നാമത്തിൽ സ്നാനപ്പെടുകയും ചെയ്യുവിൻ."

2 "പൊന്നും വെള്ളിയും എനിക്കില്ല; എന്നാൽ എനിക്കുള്ളതു് നിനക്കു ഞാൻ തരുന്നു: നസ്രായനായ ഈശോമിശിഹായുടെ നാമത്തിൽ നീ എഴുന്നേററു നടക്കുക."

3 "ഈ മനുഷ്യരോടു നാം എന്തു ചെയ്യേണ്ടു! എന്തുകൊണ്ടെന്നാൽ, ഇതാ! അവരുടെ കൈകളാൽ നടന്ന തെളിവായ അത്ഭുതം ഓറശ്ലേത്തു പാർക്കുന്നവർക്കെല്ലാം അറിയപ്പെട്ടിരിക്കുന്നു. (അതു) നിഷേധിക്കുവാൻ നമുക്കു സാധിക്കുകയുമില്ല."

4 "ഞങ്ങൾ ദൈവത്തെക്കാൾ അധികമായി നിങ്ങളെ അനുസരിക്കുന്നതു ദൈവത്തിന്റെ മുമ്പാകെ ന്യായമോ എന്നു നിങ്ങൾ വിധിപ്പിൻ."

(ഉത്തരങ്ങൾ 8-ാംപേജിൽ)

## എന്റെ ജന്മദിനാഘോഷം

(റോസാമ്മ ചാക്കോ മാറാട്ടുകുളം)

പറയത്തക്ക യാതൊരു ആഘോഷങ്ങളോ, ആഡംബരങ്ങളോ ഇല്ലായിരുന്ന എന്റെ ജന്മദിനാഘോഷത്തെപ്പററി എന്തുപറയുവാനാണു്! എങ്കിലും ബഹുമാനപ്പെട്ട വല്യച്ചന്റെ ആഗ്രഹപ്രകാരം സന്തോഷപ്രദമായ ആ ദിവസത്തെപ്പററിയുള്ള ഒരു ചുരുങ്ങിയ വിവരണം എന്റെ എളിയ വാക്കുകൾകൊണ്ടു് നല്കുന്നതിനായി ഞാൻ ശ്രമിക്കുന്നു.

ജന്മദിനം! അതാണെന്റെ ജീവിതത്തിലെ സന്തോഷപ്രദമായ ഒരു സുദിനം. അന്നത്തെ സുന്ദരപ്രഭാതത്തിൽ ഞാൻ ജന്മദിനമെന്ന മംഗളസ്വപ്നത്തോടുകൂടി ഉണർന്നു. ഞാൻ വെളിയിലേക്കിറങ്ങി. മുററത്തുനിന്നിരുന്ന റോസച്ചെടിയിലെ പുഷ്പങ്ങൾ മന്ദമായിച്ചലിച്ചുകൊണ്ടു് എനിക്കു മംഗളമോതി. സുഗന്ധവാഹിയായ മന്ദമാരുതൻ മെല്ലെ വീശിക്കൊണ്ടു് എന്നെ തലോടി. കുയിലുകൾ കളകളശബ്ദത്താൽ എന്റെ കർണ്ണത്തിനു പീയൂഷധാര ചൊരിഞ്ഞു.

ഞാൻ പള്ളിയിലേക്കു പോയി. എന്റെ കഴിഞ്ഞ ജീവിതകാലം എപ്രകാരം സന്തോഷപ്രദമായി നടത്തിയോ, അതുപോലെ ഭാവിജീവിതവും നടത്തേണമെന്നു് ആ കരുണാവാരിധിയോടു ഞാൻ പ്രാർത്ഥിച്ചു. വീട്ടിൽവന്നപ്പോൾ എന്റെ സഹോദരി എനിക്കു കുറെ മിഠായി സമ്മാനിച്ചു. ഞാൻ അതെല്ലാവർക്കും വിതരണംചെയ്തു. കൊച്ചുകുട്ടികളോടു് എന്റെ പിറന്നാൾ ആണെന്നു പറഞ്ഞപ്പോൾ അവരും എന്നോടുകൂടി സന്തോഷിച്ചു. എന്റെ കൂട്ടുകാർ എനിക്കു ചെറിയ പടങ്ങൾ സമ്മാനിച്ചു. ഞാൻ അവരോടെല്ലാവരോടും കൃതജ്ഞത പ്രകാശിപ്പിച്ചു. ഇപ്രകാരം സന്തോഷപ്രദമായ ആ സുദിനം സംഭവബഹുലമല്ലാതെ കടന്നുപോയി.

ഐവദാനങ്ങൾ ധാരാളമായി സ്വീകരിച്ചാലും സങ്കടങ്ങളും ക്ലേശങ്ങളും ഒന്നടങ്കം ഒഴിച്ചുവയ്ക്കുവാൻ സാദ്ധ്യമല്ല. മതത്തിന്റെ താങ്ങില്ലെങ്കിൽ ആധുനികലോകത്തിലെ കൗടില്യങ്ങളിൽപ്പെട്ട കുടുംബജീവിതത്തിന്റെ പ്രശാന്തത മങ്ങിപ്പോകാതിരിപ്പാൻ നിവൃത്തിയില്ല.

ചുറ്റുപാടും നാം കണ്ണോടിച്ചുനോക്കണം. അപ്പോൾ ഞാൻ മുകളിൽ കുറിച്ചതിന്റെ സത്യവത്വം അനുഭവവേദ്യമാകാതിരിക്കയില്ല. കുടുംബം പലർക്കും ഒരു തണ്ണീർപ്പന്തലായിമാത്രം തീന്നിരിക്കുന്നു. ലോകത്തിലെ മായാമോഹങ്ങളിൽ മുഴുകി ആയുസ്സും തേജസ്സും ഓജസ്സും നഷ്ടപ്പെട്ടതീയ എത്രയോ യുവാക്കളെ നാം കാണുന്നു! നാഗർകോവിലിലുള്ള ക്ഷയരോഗാശുപത്രിയിൽ ഞാൻ ഒരിക്കൽ ചെല്ലുവാനിടയായി. വാച്യങ്ങൾപോലും രചിക്കാവുന്ന കഥാശില്പങ്ങളാണ് ഓരോ കിടക്കയിലും ഞാൻ കണ്ടെത്തിയതു്. അവരുടെ അവശസ്ഥിതിയിൽ മൂകഭാഷയിൽ അവർ ലോകത്തോടു നെടുനെടുങ്കൻ പ്രസംഗങ്ങളാണു ചെയ്യുന്നതു്. കാരണം? ശുദ്ധജലം ഒലിക്കുന്ന പനീയുറവകളെ വിട്ടു് അവർ മലിനമായ ചോലകളിൽ ആശ്വാസംതേടി ഇതു് ഇന്നു യുവലോകത്തിന്റെ ഒരു പ്രത്യേകതയായിത്തീന്നിരിക്കുന്നു. ജീവിതത്തിന്റെ കടുത്തതും പരുപരുത്തതുമായ പരിസരങ്ങളിൽ ഉരസി സംഭവിച്ചതായ കേടുപാടുകളെ മാറുവാനായിമാത്രമേ പലരും ഇന്നു കുടുംബത്തിലേക്കു് എത്തിനോക്കുന്നുള്ളു. രോഗാ സാമാന്യംസുഖപ്പെട്ടാൽ വീണ്ടും ഇറങ്ങി തിരിക്കയായി.

ഇതിനുപകരിക്കുന്ന ആശയങ്ങൾകൊണ്ടു് എല്ലാവർക്കും ഫലസിദ്ധിയുണ്ടാകുമെന്നു് എനിക്കാശയില്ല. കാരണം, പലരും കുടുംബത്തിൽ നിന്നു പലകാതം അകന്നുപോയവരായിരിക്കാം. ഇനിയുള്ള പ്രത്യാഗമനം എളുപ്പമല്ല. ഒരു കുടുംബം സാർത്ഥകമാകുവാൻ അടിത്തറതൊട്ടു സുശക്തമായിരിക്കണം. നല്ല ഉ

## സൗജന്യ വിതരണ ഫണ്ടു് ?

രുപ്പടികൾകൊണ്ടു പണിതുയർത്തണം. വളരെക്കാലം അലസമായികഴിഞ്ഞതിനുശേഷം അവസാനം കുടുംബം സ്ഥാപിച്ചുകളയാമെന്നു കരുതുന്നതു വെറും വ്യാമോഹംമാത്രമാണു്. വല്ല വിടവോ വിള്ളലോ മാത്രമെങ്കിൽ നികത്തുവാൻ കഴിയുമായിരുന്നു. രണ്ടാമതും അടിത്തറതൊട്ടു തുടങ്ങാതെ ഈ സന്ധിയിൽ ഗത്യന്തരമില്ല.

ജീവിതത്തിലേക്കു കാൽകുത്തുവാൻ തുടങ്ങുന്ന യുവതിയേയും യുവാവിനേയും, മാതാപിതാക്കന്മാരേയും പിതാവിനേയും ഞാൻ ഒരു സംഗതി അനുസ്മരിപ്പിച്ചുകൊള്ളട്ടെ. നിങ്ങൾ അടിസ്ഥാനം രചിക്കുന്നതനുസരിച്ചായിരിക്കും കുടുംബസൗധം ഉയരുന്നതു്. കുടുംബ, ഘടകങ്ങൾ ആകസ്മികമായി സന്ധിച്ചുണ്ടാകുന്നതല്ല. ജാഗ്രതയോടുകൂടിയുള്ള ചിരകാലപരിശ്രമംകൊണ്ടേ ഒരു കുടുംബം രൂപപ്പെടുകയുള്ളു. അളവു പിശകിയ ഒരു അസ്ഥിവാരത്തിൽ സുരക്ഷിതമായി പണിതുയർത്താവതല്ല. ആരംഭംതൊട്ടു നന്നാക്കുവാൻ ശ്രമിക്കുക. ആരംഭത്തിലേ കുടുംബം കുടുംബമായിരിക്കട്ടെ.

മനുഷ്യന്റെ സഹകരണം കൊണ്ടുമാത്രമേ ഈ ശ്രമം ഫലിക്കയുള്ളു. കുടുംബവുമായി അടുത്ത ബന്ധമുള്ള ഏതാനും പ്രായോഗികകാര്യങ്ങളെ ഇതിനുപരി ചർച്ച ചെയ്യാമെന്നു കരുതുന്നു. കുടുംബത്തിന്റെ വിജയം അംഗങ്ങളെ ആശ്രയിച്ചിരിക്കുന്നുവെന്ന സത്യം ഞാൻ ആവർത്തിച്ചു പറഞ്ഞുകൊള്ളട്ടെ

ഒരു യഥാർത്ഥഭവനത്തിലെ എല്ലാ ഘടകങ്ങളേയും അപഗ്രഥിച്ചു നോക്കാം. താത്വികവശത്തെക്കുറിച്ചു ദീർഘമായി പ്രതിപാദിക്കാതെ ഏററം പ്രായോഗികമായതിനെ മാത്രമേ ഞാൻ സ്പർശിക്കുന്നുള്ളു. ഈ അഭിപ്രായങ്ങളെ സസ്നേഹം സ്വീകരിച്ചു സ്വജീവിതത്തിൽ പ്രതിഫലിപ്പിക്കുവാൻ ശ്രമിക്കുന്നവർക്കു് നിശ്ചയമായും എന്നും കുടുംബം സന്തോഷത്തിന്റെയും സമാധാനത്തിന്റെയും പൊന്നൊളി വിതറുന്ന ഒരു ആശ്വാസകേന്ദ്രമായി ദൃശ്യമാകാതിരിക്കയില്ല.

ഗ്രാമോദ്ധാരണപംക്തി

# നമ്മുടെ നെൽകൃഷിയും ശാസ്ത്രീയവളങ്ങളും

(ചടയമംഗലം, എസ്. എ. പിള്ള)

നമ്മുടെ നാട്ടിൽ നെൽകൃഷി പലഭാഗത്തും പലവിധത്തിലാണു് നടത്തിക്കാണുന്നതു്. കാഞ്ഞിരപ്പള്ളി, കരുനാഗപ്പള്ളിമുതലായ സ്ഥലങ്ങളിൽ നെല്ലിനു ചാരം പ്രധാനവളമാക്കിയിരിക്കുന്നു. ദക്ഷിണതിരുവിതാംകൂറിൽ പച്ചിലവളവും ചാണകവും ചേർക്കുന്നു. ചുരുക്കമായി പുന്നയ്ക്കാപിണ്ണാക്കും ചേർക്കാറുണ്ടു്. ഇടനാട്ടിൽ ചാണകം, ചാരം, പച്ചിലവളം എന്നിവയ്ക്കുപുറമെ കൊഞ്ചുപൊടിയും മററുതരം മത്സ്യവളങ്ങളും ചേർക്കുന്നുണ്ടു്.

ശാസ്ത്രീയമായി നോക്കുന്നപക്ഷം നെല്ലിനു് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന വളം ഒട്ടും പര്യാപ്തമല്ലെന്നു കാണാം. ആവശ്യമായ വളമെ ഭേദഗതികൾ വരുത്താനുണ്ടു്. അതു് കണ്ടുപിടിച്ചു ദോഷങ്ങൾ പരിഹരിക്കാത്തപക്ഷം നെൽകൃഷിയിൽ സാരതരമായ നഷ്ടം സംഭവിക്കുന്നതുമാകുന്നു. ശാസ്ത്രീയ തത്വങ്ങൾക്കനുസൃതമായി വളം ചെയ്യുന്നതിനു വിളവിന്റെവളർച്ചയ്ക്കു ആവശ്യമായ പോഷകാംശങ്ങളെന്തെല്ലാമെന്നും അവയിൽ മണ്ണിലുള്ളവ എത്രത്തോളമാണെന്നും ആദ്യമായി ചിന്തിക്കണം. ഒരു ചെടിയുടെ വളർച്ചയ്ക്കു ആവശ്യമുള്ള സകല വീര്യാംശങ്ങളും മണ്ണിൽ മുമ്പു് ഉണ്ടായിരുന്നിരിക്കാം. തുടർച്ചയായ കൃഷികൊണ്ടു് കാലക്രമത്തിൽ അവ കുറഞ്ഞുപോകാമെന്നുള്ളതു തർക്കമററസംഗതിയത്രേ. ഈ കുറവുകൾ നികത്തപ്പെടുവാനും അപ്പോൾ ചെയ്യുന്ന കൃഷിക്കു ഉപയുക്തമായിത്തീരാനും ആവശ്യമുള്ള പോഷകാംശങ്ങൾ ലോഭംകൂടാതെ തേടിക്കൊടുക്കേണ്ടതാണു് കർഷകധർമ്മം. എന്തിന്റെയാണോ കുറവു സംഭവിച്ചിരിക്കുന്നതു്, ആ കുറവു് നികത്തത്തക്ക വളം ഉടൻ മണ്ണിനു് നൽകിയേ തീരൂ.

സാധാരണമണ്ണിൽനിന്നു് ചെടികൾക്കു കിട്ടുന്ന ആഹാരസാധനങ്ങളിൽ പ്രാമാണ്യമർഹിക്കുന്നവ, നൈട്രജൻ, പൊട്ടാഷ്, ഫാസ്ഫറിക്ക് ആസിഡ് എന്നിവയാകുന്നു. മണ്ണിന്റെ തരഭേദമനുസരിച്ചു് ഓരോസ്ഥാനത്തും ഇവ കൂടിയും കുറഞ്ഞും കാണും. ധാരാളം ജന്തുവളങ്ങൾ അടങ്ങിയിരിക്കുന്ന നല്ല കറുത്ത മണ്ണിൽ നൈട്രജൻ കൂടുതൽ ഉണ്ടായിരിക്കും. ചെളിപ്രദേശങ്ങളിൽ പൊട്ടാഷും കൂടുതൽ കണ്ടേക്കാം. ഒരു മണ്ണിൽ ഈ മൂന്നു സാധനങ്ങളും തികച്ചുണ്ടായിരുന്നാലും അവിടെ തുടരെ നടത്തിക്കൊണ്ടിരിക്കുന്ന കൃഷിനിമിത്തം അവ ക്രമേണകുറഞ്ഞുപോകും. വിളവുപരിവൃത്തിനയം (Rotation of Crops) സ്വീകരിക്കുവാനിടയില്ലാത്ത നമ്മുടെ കർഷകർ വിരുപന്മാരുമത്രെ. പച്ചിലയും ചാരവും ചാണകവും മാത്രമേയുള്ളു വളങ്ങളെന്നു ധരിച്ചിരിക്കുന്ന കർഷകർ ഇന്നും ഇല്ലാതില്ല. മററു വളങ്ങൾ ചേർക്കുന്നതു് ദോഷകരമാണെന്നുകൂടി നിശ്ചയിച്ചിരിക്കുന്ന കർഷകരും ചുരുക്കമല്ല. നമ്മുടെ രാജ്യത്തു കൂടുതൽ സ്ഥലങ്ങളും കൃഷിക്കധീനമായിരിക്കുന്നു. അനേകം തലമുറകളായി അവിടെല്ലാം കൃഷി നടത്തിക്കൊണ്ടുമിരിക്കുന്നു. അതുകൊണ്ടായിരിക്കണം ചില സ്ഥലങ്ങളിലെ മണ്ണു് തീരെ വീര്യം കുറഞ്ഞു് ഫലശൂന്യമായികാണപ്പെടുന്നതു്. ഈ ദുഷ്യം തീരണമെങ്കിൽ ശാസ്ത്രീയമായി വളം ചേർക്കാതെ തരമില്ല. എന്നാൽ ചില പ്രദേശങ്ങളിൽ ചില്ലറയായി ചില വളങ്ങൾ കുറവുനികത്താനെന്ന ഭാവത്തിൽ ചേർക്കുന്നുണ്ടെങ്കിലും അവ ചെയ്യേണ്ട രീതിയിൽ ആയിരിക്കുന്നില്ലെന്നു കാണാം.

സാമാന്യം വിളയുന്ന ഒരേക്കർ നെൽകൃഷിസ്ഥലത്തുനിന്നും ഏകദേശം 40 റാത്തൽ നൈട്രജനും 25 റാത്തൽ പൊട്ടാഷും അത്രയുംതന്നെ ഫാസ്ഫറിക്കാസിഡും കുറയുന്നതാണു്. സാമാന്യം ഗുണപ്രദമായ മണ്ണെന്നു വിചാരിക്കുന്ന സ്ഥാനത്തും ഇപ്രകാരം വരുന്ന കുറവു് നികത്താതെ നിവൃത്തിയില്ല. ഇത്രയും കുറവു് നികത്തണമെങ്കിൽ, കന്നുകാലിവളം മാത്രമാണുപയോഗിക്കുന്നതെങ്കിൽ, ചുരുങ്ങിയതു് 25 വണ്ടിയോളം വേണ്ടിവരും. അത്രയും വണ്ടിവളത്തിൽ 75 റാത്തൽ നൈട്രജനും 50 റാത്തൽ പൊട്ടാഷും 28 റാത്തൽ ഫാസ്ഫറിക്ക് ആസിഡും ഉണ്ടായിരിക്കും.

പൊട്ടാഷും നൈട്രജനും ആവശ്യത്തിൽ കവിയുന്നുണ്ടു്. അതു വെറുതെ നഷ്ടമായിപ്പോകുകയും ചെയ്യും. എന്നാൽ കന്നുകാലിവളം അല്പം കുറയ്ക്കാമെന്നു വിചാരിച്ചാൽ ഫാസ്ഫറിക്കാസിഡ് പൂർത്തിയാകയുമില്ല. അതുകൊണ്ടു് വിളവു കുറയുന്നു. പക്ഷേ കന്നുകാലിവളം പ്രധാനമായി കരുതിയിരിക്കുന്നവരും ഒരേക്കർ നിലത്തിൽ 10 വണ്ടിതന്നെ ഇടുന്നുണ്ടോ എന്നു സംശയമാണു്.

ചാരംമാത്രം വളമാക്കിയാൽ പൊട്ടാഷ്, ഫാസ്ഫറിക്കാസിഡും ആവശ്യത്തിനുകിട്ടും. പക്ഷേ നൈട്രജൻ അല്പവും ഇല്ല. ഒരേക്കർസ്ഥലത്തു് 1500 റാത്തൽ ചാരം ഇട്ടാൽ 25 റാത്തൽ ഫാസ്ഫറിക്കാസിഡും, 30 റാത്തൽ പൊട്ടാഷും കിട്ടും. അതു് ധാരാളമായി. എന്നാൽ അത്യന്താപേക്ഷിതമായ നൈട്രജൻ് എവിടെ പോകും? അതുകൊണ്ടു് പാകൃജനകപ്രധാനങ്ങളായ വളങ്ങൾകൂടി കലത്തിയെങ്കിലേ ഫലമുള്ളു എന്നു ഗ്രഹിക്കണം.

ശാസ്ത്രസിദ്ധാന്തങ്ങളെ ആസ്പദമാക്കി ഓരോ ഇനം വളങ്ങളുടേയും ഗുണദോഷനിരൂപണം ചെയ്തുനോക്കുന്നപക്ഷം സാധാരണ ഗുണങ്ങളോടുകൂടിയ എല്ലാമാതിരിനിലങ്ങളിലും നെൽകൃഷിചെയ്യുന്നതിനു് ഒരേക്കർസ്ഥലത്തേക്കു് ചുവടെ ചേർക്കുന്ന വളങ്ങൾ മതിയാകുമെന്നു് തീരുമാനിക്കാം:—

കന്നുകാലിവളം 4 വണ്ടി; ചാരം 1200 റാത്തൽ; എല്ലുപൊടി 120 റാത്തൽ; പൊട്ടാസ്യംനൈട്രേററ് 100 റാത്തൽ. ഇതിൽ എല്ലുപൊടിയും കന്നുകാലിവളവും, വിതയ്ക്കുന്നതിനോ ഞാറു നടുന്നതിനോ ഒരാഴ്ചയ്ക്കുമുമ്പായി നിലത്തിൽ വിതറി ഉഴുതു മറിക്കണം ചാരത്തിൽ പകുതി വിതയ്ക്കുമ്പോഴൊ ഞാറു നടുമ്പോഴൊ ചേർക്കണം. ബാക്കിയുള്ള ചാരം വിതച്ചു് ഒന്നാമാസം കഴിഞ്ഞു് പൊട്ടാസ്യംനൈട്രേററിനോടുകൂടി യോജിപ്പിച്ചു് വിതറിക്കൊള്ളണം. ഒടുവിൽ വളംചേർക്കുന്നദിവസം നിലത്തിലെ വെള്ളം കഴിയുന്നിടത്തോളം വററിച്ചു് കാററിന്റെ ഉപദ്രവം ഉണ്ടാകുന്നതിനു മുൻപായി രാവിലെ മണ്ണിൽ കലത്തിക്കൊള്ളുന്നതുനന്നായിരിക്കും. ഇതുകഴിഞ്ഞാൽ വീണ്ടും നിലത്തിൽ വെള്ളംഅടച്ചുനിറുത്തുകയുംവയലിൽനിന്നു് വെള്ളംപുറത്തുവിടാതിരിക്കാൻ ശ്രദ്ധിക്കയും വേണം.

കന്നുകാലിവളത്തിനുപകരം സൗകര്യമുണ്ടെങ്കിൽ ഒരു കണ്ടി പുന്നയ്ക്കാപിണ്ണാക്കോ മരോട്ടിപിണ്ണാക്കോ മററു താഴ്ന്നതരം പിണ്ണാക്കുകളോ ചേർത്തുകൊണ്ടാലും മതിയാകും. അല്ലെങ്കിൽ അരക്കണ്ടിപിണ്ണാക്കും രണ്ടുവണ്ടി കന്നുകാലിവളവും യോജിപ്പിച്ചു് ചേർക്കുന്നതും നന്നുതന്നെ. എല്ലുപൊടിക്കുപകരം 300 റാത്തൽ കൊഞ്ചുപൊടി ചേർത്തുകൊള്ളാം. വിതയ്ക്കുയൊ പറിച്ചു നടുകയൊ ചെയ്യുന്നതിനു് ഒരുമാസംമുൻപായിരിക്കണം പിണ്ണാക്കും കൊഞ്ചുപൊടിയും ചേർക്കുന്നതു്.

ഇതിനെക്കുറിച്ചു ധാരാളം സംഗതികൾ ഇനിയും ശാസ്ത്രീയമായി പ്രസ്താവിക്കാനുണ്ടാകും. എന്നാൽ അത്രത്തോളം കടന്നു പരിചിന്തനം ചെയ്യാതെ കൃഷിമൂലം അപ്പപ്പോൾ മണ്ണിനു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വീര്യം മേൽകാണിച്ച രീതിയിൽ പ്രദാനംചെയ്തു് നെൽകൃഷി കഴിയുന്നത്ര അഭിവൃദ്ധിപ്പെടുത്തുന്നതിനു് ഓരോ മാന്യകർഷകവ്യക്തിയും ആത്മാർത്ഥമായി ശ്രമിക്കേണ്ടതാകുന്നു.

സാററിൻ സിൽക്കിൽ
റോയിസ്സ് നിറം
കുർവാനക്കുപ്പായം തയ്യാറുണ്ടു്
കൊളംബോ സാരിവർക്ക്സ്, ബ്രോഡ്‌വേ, എറണാകുളം

There are no uninteresting things; there are only uninterested people.
G. K. Chesterton

## ചോദ്യോത്തരപംക്തി

**ചോ:** ഒരു പെൺ പാപ്പാ റോമാ സിംഹാസനത്തിൽ ഭരണം നടത്തിയിട്ടില്ലേ?

**ഉ:** അങ്ങനെയൊരു അപവാദം ചില പ്രോട്ടസ്റ്റൻറുകാർ പരത്തിയിട്ടുണ്ടു്. പക്ഷെ വെയിൽ, ബസ്നാജ്, ബ്ലോണ്ടൽ, ബർണാറ്, ഗിബ്ബൺ ലെയ്ബ്നിറ്റ്സ്, കസൊബൺ ആദിയായി പ്രോട്ടസ്റ്റൻറുകാരും യുക്തിവാദികളുമൾപ്പെടെ അനേകം അകത്തോലിക്കാപണ്ഡിതന്മാർതന്നെ അതു അടിസ്ഥാനരഹിതമായ ഒരു ആക്ഷേപമാണെന്നു തെളിയിച്ചിട്ടുമുണ്ടു്.

പോപ്പ് ജൊഹാന — അതാണു് പ്രതിയോഗികൾ ആ "പെൺപാപ്പാ"യ്ക്കു് നൽകുന്ന പേരു് — 855 ൽ ഭരണം നടത്തിയെന്നു ഒരുകൂട്ടരും, അല്ല 1100-ലാണു് ഭരിച്ചതു് എന്നു വേറൊരുകൂട്ടരും വാദിക്കുന്നു. എന്നാൽ 13-ാം നൂററാണ്ടുവരെയുള്ള യാതൊരു ചരിത്രകാരനും അങ്ങനെയൊരുസ്ത്രീപാപ്പായായി ഭരണം നടത്തിയിട്ടുള്ളതായി പ്രസ്താവിക്കുന്നില്ല മാത്രമല്ല പെൺപാപ്പാ ഭരണം നടത്തിയെന്നു പറയപ്പെടുന്ന രണ്ടു കാലഘട്ടവും സ്വീകാര്യമല്ലെന്നുള്ളതും അനിഷേദ്ധ്യമായ ഒരു വാസ്തവമാണു്. 4-ാം ലെയൊ മാർപ്പാപ്പാ 855 ജൂലൈ 17-ാം നു മരിച്ചു; ഉടൻതന്നെ 3-ാം ബനഡിക്ററ് മാർപ്പാപ്പായായി സ്ഥാനാരോഹണം ചെയ്യുകയും ചെയ്തു. അദ്ദേഹം 855 മുതൽ 858 വരെ ഭരണം നടത്തി. അദ്ദേഹത്തിന്റേയും, 855 സെപ്ററംബർ 28-ാം നു മരണംപ്രാപിച്ച ലൊത്തയർ ചക്രവർത്തിയുടേയും ചിത്രങ്ങളുള്ള നാണയങ്ങൾ ഇപ്പോഴും സൂക്ഷിക്കപ്പെട്ടുവരുന്നു. മാത്രമല്ല 855 ഒക്ടോബർ 7-ാം നു ബനഡിക്ററ് മൂന്നാമൻ കോർവെയിലെ ആശ്രമത്തിനു നൽകിയ ഒരു അധികാരപത്രവും ഇന്നു അഭംഗമായി സ്ഥിതിചെയ്യുന്നുണ്ടു്. ലെയോ 4-ാമനും ബനഡിക്ററ് 3-ാമനുമിടയ്ക്കു മററാരും ഭരണം നടത്തിയിട്ടില്ലെന്നുള്ളതു തീർച്ചയാണു്. അതുപോലെതന്നെ 1100-ലാണു് പെൺപാപ്പാ ഭരിച്ചതെന്നുള്ള വാദവും അടിസ്ഥാനരഹിതമാണു്. കാരണം 1099 മുതൽ 1118 വരെ 2-ാം പാസ്കൽ പാപ്പായാണു് പത്രോസിന്റെ സിംഹാസനം അലങ്കരിച്ചിരുന്നതു്. ഈവക ന്യായങ്ങളാൽ, പെൺപാപ്പായുടെ വൃത്താന്തം വെറും കെട്ടുകഥയാണെന്നു അനുമാനിക്കാം. യാക്കോബായക്കാരും പ്രോട്ടസ്റ്റൻറുകാരും ഈ കെട്ടുകഥ കുത്തിപ്പൊക്കുന്നുവെന്നു കരുതി ഞങ്ങളുടെ മാന്യലേഖകൻ ചഞ്ചലചിത്തനാകുകയും വേണ്ട. ആ പെൺപാപ്പായുടെ പേരെന്തെന്നും, അവർ എന്നാണു് ഭരണം നടത്തിയതെന്നും അതിനുള്ള തെളിവുകൾ ഏവയെന്നും പ്രതിയോഗികളോടു് ശാന്തമായി ചോദിച്ചാൽമതി.

# സന്ധിയില്ലാസമരം

"കമ്മ്യൂണിസവും ക്രൈസ്തവമതവും തമ്മിൽ ഒരിക്കലും പൊരുത്തപ്പെടാൻ നിവൃത്തിയില്ലാത്തവണ്ണം അവയുടെ ആശയങ്ങൾ അത്യധികം പരസ്പരവൈരുദ്ധ്യമുള്ളവയാണ്"..ക്രിസ്തുമതം സ്നേഹത്തിന്റെയും ശാന്തിയുടെയും ശാശ്വതസന്ദേശങ്ങൾ നല്കുമ്പോൾ കമ്മ്യൂണിസമാകട്ടെ വിദ്വേഷവും സമരവും ഇളക്കിവിടുകയത്രെ ചെയ്യുന്നത്."

## (സിറിയക്ക കണ്ടത്തിൽ)

പല രാജ്യങ്ങളും കോടാനുകോടി മനുഷ്യരും ലോകചരിത്രത്തിൽ അഭൂതപൂർവ്വമായവിധം ഇന്ന് വിനാശകരമായ ലോകായതികത്വത്തിലേക്കാണ് ത്വരിതഗതിയിൽ കുതികൊള്ളുന്നത്. ദുഷിച്ച ഈ പ്രസ്ഥാനത്തിന്റെ പ്രചാരകന്മാരിൽ ലെനിൻ, മാർക്സ് എന്നീ പ്രമുഖന്മാരെപ്പററിയാണ് സാമാന്യജനങ്ങൾ അധികമായി കേട്ടിരിക്കുന്നത്. ഭൂലോകത്തിൽ "സ്വർഗ്ഗം" വാഗ്ദാനംചെയ്തിരിക്കുന്നവരാണ് ഇവർ. ഈ "സ്വർഗ്ഗം" സൃഷ്ടിക്കുന്നത് രക്തപ്പുഴയിൽക്കൂടിയുള്ള ഒരു ആഗോളവിപ്ലവത്തിനു ശേഷമാണുതാനും. മോസ്ക്കൊ ശിഷ്യഗതയിൽ എത്രയെത്ര രക്തസാക്ഷികളേയും സിദ്ധന്മാരേയുമാണ് ഈ വിശ്വാസത്തിന്റെ പേരിൽ പ്രഖ്യാപനം ചെയ്യുന്നത്! പഴയ കാലത്തും ഭൗതികസിദ്ധാന്തങ്ങളിൽ വിശ്വസിച്ചിരുന്ന വിഭാഗക്കാരും വർഗ്ഗക്കാരും ഉണ്ടായിരുന്നു. എങ്കിലും അങ്ങനെയുള്ള വിശ്വാസം ഇന്ന് മൂർത്തീകരിച്ചിരിക്കുന്നത് കമ്മ്യൂണിസത്തിലും അതിന്റെ ഔദ്യോഗികവക്താവായ ജോസഫ് സ്റ്റാലിനിലുമാണെന്നു കാണുന്നു. ഈ സിദ്ധാന്തം ലോകമെങ്ങും ശക്തിയും പ്രതാപവും പ്രാപിക്കേണ്ടത് ആവശ്യമായി കരുതപ്പെടുന്നതിനാൽ ഈ നേതാവിനു അപ്രമാദിത്വവും നൽകപ്പെട്ടിരിക്കുന്നു. അയാളുടെ അപ്രമാദിത്വത്തിൽ സംശയമോ ശങ്കയോ ആർക്കും ഉണ്ടാവാനും പാടില്ല. ജീവൻ ബലികഴിക്കുവാൻ തയ്യാറുള്ളവർ മാത്രമേ റഷ്യയിലും അതിന്റെ പിടിയിലും അമർന്നിരിക്കുന്ന രാജ്യങ്ങളിൽ സ്റ്റാലിന്റെ പരമാധികാരത്തെ ചോദ്യംചെയ്യുവാൻ മുതിരുകവേണ്ടു.

പൊരുളും പൊരുത്തവുമില്ലാത്ത പല പ്രമാണങ്ങളിലും അത്ഭുതങ്ങളിലും കമ്മ്യൂണിസ്റ്റുകാരൻ വിശ്വസിക്കുന്നുവെന്നു പറയാതെ തരമില്ല. എന്നാൽ സാമാന്യബുദ്ധിയുള്ള എത്രപേർക്ക് ഇതൊക്കെ വിശ്വസിക്കുവാൻ കഴിയുമെന്നു സന്ദേഹമാണ്. മനുഷ്യൻ അപ്പം കൊണ്ടുമാത്രമാണ് ജീവിക്കുന്നതെന്നും ഉദരപൂരണവും പഞ്ചേന്ദ്രിയങ്ങൾക്ക് പരിതൃപ്തിയും ആയെന്നാൽമാത്രമെ മനുഷ്യൻ വരപ്രസാദസ്ഥിതിയിൽ എത്തുകയുള്ളുവെന്നും കമ്മ്യൂണിസ്റ്റുകാരൻ ആവേശപൂർവ്വം വിശ്വസിക്കുന്നതുതന്നെ എത്ര ബാലിശം!

സമ്പൽസമൃദ്ധിയാണ് സൗഭാഗ്യകരമായ ജീവിതത്തിനു നിദാനമെങ്കിൽ, ആഡംബരജീവിതത്തെ പരിപുഷ്ടമാക്കുന്ന റേഡിയൊ, മോട്ടോർകാർ തുടങ്ങിയ അനവധി സാമഗ്രികളാൽ സമ്പന്നമായ അമേരിക്കയെ എന്തുകൊണ്ട് ലോകത്തിലെ ഏററവും സൗഭാഗ്യയായ രാഷ്ട്രമായി ഇക്കൂട്ടർ പരിഗണിക്കുന്നില്ല? നേരെമറിച്ച് ഏററവും അധമമായ ഒരു രാജ്യമായിട്ടാണ് ഇന്നു അമേരിക്കയെ കമ്മ്യൂണിസ്റ്റ്കാർ ചിത്രീകരിക്കുന്നത്. "എല്ലാവർക്കും എല്ലാം സുലഭമായി കിട്ടുന്നതുവരെ ഒരുത്തർക്കും പുരോഗതിയും സന്തോഷവും ഉണ്ടാകുകയില്ലെന്നു" ഒരു കമ്മ്യൂണിസ്റ്റ്കാരൻ വികാരഭരിതനായി പറയും. എന്നാൽ തിരിച്ചൊരു ചോദ്യം ആ കമ്മ്യൂണിസ്റ്റുകാരനോടു നമുക്കു ചോദിക്കാം. "മാന്യ സഖാവേ! ഇങ്ങനെയുള്ളവരുടെ സംഖ്യ റഷ്യയിൽ എത്രയാണ്? അവിടത്തെ സ്ഥിതി പരമദയനീയമല്ലയോ? ആകയാൽ മനുഷ്യരിൽവെച്ച് നിർഭാഗ്യരും ദുർഗ്ഗുണന്മാരും അവർതന്നെയല്ലയോ?" ഇങ്ങനെയുള്ള സംവാദങ്ങളാൽ പ്രക്ഷുബ്ധനായ സഖാവു ഉയർന്നതൊക്കെ അടിച്ചു താഴ്ത്തണമെന്നും താഴ്ന്നതൊക്കെ പിടിച്ചുയർത്തണമെന്നും ആക്രോശിക്കുകതന്നെചെയ്യും.

തൊഴിലാളിയുടെ നിലയെ ഉയർത്തുകയാണ് ചെയ്യുന്നതെന്നു പറയപ്പെടുന്ന റഷ്യയിൽ പണിമുടക്കു ശിക്ഷാർഹമായ ഒരു കുററമാക്കിയിരിക്കുന്നതെന്താണെന്നു ഒരു സഖാവിനോടു ചോദിക്കാതിരിക്കുന്നതുതന്നെയാണുത്തമം. എന്നാൽ അമേരിക്കയിലൊ ഇംഗ്ലണ്ടിലൊ ഇൻഡ്യയിലൊ തൊട്ടതിനൊക്കെ പണിമുടക്കുകൾ നടത്തപ്പെടുന്നു. ഇതരരാജ്യങ്ങളിൽ പത്രസ്വാതന്ത്ര്യം മനുഷ്യന്റെ മൗലികാവകാശങ്ങളിൽ ഒന്നായിരിക്കെ റഷ്യയിൽ അതു കടുത്തപാതകമായി പരിഗണിക്കപ്പെടുന്നതെന്തുകൊണ്ട്? ക്രിസ്തുവിനെയോ അവിടുത്തെ അനുയായികളായ സിദ്ധന്മാരെയോ സ്മരിച്ചുകൊണ്ട് ചെയ്യുന്ന ആദരപ്രകടനങ്ങൾ കടുത്ത അന്ധവിശ്വാസമാണുപോലും! അതേസമയംതന്നെ റെഡ്സ്ക്വയറിലുള്ള ലെനിന്റെ കുടീരത്തിനു സമീപത്തുകൂടി കടന്നുപോകുമ്പോൾ മുഷ്ടിചുരുട്ടി അഭിവാദ്യം ചെയ്യുന്നതിന്റെ യുക്തി നമുക്ക് അജ്ഞാതംതന്നെ. ആത്മാവിന്റെ അമർത്ത്യതയിൽ അവിശ്വസിക്കുന്ന കമ്മ്യൂണിസ്റ്റുകാരൻ മൃതദേഹം സംസ്കരിച്ച ആ കുടീരത്തിന്റെ മുമ്പിൽ ചെന്നു അഭിവാദ്യം ചെയ്യുന്നതു് അല്പജ്ഞനായ ഒരാളിന്റെപോലും അവഹേളനത്തിനു വിഷയമാകുകയേയുള്ളു. രാഷ്ട്രീയധുരന്ധരന്മാരുടെ അനേകവർഷത്തെ വിദ്വേഷംനിറഞ്ഞ പ്രവർത്തനങ്ങളുടെയും സമരങ്ങളുടെയും അപഹരണങ്ങളുടെയും ഫലമായി പൗരസ്ത്യയൂറോപ്പിൽ യാതൊരുവനും ക്ഷേമവും സൗഭാഗ്യവും ഇന്നുവരെ ഉണ്ടായിട്ടില്ലെന്നു ആർക്കാണറിഞ്ഞുകൂടാത്തതു്? റഷ്യൻസേനആഭ്യന്തരവിഭാഗത്തിൽ നിരങ്കുശമായി നടത്തിയ വിപ്ലവവും കൊള്ളയും മാനുഷികകാരുണ്യത്തിനും പുരോഗതിക്കും ലവലേശമെങ്കിലും ചേരുന്നതായിരുന്നുവെന്നു സകാരണം തെളിയിക്കാമൊ എന്നു ഒരു കമ്മ്യൂണിസ്റ്റുകാരനോടു ചോദിക്കാതിരിക്കുകയാണുത്തമം. ലൗകിക ജീവിതം സുഖസമൃദ്ധിയിൽ കഴിയുന്നതു മാത്രമാണ് മനുഷ്യന്റെ യഥാർത്ഥജന്മോദ്ദേശമെങ്കിൽ ആ സ്ഥിതിയെല്ലാം പാടെ തകർത്തുതാറുമാറാക്കുന്ന വിപ്ലവം കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ അഴിച്ചുവിടുന്നതെന്തിനു്?

സാക്ഷാൽ ലോകം ദർശിച്ചിട്ടുള്ളതിൽ ഏററവും നീചവും നാശഹേതുകവും യുക്തിരഹിതവുമായ ഒരു സിദ്ധാന്തമാണു കമ്മ്യൂണിസമെന്നു പലരും വിചാരിക്കുന്നതിലെന്താണത്ഭുതം? വാസ്തവത്തിൽ ബുദ്ധിശാലികളെ മയക്കുന്ന കറുപ്പ് കമ്മ്യൂണിസമാണ്. യുക്തിയെ അതിലംഘിക്കുന്ന കാര്യങ്ങളാണ് കമ്മ്യൂണിസം പ്രചരിപ്പിക്കുന്നതു്. വ്യക്തിമാഹാത്മ്യത്തെ ചവുട്ടിത്താഴ്ത്തുന്ന രാഷ്ട്രത്തിന്റെ സർവ്വാധിപത്യസിദ്ധാന്തം ഒരു ക്രൈസ്തവനു ഒരിക്കലും സ്വീകാര്യമല്ല. ലൗകികവിഭവങ്ങളുടെ ഉടമയില്ലാത്തവരിലും മനുഷ്യസഹജമായ സ്വഭാവത്തിനു ലോഭം ഉണ്ടായിരിക്കുകയില്ല. വ്യക്തിഗതമായി ആർക്കും യാതൊന്നും ഇല്ലാത്തപ്പോൾ എല്ലാവർക്കും എല്ലാം ഉണ്ടായിരിക്കുമത്രേ. എല്ലാവർക്കും എല്ലാം ഉള്ളപ്പോൾ യാവനൊരുത്തനും മററൊരുത്തനെക്കാൾ കൂടുതൽ ഉണ്ടായിക്കൂടാ. എന്നാൽ ആർക്കെങ്കിലും മററൊരുത്തനെ അപേക്ഷിച്ചു കൂടുതലുണ്ടായാൽ ചിലർ ചേർന്നു അതു കയ്യേറുകയായി. അപഹരിക്കപ്പെടുന്ന വ്യക്തിയെയും ചാർച്ചക്കാരെയും ഒഴിച്ചു മററെല്ലാവർക്കും ഇതിൽ സന്തുഷ്ടിയുമാണ്.

വലിയ വ്യവസായകേന്ദ്രങ്ങളിൽ ഞെരുക്കം, വൃത്തിഹീനത, രോഗം, നിരാശ, നിരുത്സാഹം, അവമാനം, പാതകങ്ങൾ, യാതനകൾ മുതലായവ ഉണ്ടായെന്നുവരാം. ലോകത്തിലാകെയുള്ള സ്വർണ്ണത്തിൽ മുക്കാൽപങ്കും കെൻടക്കിയിലുള്ള മണ്ണിനടിയിലാണ് കിടക്കുന്നതെങ്കിലും അവിടെയുള്ളവരും വിശപ്പുകൊണ്ടു വലയുകയും ഭാവിയെപ്പററി ആശങ്കാഭരിതരായിരിക്കുകയും ചെയ്യുന്നുണ്ടല്ലോ. വിലയേറിയ ചില കണ്ടുപിടുത്തങ്ങൾ വികസനം പ്രാപിക്കാതെ പൂർവ്വസ്ഥിതിയിൽ തന്നെ ഇരിക്കുന്നതായും നമുക്കറിയാം. ലക്ഷോപലക്ഷം പേരെ തൊഴിൽരഹിതരാക്കിത്തീർക്കാതെ അവയെ പ്രയോജനപ്പെടുത്താവുന്ന വിധം ആർക്കും അറിഞ്ഞുകൂടാത്തതുതന്നെയാണതിന്റെ കാരണം. യൂറോപ്പിനേയും ഏഷ്യയേയും അപേക്ഷിച്ചു ജനവാസം കുറഞ്ഞ ചില പർവ്വതപ്രദേശങ്ങളിലും, വയലുകൾക്ക് വിലയിരുത്താതെ തരിശായി ഇട്ടിരിക്കുന്ന ചില സ്ഥലങ്ങളിലെ ജനങ്ങൾ, വസിക്കുവാൻ വീടോ പാർക്കാൻ സ്ഥലമോ കൃഷിചെയ്യാൻ വയലോ ഇല്ലാതെ അവശരായി, അജ്ഞരായി ജീവിതം നയിച്ചുവരുന്നതായി നമുക്കറിയാം. വൻകിടവ്യവസായങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പരിഷ്കൃതരാജ്യങ്ങളിൽപ്പോലും വ്യവസായശാലകളിൽനിന്നും അപകടം നേരിട്ടും രോഗം പിടിപെട്ടും അവശരായിത്തീരുന്നവരെ പരിചരിക്കാൻ തീരെ പരിമിതമായ വൈദ്യസഹായംമാത്രമെ ലഭിക്കുന്നുള്ളു. ബുദ്ധിഭ്രമം പിടിപെട്ടിരിക്കുന്നവരുടെ സംഖ്യതന്നെ സമചിത്തരെ പരിഭ്രാന്തരാക്കുവാൻ പോരുന്നതുതന്നെ. നീതിമാൻ നടുങ്ങത്തക്കവണ്ണം പാതകികളുടെ എണ്ണം വർദ്ധിക്കുന്നതേയുള്ളു. ക്ഷേമവും ഐശ്വര്യവും സർവ്വത്ര വ്യാപിച്ചിരിക്കുന്നുവെന്നു അവകാശപ്പെടാവുന്ന അമേരിക്കയിൽപ്പോലും അവ്യവസ്ഥിതിയും അസംതൃപ്തിവിശ്വാസവും അഴലും അടിക്കടി ആവിർഭവിച്ചുകൊണ്ടുതന്നെയിരിക്കുന്നു.

ഇതിനെല്ലാം എതിരായി പ്രതിഷേധിക്കാനും പ്രക്ഷോഭണം കൂട്ടാനും മനുഷ്യർക്ക് അവകാശമുണ്ടെന്നുള്ളതിൽ തർക്കമില്ല. എന്നാൽ രക്തപങ്കിലമായ വിപ്ലവങ്ങൾക്കും വ്യവസ്ഥാപിതമായ പരിഷ്കാരങ്ങൾക്കും തമ്മിൽ വലിയ അന്തരമാണുള്ളതു്. ജനക്ഷേമത്തേയും പുരോഗതിയേയും പുലർത്തുമെന്നു ബോദ്ധ്യമുള്ള മതിമാന്മാരെ അധികാരസ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചു അഴിമതികൾക്കു അറുതിവരുത്തുന്നതിലും അക്രമികളെ നിഷ്കാസിക്കുന്നതിലും യഥാർത്ഥപ്രജാധിപത്യഭരണരീതികളെ ലക്ഷ്യമാക്കിയത്നിക്കാമെന്നുള്ളതിലും അഭിപ്രായവ്യത്യാസമില്ല. രാഷ്ട്രങ്ങളുടെ ദുസ്ഥിതിക്കും രാഷ്ട്രനായകന്മാരുടെ അധർമ്മപ്രവർത്തനങ്ങൾക്കും ഒരന്തം വരണമെങ്കിൽ സത്യത്തേയും സമാധാനത്തേയും മുറുകെ പിടിച്ചിരിക്കുന്ന ക്രൈസ്തവസിദ്ധാന്തങ്ങൾക്ക് അംഗീകരണവും അനുഷ്ഠാനവും ഉണ്ടായേമതിയാവൂ. കമ്മ്യൂണിസവും ക്രൈസ്തവതത്വങ്ങളുംതമ്മിൽലോകത്തിലെങ്ങും ഇന്നു സമരം നടക്കുന്നു. കമ്മ്യൂണിസത്തിനു പരാജയവും ക്രൈസ്തവമതത്തിനു നിത്യവിജയവും ഈ സമരത്തിൽ കൈവരുമെന്നുള്ളതു് തീർച്ചതന്നെ.

ഒരു കമ്മ്യൂണിസ്റ്റുകാരനും മുതലാളിയും തമ്മിൽ കാതലായ അന്തരം എന്താണെന്നറിയാൻ ചിലർക്കു ജിജ്ഞാസയുണ്ടു്. ഒരിക്കലും മുതലാളിമാരാകാൻ പരിതസ്ഥിതികൾ അനുകൂലിക്കുകയില്ലെന്നു ആകുലപ്പെടുന്ന പലരും കമ്മ്യൂണിസ്റ്റ് പ്രേമികളായിത്തീർന്നിട്ടുണ്ടെന്നു പറഞ്ഞാൽ ആയതു പരമാർത്ഥംമാത്രമാണ്. കമ്മ്യൂണിസ്റ്റുകാരുടെ സിദ്ധാന്തം സാമ്പത്തികാദർശഭിന്നതകളെ മാത്രം അടിസ്ഥാനമാക്കിയുള്ളതായിരുന്നെങ്കിൽ വലിയ കുഴപ്പത്തിനു വഴിയില്ല. നിലവിലിരിക്കുന്ന സാമ്പത്തികവ്യവസ്ഥിതിയെമാത്രമല്ല മതവ്യവസ്ഥിതിയേയും അവർ എതിർക്കുന്നതുകൊണ്ടാണ് കമ്മ്യൂണിസം ഒരു മാരണമായി രൂപാന്തരപ്പെട്ടിരിക്കുന്നതു്. അടിക്കടിപിളുപ്പു വളർത്തിക്കൊണ്ടിരിക്കുന്നതിനുംമതത്തെ തുരത്തുകയും ചെറുക്കുകയും ചെയ്യുന്നതിനുമുള്ള അതിവിപുലമായ പരിപാടികൾ ലോകത്തിലെങ്ങുമുള്ള കമ്മ്യൂണിസ്റ്റുകാർ അവലംബിച്ചിരിക്കുകയുമാണ്. കമ്മ്യൂണിസവും ക്രൈസ്തവമതവും തമ്മിൽ ഒരിക്കലും പൊരുത്തപ്പെടുവാൻ നിവൃത്തിയില്ലാത്തവണ്ണം അവയുടെ ആശയങ്ങൾ അത്യധികം പരസ്പരവൈരുദ്ധ്യമുള്ളവയാണ്.

കമ്മ്യൂണിസം മൗലികമായി ഭൗതികം മാത്രമാണ്; ക്രിസ്തുമതം ആദ്ധ്യാത്മികവും. ക്രിസ്തുമതം സ്നേഹത്തിന്റെയും ശാന്തിയുടെയും ശാശ്വതസന്ദേശങ്ങൾ സാർവ്വജനീനമായി നൽകുമ്പോൾ കമ്മ്യൂണിസമാകട്ടെ വിദ്വേഷവും സമരവും ഇളക്കിവിടുകയത്രെ ചെയ്യുന്നതു്. ക്രിസ്തുമതം ദൈവത്തെ സ്തുതിച്ചാരാധിക്കുന്നു. കമ്മ്യൂണിസം ദൈവത്തെ നിഷേധിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നു. കമ്മ്യൂണിസം വ്യക്തിപരമായ അവകാശങ്ങളെ ഹനിക്കുകയും നിഷേധിക്കുകയും ചെയ്യുന്നു. ക്രിസ്തുമതം അവയെ പൂജ്യമായി കൊണ്ടാടുന്നു. പൊതുഗുണത്തിനു ദോഷമല്ലാത്ത പരിധിവരെ ക്രിസ്തുമതം സ്വകാര്യസ്വത്തുടമ അനുവദിക്കുന്നുണ്ടു്. സ്വകാര്യസ്വത്തുടമ നിഷേധിക്കപ്പെടുന്നതുനിമിത്തം വ്യക്തിക്കു എത്രതന്നെ സങ്കടവും ഉപദ്രവവും ഉണ്ടായെന്നാലും കമ്മ്യൂണിസം അതു് അനുവദിക്കുകയില്ല. മനുഷ്യനും അവന്റെ സകല സ്ഥാപനങ്ങളും സംരംഭങ്ങളും രാഷ്ട്രത്തിന്റെ ഉപകരണവും എജന്റും അടിമയും ആയിരിക്കണമെന്നു ശഠിക്കുകയാണ് കമ്മ്യൂണിസം. ക്രിസ്തുമതത്തിന്റെ അനുശാസനമാകട്ടെ മനു

(ശേഷം 8-ാം പേജിൽ)

## അറസ്റ്റിനു മുമ്പും പിമ്പും



ഹംഗേറിയൻഗവമെണ്ടു് ജീവപര്യന്തം തടവുശിക്ഷയ്ക്കു വിധിച്ച കർദ്ദിനാൾ മിൻഡസൻറി തിരുമേനിയുടെ രണ്ടു ചിത്രങ്ങൾ. അറസ്റ്റിനു മുൻപു് ബുഡാപെസ്റ്റിൽവച്ചു് എടുത്ത ചിത്രമാണു് ഇടത്തുവശത്തു കാണുന്നതു്. വലത്തുവശത്തെ ചിത്രം അദ്ദേഹത്തെ കോടതിയിൽ ഹാജരാക്കിയ അവസരത്തിൽ എടുത്തതാണു്.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി.

വെരി റവ. മോൺ. ജെ. സി പഞ്ഞിക്കാരൻ

എം. എ, പി എച്ച്. ഡി., ഡി ഡി, ഡി. സി. എൻ.

റവ. ഫാദർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

വരിസംഖ്യ കൊല്ലത്തിൽ 6 രൂപ (അഞ്ചലിൽ), 6 രൂപ 8 ണ. (തപാലിൽ)

Vol. 22 | ERNAKULAM, MARCH 2, 1949 | No 28


# സ്വാതന്ത്ര്യപത്രികയിൽനിന്നു ദൈവനാമം ഒഴിച്ചുവച്ചതു്

കഴിഞ്ഞകൊല്ലത്തിന്റെ അവസാന മാസങ്ങളിൽ പാരീസിൽ സമ്മേളിച്ചതും, ഐക്യരാഷ്ട്രസംഘടനയുടെ ഒരു വിഭാഗവുമായ മനുഷ്യാവകാശക്കമ്മീഷൻ മനുഷ്യവ്യക്തികൾക്കുണ്ടായിരിക്കേണ്ട സ്വാതന്ത്ര്യങ്ങളെ ഉള്ളടക്കുന്ന ഒരു പ്രമാണപത്രിക രൂപീകരിച്ചല്ലോ. അതിൽ താഴെപറയുന്ന അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഉൾപ്പെടുത്തിയിരുന്നു: ജാതി, വർണ്ണം, ലിംഗം, ഭാഷ, മതം, രാഷ്ട്രീയാദർശം എന്നീ വ്യത്യാസങ്ങൾ പരിഗണിക്കാതെ സകല മനുഷ്യർക്കും സമത്വമുണ്ടായിരിക്കണം; യാതൊരു മനുഷ്യനേയും അറസ്റ്റ്, തടങ്ങലിൽ പാർപ്പിക്കുക, നാടുകടത്തൽ, ദേഹദണ്ഡനം, ക്രൂരമായ പെരുമാററം, ശിക്ഷ എന്നിവകൾക്കു സ്വേച്ഛാപരമായി വിധേയമാക്കിക്കൂടാ; ഓരോ രാജ്യത്തിലേയും അതൃത്തിക്കുള്ളിൽ ഗതാഗതം ചെയ്യുവാനും അധിവാസമുറപ്പിക്കുവാനും സകല മനുഷ്യർക്കും സ്വാതന്ത്ര്യമുണ്ടായിരിക്കണം; പീഡനങ്ങളിൽനിന്നു് അന്യരാജ്യങ്ങളിൽ അഭയം തേടുവാനും അഭയം സ്വീകരിക്കുവാനും സകലർക്കും അവകാശമുണ്ടായിരിക്കണം; അടിമത്തവും അടിമവ്യാപാരവും നിരോധിക്കപ്പെട്ടിരിക്കുന്നു; സ്വതന്ത്രമായി സംസാരിക്കുവാനും, സമാധാനപരമായി യോഗം ചേരുവാനും, മതസ്വാതന്ത്ര്യമനുഭവിക്കുവാനും, തിരഞ്ഞെടുപ്പുകളിൽ സ്വതന്ത്രമായി വോട്ടുചെയ്യുവാനും അവകാശമുണ്ടായിരിക്കണം; നിശ്ചിതകാലങ്ങളിൽ അകൈതവമായി നടത്തപ്പെടുന്ന തിരഞ്ഞെടുപ്പുകളാൽ നിർണ്ണയിക്കപ്പെടുന്ന ജനഹിതം അധികാരത്തിന്റെ അസ്ഥിവാരമായി സ്വീകരിക്കപ്പെടുന്ന സ്വരാജ്യത്തിൽ പൗരാവകാശം ഉണ്ടായിരിക്കുവാനും പബ്ളിക്‌സർവീസിൽ സമത്വത്തോടുകൂടി പ്രവേശിക്കുവാനുമുള്ള അവകാശം ഓരോ വ്യക്തിക്കുമുണ്ടായിരിക്കണം; പ്രായപൂർത്തിവന്നിട്ടുള്ള സ്ത്രീപുരുഷന്മാർക്കു ജാതിയുടേയൊ, ദേശത്തിന്റേയൊ, മതത്തിന്റേയൊ വ്യത്യാസം പരിഗണിക്കപ്പെടാതെ വിവാഹം ചെയ്യുവാൻ അവകാശമുണ്ടായിരിക്കണം; വിവാഹത്തിനിടയ്ക്കും വിവാഹമോചനത്തിലും സ്ത്രീപുരുഷന്മാർക്കു തുല്യാവകാശങ്ങളുണ്ടായിരിക്കണം; വിവാഹത്തിനു പുറമെ ജനിക്കുന്ന കുട്ടികൾ വിവാഹത്തിൽ ജനിക്കുന്നവർക്കുള്ള അതേ സാമുദായികാവകാശങ്ങൾ അനുഭവിക്കുന്നവരായിരിക്കണം; വേലചെയ്യുവാനും, തുല്യമായ വേലയ്ക്കു തുല്യമായ പ്രതിഫലം പററുവാനും, നീതിപൂർവ്വകവും അനുകൂലവുമായ പരിതസ്ഥിതികളോടുകൂടിയ ജോലി ഇഷ്ടംപോലെ തിരഞ്ഞെടുക്കുവാനും, തൊഴിലില്ലായ്മക്കെതിരായി സംരക്ഷണലഭിക്കുവാനും ഓരോ വ്യക്തിക്കും അവകാശമുണ്ടായിരിക്കണം; തൊഴിലാളികൾക്കു ട്രെയ്ഡ്‌യൂണിയനുകൾ രൂപീകരിക്കുവാനും അവയിൽ ചേരുവാനുമുള്ള അവകാശവും അംഗീകരിച്ചിട്ടുണ്ടു്.

എന്നാൽ ഈ അവകാശപ്രഖ്യാപനങ്ങൾക്കു് ഏററവും മൗലികമായ ഒരു ന്യൂനതയുണ്ടെന്നുള്ള വസ്തുത പ്രത്യേകം അനുസ്മരിക്കേണ്ടിയിരിക്കുന്നു. മനുഷ്യവ്യക്തിയുടെ ഈ അവകാശങ്ങളുടെയെല്ലാം ദിവ്യമായ ഉല്പത്തിയെപ്പററി പ്രമാണപത്രികയിൽ ഒന്നും പ്രസ്താവിക്കാതെ വിട്ടുകളഞ്ഞതാണു് ഈ ന്യൂനത.

## ദൈവനാമം വിട്ടുകളഞ്ഞതെന്തുകൊണ്ടു്?

പ്രസ്തുതാവകാശങ്ങളും സ്വാതന്ത്ര്യങ്ങളും നിർണ്ണയിച്ച ഐക്യരാഷ്ട്രകമ്മിററിയിൽ ക്രിസ്തീയ രാഷ്ട്രങ്ങളുടെ പ്രതിനിധികളുണ്ടായിരുന്നെങ്കിലും, അവരുടെ സംഖ്യ നിരീശ്വരറഷ്യയുടേയും അവരുടെ പിടിയിൽപ്പെട്ട രാജ്യങ്ങളുടേയും പ്രതിനിധികളെക്കാൾ വളരെ കൂടുതലായിരുന്നെങ്കിലും, പ്രമാണപത്രികയിൽ ദൈവനാമം വിട്ടുകളകയാണുണ്ടായതു്. ദൈവവും മനുഷ്യനുമായുള്ള ബന്ധങ്ങളെ സമ്മതിച്ചുപറയുന്ന പ്രസ്താവങ്ങൾ പത്രികയിൽ ഉൾപ്പെടുത്തുവാൻ പല പ്രതിനിധികളും ശ്രമിക്കാതിരുന്നില്ല. എന്നു വരികിലും അവരെല്ലാം പരാജിതരായതേയുള്ളു. അതിനു കാരണം പൊതുവായ അഭിപ്രായൈക്യം കമ്മിററിയുടെ തീരുമാനങ്ങൾക്കുണ്ടായിരിക്കണമെന്നുള്ള പ്രബലമായ ആഗ്രഹമായിരുന്നു. അങ്ങനെ ക്രിസ്തീയതത്വങ്ങൾ പിൻതള്ളപ്പെടുകയാണുണ്ടായതു്. പ്രമാണപത്രികയ്ക്കു് അവസാനമായ അംഗീകരണം നൽകപ്പെടുന്നതിനു അല്പം മുൻപായി ഒരു വൈദികനുൾപ്പെടെയുള്ള നെതർലൻഡ് രാജ്യത്തിലെ പ്രതിനിധികൾ കടശിയായി ഒരു ശ്രമം ചെയ്തു. മനുഷ്യൻ ദൈവസൃഷ്ടിയാണെന്നുള്ള വസ്തുത സമ്മതിച്ചുപറയുന്ന ഒരു ഭേദഗതി അവർ അവതരിപ്പിച്ചു. എന്നു വരികിലും റഷ്യയുടെ അഭിപ്രായങ്ങളേയും വികാരങ്ങളേയും മുറിപ്പെടുത്തേണ്ടിവരുമെന്നുള്ള ഭയത്താൽ അവരുടെമേൽ ഹേമം ചെലുത്തുകയും, അതിനു വഴിപ്പെട്ടു് ഭേദഗതി പിൻവലിക്കുവാൻ അവർ നിർബദ്ധരാവുകയുമാണുണ്ടായതു്. മതസ്വാതന്ത്ര്യം മനുഷ്യന്റെ ജന്മാവകാശങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തിക്കിട്ടിയല്ലോ എന്നു കരുതി ചാരിതാർത്ഥ്യമടയാനേ ക്രിസ്തീയപ്രതിനിധികൾക്കു കഴിഞ്ഞുള്ളു. ഇതു സാധിക്കുവാൻ തന്നെയും ഒരു സമരം വേണ്ടിവന്നു. മതമനുഷ്ഠിക്കുവാനുള്ള അവകാശം "ദേശീയ നിയമനിർമ്മാണത്തിനും പബ്ളിക് ധാർമ്മികനിയമങ്ങൾക്കും" വിധേയമാക്കപ്പെടണമെന്നുള്ള കാരണം പറഞ്ഞുകൊണ്ടു് റഷ്യൻ പ്രതിനിധിയായ പ്രഫസർ പാവ്ലോവ് "വീറേറാ" അവകാശം ഉപയോഗിക്കുവാൻ വീണ്ടും ഒരു ശ്രമംചെയ്തു. "ക്രൂരങ്ങളും ലജ്ജാകരങ്ങളുമായ കർമ്മങ്ങൾ അനുവദിച്ചേക്കാവുന്ന ചില പിന്നോക്കമതങ്ങളുടെ അനുഷ്ഠാനങ്ങളെ" തടയുവാൻ തന്റെ ഭേദഗതി പ്രയോജനപ്പെടുമെന്നായിരുന്നു യുക്ത്യാഭാസത്തോടുകൂടി അദ്ദേഹം വാദിച്ചതു്. യുക്രെയിൻ, ബയിലിയോ, റഷ്യ, പോളൻഡ്, യുഗോസ്ലാവിയ, ചെക്കൊസ്ലവാക്കിയ, അറേബ്യാ, ഇറാക്ക്, വെനിസ്വല എന്നീ രാജ്യങ്ങളിലെ പ്രതിനിധികളുടെ പിൻതാങ്ങു അദ്ദേഹത്തിനു ലഭിച്ചു. ജനങ്ങൾക്കു മതപരിവർത്തനം ചെയ്യുവാനുള്ള അവകാശങ്ങളെ നിയന്ത്രിക്കണമെന്നുള്ള ആഗ്രഹത്താലാണു് അറബിപ്രതിനിധികൾ അദ്ദേഹത്തോടു യോജിച്ചതു്. സൗദി-അറേബ്യായുടെ വക്താവു സമ്മതിച്ചുപറഞ്ഞു, അദ്ദേഹത്തിന്റെ ഭേദഗതി ഉദ്ദേശിക്കുന്നതു് മുസ്ലീമങ്ങളുടെ ഇടയിൽ ക്രിസ്തീയ മിഷനറിമാരുടെ പ്രവർത്തനങ്ങളെ തടയുവാനാണെന്നു്. എന്നുവരികിലും മതസ്വാതന്ത്ര്യവ്യവസ്ഥ അംഗീകരിക്കപ്പെട്ടു. 25 പേർ അനുകൂലിച്ചും 5 പേർ പ്രതികൂലിച്ചും വോട്ടുചെയ്തു. 12 പേർ വോട്ടുചെയ്യാതെ ഒഴിഞ്ഞുനിന്നു.

## ദൈവത്തെക്കൂടാതെ മനുഷ്യാവകാശങ്ങളില്ല

മനുഷ്യാവകാശങ്ങളുടെ സാധുതയ്ക്കും അലംഘനീയതയ്ക്കും യഥാർത്ഥമായ അടിസ്ഥാനം അവ ദൈവദത്തങ്ങളാണെന്നുള്ള തത്വം ഒന്നുമാത്രമാകുന്നു. ആ തത്വം സ്വീകരിക്കാത്തവർക്കു് സ്വേച്ഛാപരമായും സന്ദർഭോചിതമായും മനുഷ്യാവകാശങ്ങളെ നിഷേധിക്കുവാനും ചവുട്ടിമെതിക്കുവാനും പ്രയാസമുണ്ടാകയില്ല. അമേരിക്കൻ ഭരണഘടനയിൽ മനുഷ്യാവകാശങ്ങളുടെ അലംഘനീയതയ്ക്കു് ആധാരമായി കൊള്ളിച്ചിട്ടുള്ളതു് പ്രസ്തുത തത്വമാണു്. മനുഷ്യൻ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവനാണെന്നും, അവന്റെ മൗലികാവകാശങ്ങൾ ദൈവദത്തങ്ങളാണെന്നും, തന്മൂലം അവയെ അതിലംഘിക്കുവാൻ മററുള്ളവർക്കോ അവയെ ഉപേക്ഷിക്കുവാൻ അവനവനുതന്നെയോ അധികാരമില്ലെന്നുമാണു് അതിൽ സ്പഷ്ടമായി പ്രസ്താവിച്ചിട്ടുള്ളതു്. ദൈവത്തിന്റെ പരമാധികാരം സ്വീകരിക്കുകയും മനുഷ്യാവകാശങ്ങൾ ദൈവദത്തങ്ങളാണെന്നു വിശ്വസിക്കുകയും ചെയ്താൽ പിന്നെ പ്രസ്തുതാവകാശങ്ങളെ മററുള്ളവർ അതിലംഘിക്കുകയോ അവനവൻ തന്നെ ഉപേക്ഷിക്കുകയോ ചെയ്യുന്നതു് ധർമ്മവിരുദ്ധമാണെന്നു് സമ്മതിച്ചേ തീരൂ. നാസിജർമ്മനി മനുഷ്യാവകാശങ്ങളുടെ ദിവ്യമായ ഉല്പത്തിയെ അംഗീകരിച്ചിരുന്നില്ല. കമ്മ്യൂണിസ്റ്റു് റഷ്യയും അതിന്റെ പിടിയിലുള്ള ഗവർമ്മെണ്ടുകളും അങ്ങനെതന്നെ. അവരുടെയെല്ലാം ദൃഷ്ടിയിൽ മനുഷ്യാവകാശങ്ങളെ പൗരന്മാർക്കു നൽകുന്നതു രാഷ്ട്രമാണു്; തന്മൂലം രാഷ്ട്രത്തിനു സ്വേച്ഛാനുസാരം അവയെ ആദരിക്കാനോ അതിലംഘിക്കുവാനോ അധികാരമുണ്ടു്. അതുകൊണ്ടാണു് അവർ പൗരാവകാശങ്ങളെ സന്ദർഭങ്ങളുടെ ആവശ്യമനുസരിച്ചു് ചവുട്ടി മെതിക്കുന്നതു്. യുഗോസ്ലാവിയായിൽ സ്റ്റെപ്പിനാക്കു് മെത്രാപ്പോലീത്തായോടും, ഹംഗറിയിൽ മിൻസെന്തി കർദ്ദിനാളിനോടും ചെയ്യപ്പെട്ടിരിക്കുന്ന മഹാ അധർമ്മങ്ങളുടെ അടിസ്ഥാനകാരണം ഇതുതന്നെയാണു്. അഭിവന്ദ്യരായ പ്രസ്തുത വൈദികവര്യന്മാർ മനുഷ്യാവകാശധ്വംസനത്തെ മരണംവരെയും എതിർത്തുനില്ക്കുന്നതിന്റെ കാരണവും ഇവിടെയാണു കിടക്കുന്നതു്. ദൈവദത്തമായ അവകാശങ്ങളെ, ബന്ധനങ്ങളെ ഭയന്നിട്ടുപോലും, യഥേഷ്ടം ഉപേക്ഷിക്കുവാൻ പാടുള്ളതല്ലെന്നു് ആ പുണ്യശ്ലോകന്മാർക്കറിയാം. ആകയാൽ ദൈവത്തെ വിസ്മരിച്ചുകൊണ്ടു് മനുഷ്യാവകാശങ്ങളെ പ്രകീർത്തിക്കുന്നതു്, മണൽപ്പുറത്തു കോട്ടകെട്ടുന്നതുപോലെ പാഴ്‌വേലയാകുന്നു.

## പ്രസാധകക്കുറിപ്പുകൾ

### പ. പിതാവിന്റെ നിയോഗങ്ങൾ

പരിശുദ്ധ പിതാവിന്റെ പൊതുവും പ്രത്യേകവുമായ നിയോഗങ്ങൾ സഫലമാകുന്നതിനായി പ്രാർത്ഥിക്കണമെന്നാണു് ഈ മാസത്തിൽ ജപാപ്പസ്തോലസഖ്യാംഗങ്ങൾക്കു് ലഭിച്ചിരിക്കുന്ന നിർദ്ദേശം. കൊല്ലത്തിൽ ഒരു പ്രാവശ്യം ഈ സംഗതി പ്രാർത്ഥനാവിഷയമാക്കണമെന്നു് 1936-ൽ, ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസ് മാർപ്പാപ്പാ നിർദ്ദേശിക്കുകയുണ്ടായി. അതിനു മാർച്ചുമാസം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു് ഈ മാസത്തിൽ മാർപ്പാപ്പായുടെ സ്ഥാനാരോഹണത്തിന്റെ വാർഷികം കൊണ്ടാടുന്നുവെന്ന കാരണത്താലാണു്. അടുത്ത ഏപ്രിൽ മാസം 3-ാംനു തിരുമനസ്സുകൊണ്ടു് പുരോഹിതപട്ടം സ്വീകരിച്ചതിന്റെ സുവർണ്ണ ജൂബിലി കത്തോലിക്കാ ലോകമെങ്ങും ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നതിനാൽ വിശേഷിച്ചും, ഈ മാസം മുഴുവൻ പരിശുദ്ധപിതാവിനുവേണ്ടി നാം പ്രാർത്ഥിക്കുന്നതു് ഏററവും അവസരോചിതമായിരിക്കും. അവിടുത്തേ നേർക്കു പുത്രനിർവ്വിശേഷമായ ഭക്തി പ്രദർശിപ്പിക്കുന്നതിനു നമുക്കു ചുമതലയുണ്ടെന്നും അതിനുള്ള കാര്യക്ഷമമായ ഒരു മാർഗ്ഗം പ്രാർത്ഥനയാണെന്നും പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ. 1860 ജാനുവരി 1-ാംനു ഫ്രെഡറിക്കു് ഫേബർ എന്നദേഹം ലണ്ടനിലെ ഓററോറിയൻ സന്യാസസഭാംഗങ്ങളോടായി ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി. "മാർപ്പാപ്പാ വഴി ക്രിസ്തു നമ്മുടെ മദ്ധ്യേ മൂന്നാമതൊരു തരത്തിൽ ദൃശ്യമായി സന്നിഹിതനായിരിക്കുന്നു. അതു സാധുക്കളും കുട്ടികളും വഴിയുള്ള സാന്നിദ്ധ്യത്തെ അപേക്ഷിച്ചു് ഉയന്ന പദവിയിലും, ആഴമായ അർത്ഥത്തിലും, ഉപരിയായ ഫലദായകത്വത്തിലും, കൂടുതൽ പൂർണ്ണമായ സ്വഭാവത്തിലുമുള്ള ഒരു സാന്നിദ്ധ്യമാണു്." മാർപ്പാപ്പാ ക്രിസ്തുനാഥനെ പ്രതിനിധീകരിക്കുന്നതുകൊണ്ടു് അവിടുത്തേ നേർക്കു ചെയ്യുന്ന ഏതൊരു കാര്യവും ക്രിസ്തുനാഥന്റെ നേർക്കു ചെയ്യുന്നതുപോലെയാണു്.

### പ്രത്യേക നിയോഗങ്ങൾ

മാർപ്പാപ്പായുടെ പൊതുവായ നിയോഗങ്ങൾ മാത്രമല്ല, പ്രത്യേക നിയോഗങ്ങൾക്കൂടി സഫലമാകുന്നതിനുവേണ്ടി നാം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ അവിടുത്തേ പൈതൃകഹൃദയത്തെ ഏററവും കൂടുതലായി വേദനിപ്പിച്ചുകൊണ്ടിരിക്കുന്ന വസ്തുത ഹംഗറിയിലെ കർദ്ദിനാൾ മിൻസെൻറിയുടെ അന്യായമായ അറസ്ററും ശിക്ഷയുമാണെന്നുള്ളതിനു സംശയമില്ല. ഏതത്സംബന്ധമായി ഫെബ്രുവരി 12-ാംനു അവിടുന്നു മെത്രാന്മാർക്കു നൽകിയ ഒരു റേഡിയോ സന്ദേശത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരുന്നു: "അന്ധകാരത്തിന്റെ ശക്തികളും നിരീശ്വരന്മാരും മതവിദ്ധ്വംസകരും മുമ്പൊരിക്കലും ഇപ്പോഴത്തെപ്പോലെ ഉപദ്രവകാരികളും ദുഢപ്രതരുമായി വർത്തിച്ചിട്ടില്ല." ആകയാൽ ഈ വിഷമഘട്ടത്തിൽ നമ്മുടെ പ്രാർത്ഥനകൾ ശതഗുണീഭവിപ്പിക്കണമെന്നു് തിരുമേനി പ്രത്യേകം ഉൽബോധിപ്പിച്ചു. കൂടാതെ, ഏപ്രിൽ 3-ാംനു ഒരു പ്രാർത്ഥനാദിനമായി ആചരിക്കണമെന്നു നിർദ്ദേശിക്കയും, അന്നു രണ്ടു കർബാന ചൊല്ലുന്നതിനു എല്ലാ വൈദികർക്കും അനുമതി നൽകുന്നതായി പ്രസ്താവിക്കയും ചെയ്തു. വിശുദ്ധ വത്സരം സമാഗതമായിരിക്കുന്നതിനാൽ നാം പൂർവ്വാധികം പ്രാർത്ഥനാനിരതരായി വർത്തിക്കുന്നതിനു അതൊരു വിശേഷാൽ ന്യായം കൂടിയാണു്. ഈ ദുശപരിതഃസ്ഥിതികൾ പരിഗണിച്ചു് ജപാപ്പസ്തോലസഖ്യാംഗങ്ങൾ എന്ന നിലയിലും, കത്തോലിക്കർ എന്ന നിലയിലും പ്രാർത്ഥനാസമരം നടത്തുന്നതിനു നമുക്കുള്ള ചുമതല നമുക്കു നിർവ്വഹിക്കാം.

### ഇൻഡ്യയെ രക്ഷിക്കണം

"കമ്മ്യൂണിസ്റ്റു് ദുർഭൂതം ലോകത്തെ മുഴുവൻ ഗ്രസിക്കാൻ പോകുന്ന ഈ വിപദ്ഘട്ടത്തിൽ ജാഗ്രതയോടെ ചുററും വീക്ഷിക്കുക; ഇൻഡ്യയെ ഒരു റഷ്യൻ കോളനിയാക്കിത്തീർക്കാൻ വേണ്ടി പ്രയത്നിക്കുകയാണു് ഇവിടത്തെ കമ്മ്യൂണിസ്റ്റുകാർ. വിദ്യാർത്ഥികൾ ഇതു മനസ്സിലാക്കി ഇൻഡ്യയെ രക്ഷിക്കുവാൻ തയ്യാറാവുക" എന്നിങ്ങനെയാണു തേവര വിദ്യാർത്ഥിയൂണിയന്റെ ആഭിമുഖ്യത്തിൽ കോളെജു് പ്രിൻസിപ്പാളിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ഒരു അമേരിക്കൻ മിഷനറിയായ ഡോക്ടർ ഷെർവുഡ് എഡ്ഡി വിദ്യാർത്ഥികളെ ഉൽബോധിപ്പിച്ചതു്. അദ്ദേഹം ഇങ്ങനെ തുടർന്നു: "സമാധാനദൂതനായ ഗാന്ധിജിയുടെകൂടെ ഞാൻ സബർമതിയിൽ വളരെക്കാലം വസിച്ചിട്ടുണ്ടു്. അദ്ദേഹം അക്രമരാഹിത്യവും അഹിംസയും ആത്മീയ ശക്തിയും പ്രയോഗിച്ചു് നാല്പതുകോടി ജനങ്ങളെ പാരതന്ത്ര്യപാരാവാരത്തിൽ നിന്നും വിമുക്തരാക്കിയ ഒരു മഹാനാണു്. ജോർജ്ജു് വാഷിങ്ടണാകട്ടെ ഏഴു നീണ്ട സംവത്സരത്തെ കഠിനസമരത്തിനുശേഷമാണു് അമേരിക്കൻ ഐക്യനാടുകളെ ബ്രിട്ടീഷു് നുകത്തിൽനിന്നു വിമോചിപ്പിച്ചതു്. ഞാൻ 52 വർഷങ്ങൾക്കു മുൻപു് ഇൻഡ്യയിൽ വന്നതാണു്. ഈ വർഷങ്ങൾക്കിടയിൽ റഷ്യ, ചൈന, ബർമ്മ

# കർദ്ദിനാളിനെ വധിക്കുമോ?

## ഹംഗേറിയൻഗവമ്മെൻറിന്റെ അപ്പീൽശ്രമം

### ബ്രിട്ടീഷ് വിദേശകാര്യാലയത്തിൽനിന്നുള്ള പ്രസ്താവന

കർദ്ദിനാൾ മിൻസെൻറിയുടെമേലുണ്ടായിട്ടുള്ള വിധിയെപ്പററി ബ്രിട്ടീഷ് ഫോറിൻ ഓഫീസ് പുറപ്പെടുവിച്ചിരിക്കുന്ന ഒരു പ്രസ്താവനയിൽ ഇങ്ങനെപറഞ്ഞിരിക്കുന്നു: "ചാരവൃത്തിയെയും രാഷ്ട്രീയ ഗൂഢാലോചനകളെയുംപററിയുള്ള പ്രസ്താവം കമ്മ്യൂണിസ്റ്റ് രാഷ്ട്രവും, സ്വതന്ത്രമായ സംഘടിതമതവും തമ്മിലുള്ള യഥാർത്ഥ സമരത്തെ ഗോപനം ചെയ്യുന്നതിനുദ്ദേശിച്ചിട്ടുള്ള ഒരു ധൂമയവനിക മാത്രമാകുന്നു. അതേ സമയംതന്നെ കർദ്ദിനാൾ മിൻസെൻറിയുടെ ജീവനെ അപഹരിക്കുന്നതിനു് ഹംഗേറിയൻ ഗവമ്മെണ്ടു യത്നിച്ചുകൊണ്ടിരിക്കുന്നു. ഫെബ്രുവരി 8-ാംനുതന്റെമേലുണ്ടായ ജീവപര്യന്തത്തടവിനെപ്പററി കർദ്ദിനാൾ അപ്പീൽ കൊടുക്കുന്നതാണു്. പബ്ളിക്ക് പ്രോസിക്യൂട്ടരും അപ്പീൽ കൊടുക്കുന്നതായിരിക്കും. കർദ്ദിനാളിനെ വധശിക്ഷയ്ക്കു വിധിക്കണമെന്നതാണു" അദ്ദേഹത്തിന്റെ അപ്പീൽ.

കർദ്ദിനാളിന്റെപേരിലുണ്ടായ വിധിയെത്തുടർന്നു്, സഭയുമായി ഒരു തീരുമാനമുണ്ടാക്കുവാൻ കൂടിയാലോചന നടത്തുന്നതിനു തയാറാണെന്നു കമ്മ്യൂണിസ്റ്റു് ഗവമ്മെണ്ടു പ്രസ്താവിക്കുകയുണ്ടായി. എന്നാൽ കൂടിയാലോചനകൾക്കു അടിസ്ഥാനമായി അവർ ഉന്നയിച്ച വ്യവസ്ഥകൾ, കർദ്ദിനാൾ മിൻസെൻറി ശക്തിയായി എതിർത്തിട്ടുള്ള തത്വങ്ങൾ എല്ലാം ഉൾക്കൊള്ളുന്നവയായിരുന്നു.

കർദ്ദിനാളിന്റെപേരിലുണ്ടായ വിധിയെപ്പററി മുൻകൂട്ടിത്തന്നെ യാതൊരു രഹസ്യവും ഉണ്ടായിരുന്നില്ല. വിചാരണ ആരംഭിക്കുന്നതിനു് ആറുദിവസം മുൻപു്, കർദ്ദിനാളിന്റെ പേരിൽ ആരോപിക്കപ്പെട്ടിട്ടുള്ള എല്ലാ കുററങ്ങളും അദ്ദേഹം ചെയ്തിട്ടുണ്ടെന്നു ഹംഗേറിയൻ പ്രധാനമന്ത്രി പ്രസ്താവിക്കുകയുണ്ടായി. ഇതൊരു ന്യായാഭാസമായ വിചാരണ മാത്രമായിരിക്കുമെന്നുള്ളതിനെപ്പററി യാതൊരു സംശയവും ഉണ്ടായിരുന്നില്ല. അതുപോലെതന്നെ കിരാതോചിതമായ ഒരുശിക്ഷാവിധി ഉണ്ടാകുമെന്നുള്ളതിനെപ്പററിയും തർക്കമുണ്ടായിരുന്നില്ല. എന്നാൽ കർദ്ദിനാൾ കൂട്ടിൽകയറിനിന്നു താൻ കുററക്കാരനാണു് എന്നുപറയുമെന്നുള്ളതിനു യാതൊരു സൂചനപോലും ഉണ്ടായിരുന്നില്ല.

കമ്മ്യൂണിസ്റ്റു് മോസ്കോയുടെയും അതിന്റെ ഉപഗ്രഹങ്ങളുടെയും ക്രിസ്ത്യൻ എതിരാളികളെ ഉൻമൂലനം ചെയ്യുന്നതിനുള്ള ഒരു ആയുധം മാത്രമാണു് കമ്മ്യൂണിസ്റ്റു് നീതിന്യായനിർവഹണമെന്നു ഹംഗേറിയൻ കമ്മ്യൂണിസ്റ്റുകാർ ഇപ്പോൾ എവരേയും ബോദ്ധ്യപ്പെടുത്തിയിരിക്കുന്നു. ഈ വസ്തുതയിൽ ലോകത്തിലെ പത്രങ്ങളെല്ലാം ഏകാഭിപ്രായമായിരിക്കുന്നു.

ബുഡാപ്പെസ്റ്റിലെ ജനകീയകോടതിയിൽ അഞ്ചു കമ്മ്യൂണിസ്റ്റു് ഇൻക്വിസിററർമാരുടെ മുമ്പാകെ, മൂന്നു ദിവസംകൊണ്ടു വളരെ വേഗം കഴിച്ചുകൂട്ടിയ വിചാരണ, എല്ലാ സ്വതന്ത്രജനവിഭാഗങ്ങളെയും സംബന്ധിച്ചിടത്തോളം, കർദ്ദിനാളിന്റെ മേലുള്ള വിചാരണയല്ലാ, കമ്മ്യൂണിസ്റ്റു് ഗവമ്മെണ്ടിന്റെ മേലുള്ള വിചാരണയാണു്. ഗവമ്മെണ്ടിന്റെ "മഞ്ഞപ്പുസ്തക"ത്തിലെ "ഏററുപറച്ചിലുകൾ", വിചാരണ ആരംഭിക്കുന്നതിനു മുൻപുതന്നെ, ഏററവും കൂടുതൽ ശിക്ഷ നൽകണമെന്നുണ്ടായ മുറവിളി, "ഈ നികൃഷ്ട ശത്രു"വിനെപ്പററി പ്രധാനമന്ത്രി കാലേക്കൂട്ടി ചെയ്ത ആക്ഷേപം, ഇവയെല്ലാം വിചാരണ കേവലം നിയമവേഷം ധരിച്ചു നടക്കുന്ന പ്രതികാരം മാത്രമാണെന്നു പ്രത്യക്ഷമാക്കിയിരുന്നു.

ജഡ്ജിമാർ നിർബന്ധിച്ചപ്പോൾ കർദ്ദിനാൾ ചില സംഗതികൾ ഏററുപറയുകയുണ്ടായി. എന്നാൽ പൊളിററിക്കൽ പോലീസു് ഹെഡ്ക്വാർട്ടേഴ്സിൽ 40 രാത്രിയും പകലും ഉണ്ടായ തടങ്കൽവേളയിലെ രഹസ്യം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിനുണ്ടായ രൂപാന്തരീഭാവത്തിൽതന്നെ വ്യക്തമായിരുന്നു. ഏതാനും ആഴ്ചകൾക്കുമുൻപു് അദ്ദേഹം സഭയുടെയും ജനങ്ങളുടെയും ബലിഷ്ഠനായസംരക്ഷകനായിരുന്നു; രാജ്യത്തെ ഭൗതികമാത്രമാക്കുവാനുള്ള എല്ലാ പദ്ധതികളുടെയും ശക്തനായ എതിരാളിയായിരുന്നു. രാജ്യത്തിന്റെ മതപരമായ സദ്ഭാവിയെ അപകടപ്പെടുത്തുന്ന ഏതു് ഒത്തുതീർപ്പുകൾക്കും എതിരായിരുന്നു. അദ്ദേഹത്തിന്റെ അവസാനത്തെ സ്വതന്ത്രവാക്കുകൾ, അദ്ദേഹത്തിന്റെമേൽ ചുമത്തപ്പെട്ട രാജ്യദ്രോഹത്തിനും ഗൂഢാലോചനകൾക്കും എതിരായുള്ള ഒരു നിഷ്കളങ്കതാപ്രഖ്യാപനമായിരുന്നു.

കോടതിയിൽ അദ്ദേഹം ശാരീരികമായി ഭയചകിതനായും മാനസികമായി സംഭ്രമചിത്തനായും കാണപ്പെട്ടു. കുഴിച്ച കണ്ണുകളോടും വിളത്ത മുഖഭാവത്തോടുംകൂടിയവനായിരുന്നു. അവിടെ വച്ചു അദ്ദേഹം താൻ ഏതേതുതത്വങ്ങൾക്കുവേണ്ടി നിലകൊണ്ടിരുന്നുവോ അവയിൽ പലതും പിൻവലിച്ചതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. "ചില സംഗതികളെ ഞാൻ ഇന്നു കാണുന്നതുപോലെ അന്നു കണ്ടിരുന്നില്ലാ"യെന്നു അദ്ദേഹം പ്രധാന ജഡ്ജിയോടു പറയുകയുണ്ടായി.

രാജ്യം വിട്ടുപോകുവാൻ സുഹൃത്തുക്കൾ ചെയ്ത അഭ്യർത്ഥനയെയും ഗവമ്മെൻറിന്റെ സൂചനയേയും വളരെമോസത്തേക്കു അദ്ദേഹം നിഷേധിക്കുകയാണു ചെയ്തിട്ടുള്ളതു്. എന്നാൽ കോടതിയിൽ ഹാജരാക്കപ്പെട്ട ഒരു കത്തു് ജനുവരി 23-ാംനു താൻ എഴുതിയതാണെന്നു അദ്ദേഹം സമ്മതിച്ചു. അതിൽ കാർമാർഗ്ഗവും വിമാനം മുഖേനയും നാട്ടിൽനിന്നു് രക്ഷപെടുവാൻ ഏർപ്പാടുചെയ്യണമെന്നു് ബുഡാപ്പെസ്റ്റിലെ അമേരിക്കൻ സ്ഥാനപതിയോടു് അപേക്ഷിക്കുന്നതായി പ്രസ്താവിച്ചിരുന്നു. ഈ പരിവർത്തനങ്ങൾ വരുത്തിയ മാർഗ്ഗം ഒരു രഹസ്യമായിരിക്കുന്നു. അതു ലോകത്തിൽനിന്നു മറയ്ക്കപ്പെട്ടിരിക്കുകയാണു്.

കർദ്ദിനാൾ സ്പെൽമൻ ഫെബ്രുവരി 6-ാംനു ഞായറാഴ്ച ന്യൂയോർക്കിൽവച്ചു് ഇങ്ങനെ പ്രസ്താവിച്ചു: "പീഡനങ്ങളും ഔഷധപ്രയോഗങ്ങളും അദ്ദേഹത്തെ മാനുഷികസഹായത്തിന്റെ പരിധിയിൽനിന്നു അകററിയിരിക്കുന്നു."

വത്തിക്കാൻപത്രമായ ഒസർവത്തോരെ റൊമാനൊ പ്രസ്താവിച്ചു: കർദ്ദിനാൾ മിൻസെൻറി തന്റെ കുററം "ഏററുപറയുന്ന"തിനു മുൻപു അദ്ദേഹത്തിന്റെ മാനസികശക്തികളെ, മർദ്ദനംമൂലം നശിപ്പിച്ചിരുന്നു. സ്വതന്ത്രമനുഷ്യന്റെ വാക്കുകളെ ഞങ്ങൾ വിശ്വസിക്കുന്നു; എന്നാൽ തടങ്കലിലെ ഒരു യാന്ത്രികവ്യക്തിയുടെ പ്രകടനങ്ങളെ ഞങ്ങൾ വിശ്വസിക്കുകയൊ അതിനു് എന്തെങ്കിലുംവില കല്പിക്കുകയൊചെയ്യുന്നില്ല."

ഏതാനുംഅടി അകലെയായി തോക്കുധാരികളായ സൈന്യവും പോലീസും കാവൽനിൽക്കുന്ന ഒരു കെട്ടിടത്തിലെ ചെറിയ മുറിയിൽ, സാക്ഷികളായി ഏതാനും പൊതുജനങ്ങൾ മാത്രമുള്ള ഘട്ടത്തിലാണു് കർദ്ദിനാൾ മിൻസെൻറി, ഹംഗറിയിലെ പ്രധാന കമ്മ്യൂണിസ്റ്റു് ജഡ്ജിയായ എം. കാറൾ ഒൾട്ടിയേയും, കമ്മ്യൂണിസ്റ്റു് നിയന്ത്രണത്തിലുള്ള പീപ്പിൾസ് ഫ്റണ്ടിലെ മററു നാലു ജഡ്ജിമാരേയും അഭിമുഖീകരിച്ചതു്. കർദ്ദിനാളിന്റെ ഡിഫൻസ് വക്കീലായ എം കിസ്കോപോലും തന്റെ കമ്മ്യൂണിസ്റ്റ്ബന്ധം പ്രകടമാക്കുകയുണ്ടായി. "ജനങ്ങളുടെ ജനാധിപത്യത്തെ കുപ്രസിദ്ധമായി എതിർക്കുന്ന വത്തിക്കാനിലെ ഇമ്പീരിയലിസ്റ്റ്കളെ"യും "വിദേശപിന്തിരിപ്പൻ പത്രങ്ങ"ളെയും അദ്ദേഹം ശക്തിയായി ആക്ഷേപിക്കുകയുണ്ടായി.

കർദ്ദിനാളിന്റെമേൽ ചുമത്തപ്പെട്ടിട്ടുള്ള ഗൂഢാലോചനാരോപണം പിൻവലിക്കപ്പെട്ടെങ്കിലും, വിചാരണാഘട്ടത്തിൽ, അദ്ദേഹം ഒരു ചാരനാണെന്നു മോസ്കോ ആക്ഷേപിക്കുകയുണ്ടായി. ഗവമ്മെണ്ടു പ്രോസിക്യൂട്ടർ എം അലാപ്പി തന്റെ പ്രസംഗം അവസാനിപ്പിച്ചതു് സുസംഘടിതമായ ഒരു ചാരസംഘടനയെ കർദ്ദിനാൾ വളരെയധികം സഹായിച്ചിരിക്കുന്നുവെന്നു ആക്ഷേപിച്ചുകൊണ്ടാണു്.

കർദ്ദിനാളിന്റെ പിന്നിലുള്ള ബഞ്ചുകളിൽ 30 റിപ്പോർട്ടർമാരുണ്ടായിരുന്നു. അവരിൽ മഹാഭൂരിപക്ഷവും കമ്മ്യൂണിസ്റ്റു് പത്രങ്ങളുടെ ലേഖകന്മാരായിരുന്നു. വിദേശപത്രപ്രതിനിധികൾആർക്കും ഹംഗേറിയൻ ഭാഷ വശമായിരുന്നില്ല. പശ്ചിമരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റല്ലാത്ത പത്രങ്ങളുടെ ഒരു പ്രതിനിധി മാത്രമേ അക്കൂട്ടത്തിലുണ്ടായിരുന്നുള്ളു. ബി ബി സി ക്കു കോടതിയിൽ പ്രവേശനം നിഷേധിക്കപ്പെട്ടു. നിരീക്ഷകന്മാരെ അയക്കുവാൻ ബ്രിട്ടീഷ് അമേരിക്കൻ ഗവമ്മെണ്ടുകൾക്കു അനുവാദം നൽകപ്പെട്ടിട്ടില്ല.

വെള്ളിയാഴ്ച വൈകുന്നേരം പത്രറിപ്പോർട്ടർമാരെ ഗവമ്മെണ്ടു് ക്ഷണിച്ചു് ഒരു കോൺഫറൻസ് നടത്തി. ഒരു ഗവമ്മെണ്ടുദ്യോഗസ്ഥൻ അവരോടു പറഞ്ഞു: "വിദേശങ്ങളിൽ വളരെയധികം എഴുതപ്പെട്ടിരിക്കുന്നതുപോലെ മിൻസെൻറി ധീരനായ ഒരു പുരുഷനേയല്ല. അദ്ദേഹം ഒരു വീരനേയല്ല നേരെ മറിച്ചു് അദ്ദേഹം വളരെ ദുർബലനും ദയാർഹനുമായ ഒരാളാകുന്നു. അദ്ദേഹം ഒരു വീരനല്ലെന്നും അദ്ദേഹത്തിനുവേണ്ടി എന്തെങ്കിലും വാദിക്കത്തക്ക യോഗ്യത അദ്ദേഹത്തിനില്ലെന്നും നിങ്ങൾ നിങ്ങളുടെ പത്രാധിപാഫീസുകളെ ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിക്കണം."

ഇത്തരം പ്രസ്താവനകളാലും, പീപ്പിൾസ് കോടതി, ഒരു ശരിയായ കോടതിയാണെന്നും കർദ്ദിനാളിനോടു മര്യാദയായി പെരുമാറിയെന്നും ലോകത്തെ ഉദ്ബോധിപ്പിക്കുവാൻ പത്രലേഖകന്മാരോടു നിരന്തരം ചെയ്യുന്ന അഭ്യർത്ഥനകളാലും, ഗവമ്മെൻറു തന്നെയാണു വിചാരണ ചെയ്യപ്പെടുന്നതെന്ന വസ്തുതയെ പരോക്ഷമായി അംഗീകരിക്കയാണു ചെയ്യുന്നതു്. നീതി നടത്തിയെന്നു ഒരു ഭാവന ഉണ്ടാക്കിത്തീർക്കുവാനുള്ള ഗവമ്മെൻറിന്റെ എല്ലാ യത്നങ്ങളെയും മോസ്കോയിൽ നിന്നുള്ള പ്രചരണം നശിപ്പിച്ചിരിക്കുന്നു. വിചാരണയുടെ ഒന്നാംദിവസം മോസ്കോ റേഡിയോ അതിന്റെ റിപ്പോർട്ടു ആരംഭിച്ചതു് ഇങ്ങനെയാണു്: "രാജ്യദ്രോഹികൾ അവരുടെ വിധിയാളന്മാരെ അഭിമുഖീകരിക്കുന്നു."

വത്തിക്കാൻ റേഡിയോ വിമർശങ്ങളെ ദുശ്രാവ്യമാക്കിത്തീർക്കുവാനും കമ്മ്യൂണിസ്റ്റുകാർ ശ്രമിച്ചുകൊണ്ടിരുന്നു. കർദ്ദിനാളിന്റെ മേലുള്ള വിധി ഉച്ചരിച്ചുകഴിഞ്ഞപ്പോൾ പബ്ളിക്ക് പ്രോസിക്യൂട്ടർ എഴുന്നേററു കർദ്ദിനാളിനെ തൂക്കിക്കൊല്ലണമെന്നു ആവശ്യപ്പെടുകയുണ്ടായി. സുപ്രിംകോടതി മുൻപാകെ അപ്പീൽകൊടുക്കണമെന്നുള്ള തന്റെ വക്കീലിന്റെ അഭ്യർത്ഥനയെ കർദ്ദിനാൾ മിൻസെന്തി സമ്മതിച്ചിരിക്കുന്നു. ഫാദർ ഇസ്ത്വാങ്കി, ഡോക്ടർ ബരാനിയ, ഡോക്ടർ നാഗി, ഡോക്ടർ ടോത്തു് എന്നിവരും അപ്പീൽ കൊടുക്കുവാൻ സമ്മതിച്ചു. എന്നാൽ മോൺ സാക്കർ, പ്രിൻസ് എസ്റ്റർഹാസിഎന്നിവർ വിസമ്മതിച്ചു.

അപ്പീൽ കൊടുത്തിരിക്കുന്ന കർദ്ദിനാൾ മുതലായവരെ പ്രാരംഭതടങ്കലിൽ വെച്ചുകൊണ്ടിരിക്കുന്നതാണു്. കർദ്ദിനാളിനു നൽകപ്പെട്ടിരിക്കുന്ന കർക്കശമായ ശിക്ഷയുടെ ഫലം, ഇപ്പോഴത്തെ ഭരണം നിലനിൽക്കുന്ന കാലത്തോളമെങ്കിലും അദ്ദേഹം പുനഃപ്രത്യക്ഷനാകുന്നതിൽനിന്നു് അദ്ദേഹത്തെ തടയുവാൻ സാധിച്ചിരിക്കുന്നു എന്നതാണെന്നു ഒസർവത്തോരെ റൊമാനോ പ്രസ്താവിക്കുന്നു. തങ്ങൾക്കു ഏററവുമധികം പ്രയോജനകരമായവിധം പ്രതിക്കു ഏററവും കൂടുതൽ ദോഷം ചെയ്യുവാനാണു പീപ്പിൾസ കോടതി ശ്രമിച്ചതു്.

---

തുടങ്ങി മുപ്പതിലധികം രാജ്യങ്ങളിൽ ഞാൻ സഞ്ചരിക്കുകയും താമസിക്കുകയും ചെയ്തിട്ടുണ്ടു്. റഷ്യയിലെ താമസത്തിനിടയിൽ—ഞാൻ 15 പ്രാവശ്യം റഷ്യ സന്ദർശിച്ചിട്ടുണ്ടു്—ഇരുമ്പുയവനികയ്ക്കകത്തു നടക്കുന്ന ഘോരസംഭവങ്ങളുടെ നീചസ്വഭാവം ഗ്രഹിക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ടു്. റഷ്യയിൽ വ്യക്തിസ്വാതന്ത്ര്യം അശേഷംപോലുമില്ല. നാല്പതു ഏകാധിപതികളുടെ ചവിട്ടടികൾക്കിടയിൽ കിടന്നു് വീർപ്പുമുട്ടുകയാണു് അവിടത്തെ ജനങ്ങൾ. "റഷ്യ പാലും തേനും ഒഴുകുന്ന നാടാണു്, സമത്വസുരഭിലമാണു് ആ പറുദീസാ" എന്നെല്ലാം പറയുന്നതു് പച്ചക്കള്ളമാണു്. റഷ്യൻ ഏജൻറുകളായ കമ്മ്യൂണിസ്റ്റുകാരുടെ കപടവിദ്യകളിൽ ഒന്നുമാത്രമാണു് ഇത്തരം പ്രചരണം. ഇൻഡ്യയിൽ ഒരാളുടെ വാർഷികാദായം ജവഹർലാൽ നെഹ്റു പറഞ്ഞിട്ടുള്ളതുപോലെ 65 க. യാണു്. ചൈനയിൽ അതു അല്പം കൂടുതലായിരിക്കാം. അതിനെക്കാൾ വളരെയൊന്നും കൂടുതലല്ല വാസ്തവത്തിൽ റഷ്യയിലെ ഒരാളുടെ വാർഷികാദായം. റഷ്യൻ പ്രചരണവകുപ്പുകാർ ചെയ്യുന്ന കള്ളപ്രചരണങ്ങൾമൂലം വാസ്തവം മനസ്സിലാക്കുവാൻ മനുഷ്യർ വിഷമിക്കുകയാണു് എന്നുമാത്രം. റഷ്യയിലെ തൊഴിലാളികളുടെ നില വളരെ ശോചനീയമാണു്." 15 പ്രാവശ്യം റഷ്യ സന്ദർശിച്ചിട്ടുള്ള ഡോക്ടർ എസ്റ്റി സ്വാനുഭവത്തെ ആധാരമാക്കി നൽകുന്ന ഈ സാക്ഷ്യം റഷ്യ ഒരു ഭൗമിക പറുദീസയാണെന്നു വിശ്വസിക്കുന്നവരുടെ കണ്ണു തുറപ്പിക്കുന്നതിനു പര്യാപ്തമായിരിക്കുമെന്നു വിശ്വസിക്കുന്നു.

## അടുത്ത ആഴ്ചയിൽ

മാർച്ചു്

6 ഞാ: നോമ്പു് 1-ാം ഞാ. പാപ്പാ ദിനം

7 തി: തോമസ് അക്വിനാസ്

8 ചൊ: ദൈവത്തിന്റെ യോഹന്നാൻ

9 ബു: വിധവ ഫ്റംസീസ്കാ

10 വ്യാ: നാല്പതു വേദസാക്ഷികൾ

11 വെ: കോൺസ്റ്റാൻറീനൂസ്

12 ശ: ഗ്രിഗോരിയോസ്. 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ കിരീടധാരണം

---

## മരണത്തിനുമുമ്പു്

### മാനസാന്തരം

മൂന്നു കൊലപാതകം നടത്തി എന്ന കാരണത്താൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട 24 വയസ്സായ റോബർട്ടു ഡാനിയേൽസ് എന്ന അമേരിക്കൻ, ഓഹിയോ സ്റ്റേററിലെ കാരാഗൃഹത്തിൽവച്ചു് കത്തോലിക്കനായിരിക്കുന്നു. വധത്തിനുപയോഗിക്കുന്ന വൈദ്യുതകസേരയിൽ അയാൾ ആസനസ്ഥനായതു് "ആകാശങ്ങളിലിരിക്കുന്ന" ജപവും "നന്മനിറഞ്ഞമറിയവും" "തേററത്തിന്റെ പ്രകാരവും" ചൊല്ലിക്കൊണ്ടാണു്. ഇലക്ട്രിക്ക് കറൻറു് തന്നിലേക്കു പ്രവഹിക്കുന്നതിനുമുമ്പു് അയാൾ "ഈശോയുടെ തിരുഹൃദയമേ! നിന്നിൽ ഞാൻ ശരണപ്പെടുന്നു" എന്നു മൂന്നു പ്രാവശ്യം ഉരുവിടുകയുണ്ടായി. താൻ ധരിച്ചിരുന്ന ഉത്തരീയവും അത്ഭുതമാതാവിന്റെ കാശുരൂപവും മരണസമയത്തു് തന്റെ ദേഹത്തുതന്നെ ഉണ്ടായിരിക്കണമെന്നും അയാൾ നിഷ്കർഷിച്ചിരുന്നു. ഡാനിയേൽസ് കാരാഗൃഹത്തിൽ പ്രവേശിച്ച ദിവസംതന്നെ ഒരു വൈദികനെ കാണണമെന്നു ആവശ്യപ്പെടുകയുണ്ടായി. കാരാഗൃഹചാപ്ളൻ ഫാദർ ലൂസിയർ ഒ. പി. യാണു് അയാൾക്കു വേണ്ട മതോപദേശം നൽകിയതു്. ഡാനിയേൽസിന്റെ മാനസാന്തരം വധശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്ന ഹാരോൾഡു ബീച്ചു് എന്നയാളുടെ മാനസാന്തരത്തിനും ഹേതുകമായി ഭവിച്ചിരിക്കുന്നു. അദ്ദേഹം ഇപ്പോൾ മതകാര്യങ്ങൾ പഠിച്ചുവരികയാണു്.

## സന്ധിയില്ലാസമരം

(5-ാം പേജ് തുടർച്ച)

ഷ്യനും അവന്റെ സ്ഥാപനങ്ങൾക്കും രാഷ്ട്രം അധീനമായിരിക്കണമെന്നാണ്. ഒന്നിന്റെ സിദ്ധാന്തം രാഷ്ട്രത്തിനു സർവ്വവല്ലഭത്വം കല്പിക്കുന്നു. മറേറതു് സ്ഥാപിക്കുന്നതു് സർവ്വവല്ലഭത്വം ദൈവത്തിനുമാത്രമെയുള്ളുവെന്നാണ്. ഒന്നു് കുടുംബത്തിന്റെ പാവനതയെ ഹനിക്കുമ്പോൾ മറേറതു് സകല സമൂഹത്തിന്റെയും അടിസ്ഥാനഘടകം കുടുംബമാണെന്നു് പഠിപ്പിക്കുന്നു. കമ്മ്യൂണിസം കുടുംബബന്ധത്തിനു ശൈഥില്യം വരുത്തുന്നു. ക്രിസ്തുമതം അതിനെ സർവ്വഥാ പരിപോഷിപ്പിക്കുന്നു. ഒന്നു വർഗ്ഗസമരത്തെ താലോലിക്കുമ്പോൾ രണ്ടാമത്തേതു് വർഗ്ഗീയവും വിഭാഗപരവുമായ സകല ഭിന്നതകളേയും അകററുവാൻ ഉററു ശ്രമിക്കുകയാണ്. മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള ഒരാളിനുവേണ്ടി വോട്ടുചെയ്തു അയാളെ തിരഞ്ഞെടുത്തുവെന്നു് പ്രഖ്യാപിക്കുന്നതിൽ മാത്രമാണ് കമ്മ്യൂണിസ്റ്റ് രീതിപ്രകാരം ജനങ്ങളുടെ രാഷ്ട്രീയാവകാശം സ്ഥിതിചെയ്യുന്നതു്.

ക്രൈസ്തവാദർശപ്രകാരമുള്ള ജനാധിപത്യത്തിൽ ഓരോ പൗരനും ഒരു രാഷ്ട്രീയകാര്യജ്ഞനാണ്. അയാളുടെ അഭിമതാനുസരണവുമാണ് ആരെങ്കിലും ഒരാൾ ഭരണാധിപനായിത്തീരുന്നതും. ഒരു കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തിൽ സകല രാഷ്ട്രീയശക്തികളും ഉന്നതസ്ഥാനത്തിൽനിന്നും ചുരുക്കം ചില പാർശ്വവർത്തികൾക്കായി നീക്കിവെക്കപ്പെടുന്നു. സർവ്വോപരി കമ്മ്യൂണിസം പരമസത്യത്തെ നിഷേധിക്കുന്നു. പത്രപ്രവർത്തനത്തിലും, രാഷ്ട്രീയകാര്യങ്ങളിലും, കമ്മ്യൂണിസ്റ്റ് ശാസ്ത്രത്തിൽപ്പോലും എന്നുവേണ്ട സകലത്തിലുമുള്ള സത്യം സർവ്വദാ പ്രമാദരഹിതനെന്നു നടിക്കുന്ന സ്റ്റാലിൻതന്റെ ഇഷ്ടാനിഷ്ടങ്ങൾപ്രകാരം പ്രഖ്യാപിക്കുന്നതല്ലാതെ മറെറാന്നുമല്ല.

ഉടമ്പടികളും സന്ധികളും കമ്മ്യൂണിസ്റ്റ് പ്രമുഖന്മാർക്കു് കേവലം തൃണമാണ്. കഴിഞ്ഞ 15 കൊല്ലങ്ങളായിട്ടു് അമേരിക്കയും റഷ്യയും തമ്മിൽ എത്രയെത്ര ഉടമ്പടികളിൽ ഏർപ്പെട്ടു! സോവ്യററഷ്യയുടെ സത്യസന്ധതയെപ്പററി അറിയണമെന്നുള്ളവർ അവയുടെ ലംഘനത്തിന്റെ നീണ്ട പട്ടികയിലേക്കു ഒന്നു കണ്ണോടിച്ചാൽമതി. എന്നാൽ ഒരേഒരപവാദം മാത്രമുണ്ടു്. അതായതു് പോളണ്ടിനെ ജർമ്മനിക്കുകൂടി പകുത്തുകൊടുക്കുന്നതു സംബന്ധിച്ചുണ്ടായ ഉടമ്പടി പാലിക്കപ്പെട്ടിട്ടുണ്ടെന്നു പറയാം.

കമ്മ്യൂണിസത്തോടു എതിരിടുകയും സമരം ചെയ്യുകയും ചെയ്യേണ്ടതു് ക്രിസ്ത്യാനികളുടെമാത്രം കടമയല്ല. സമാധാനവും സദാചാരവും അഭിലഷിക്കുന്ന സകല മനുഷ്യരാശിയുടെയും ഗുരുതരമായ ചുമതലയാണതു്. ഉത്തമക്രിസ്ത്യാനിയായി ജീവിക്കുകയെന്നുള്ളതു് ശ്രമസാദ്ധ്യമായ ഒരു കാര്യമാണ്. ഈ കാരണംകൊണ്ടുകൂടിയാണ് ഭൗതികമാത്രമായ സിദ്ധാന്തത്തിൽ വിശ്വസിക്കുന്നവരുടെ സംഖ്യ അനുദിനം വർദ്ധിച്ചുവരുന്നതു്. സ്വകീയമായ ആദർശങ്ങളെ നടപടിയിലാക്കുന്നതിനും പ്രക്ഷോഭണം ഇളക്കിവിടുന്നതിനും കമ്മ്യൂണിസ്റ്റുകാർ അനുസ്യൂതം നടത്തുന്ന സമർത്ഥമായ പ്രചരണജോലി അവരുടെ ഒരു വമ്പിച്ച ശക്തിതന്നെയാണ്. അപൂർവ്വം അവസരങ്ങളിൽ ആ സിദ്ധാന്തപ്രകാരം ജീവിക്കുന്നതിനും അവരിൽ ചിലർ തല്പരരാണ്.

കമ്മ്യൂണിസ്റ്റുകാർ ശക്തിയായി ഉന്നയിക്കുന്ന ആരോപണം ക്രിസ്തുമതം പരാജയപ്പെട്ടുപോയെന്നാണ്. ക്രിസ്തുമതം ഒരിക്കൽപ്പോലും പരീക്ഷിച്ചുനോക്കാതെ അടിസ്ഥാനരഹിതമായി പുറപ്പെടുവിക്കുന്ന ഒരു വാദമാണിതെന്നു പറയാതെ തരമില്ല. ക്രിസ്തുമതം പല അവസരങ്ങളിലും ചില പരീക്ഷണങ്ങൾക്കു് വിധേയമായിട്ടുണ്ടെങ്കിലും പരാജയപ്പെട്ടുവെന്നുള്ള ആക്ഷേപം കേവലം ദുഷ്പ്രചരണംമാത്രമാണല്ലോ. നമ്മുടെ അയൽക്കാരോടുള്ള സൽപ്പെരുമാററത്തിലും ആധുനികപ്രശ്നങ്ങളെപ്പററിയുള്ള നമ്മുടെ സംസാരത്തിലും മനോഭാവത്തിലും യഥാർത്ഥക്രൈസ്തവത്വത്തിൽനിന്നും അണുപോലും വ്യതിചലിക്കാതിരിക്കുവാൻ ഓരോ ക്രിസ്ത്യാനിക്കും അത്യധികം കരുതലുണ്ടായിരിക്കണം. അവസാനം ആരുടെ ചേരിയിലാണ് മനുഷ്യരാശിയിൽ ഭൂരിഭാഗവും ചിരസ്ഥായിയായി ചെന്നുചേരുന്നതെന്നു് നമുക്കു് കാണാം.

വിജ്ഞാനവീഥി

# കത്തോലിക്കാസഭയും ഇതരക്രൈസ്തവസഭകളും

| പേരു | ഉത്ഭവസ്ഥലം | സ്ഥാപകൻ | ആരംഭവർഷം |
|---|---|---|---|
| 1 കത്തോലിക്കാസഭ | ജറുശലേം | ഈശോമിശിഹാ | 33 |
| 2 യാക്കോബായസഭ | മട്ടീൻ | യാക്കോബുബുർദ്ദാന | 543 |
| 3 ഓർത്തഡോക്സ് സഭ | കോട്ടയം | മാർബസ്സേലിയൂസ് പ്രഥമൻ | 1928 |
| 4 മർത്തോമ്മാസഭ | മാരാമൺ | മാത്യൂ മാർ അത്താനാസിയൂസ് | 1876 |
| 5 ആംഗ്ലിക്കൻസഭ | ഇംഗ്ലണ്ട് | ഹെൻറി എട്ടാമൻ | 1534 |
| 6 ലൂതറൻസഭ | ജർമ്മനി | മാർട്ടിൻ ലൂതർ | 1529 |
| 7 യൂയോമതം | കന്നിററി | യുസ്തൂസ് യൗസേഫ് | 1875 |
| 8 രക്ഷാസൈന്യം | ഇംഗ്ലണ്ട് | ഇവാൻജലൈൻബൂത്തു് | 1890 |
| 9 ബാപ്റ്റിസ്റ്റ് സഭ | റോഡ്ഐലൻഡ് | റോജർ വില്യംസ് | 1689 |
| 10 മെത്തേഡിസ്റ്റ് സഭ | ഇംഗ്ലണ്ട് | ജോൺവെസ്ലി | 1740 |
| 11 നെസ്തോറിയൻസഭ | കോൺസ്റ്റാൻറിനോപ്പിൾ | നെസ്തോറിയസ് | 431 |
| 12 അഡ്വൻറിസ്റ്റ് സഭ | ഇംഗ്ലണ്ട് | വില്യം മില്ലർ | 1844 |
| 13 എവുത്തിക്കൻസഭ | കോൺസ്റ്റാൻറിനോപ്പിൾ | എവുത്തിക്കസ് | 449 |
| 14 അനബപ്റ്റിസ്റ്റർ | ജർമ്മനി | നിക്കളോസ് സ്റ്റോക്ക് | 1521 |
| 15 കാൽവിൻമതം | സ്വിററ്സർലൻറ് | ജോൺ കാൽവിൻ | 1534 |
| 16 കാൽവിൻ, പ്രസ്ബിറേറിയൻസഭ | സ്കോട്ട്ലൻറ് | | |
| 17 കാൽവിൻ, നവീകൃതം | ഹോളൻറ് | | |
| 18 കാൽവിൻ, പൂരിററൻ | ഇംഗ്ലണ്ട് | | |
| 19 യൂനിറേററിയൻസഭ | ജർമ്മനി | ചെലാരിയൂസ് എമ്പോട്ട് | 1540 |
| 20 കോൺഗ്രിഗേഷനലിസ്റ്റ് സഭ | ഇംഗ്ലണ്ട് | റോബർട്ട് ബ്രൗൺ | 1583 |
| 21 ക്വേക്കേഴ്സ് സഭ | അമേരിക്ക & ഇംഗ്ലണ്ട് | വില്യം ജോർജ്ജ് ഫോക്സ് | 1681 |
| 22 സ്പിരിച്വലിസ്റ്റ് സഭ | ന്യൂയോർക്ക് | ഫോക്സ്ഫാമിലി | 1848 |

(തിരുസഭാചരിത്രസംഗ്രഹം)




പുരോഗമനസാഹിത്യകാരൻ: താങ്കൾ എന്റെ ലേഖനം സദയം സ്വീകരിച്ചതിൽ നന്ദിപറയുന്നു. പത്രം പ്രസിദ്ധീകരിക്കുമ്പോൾ അതിനു നല്ലൊരു സ്ഥാനം നൽകുമല്ലോ?

പത്രാധിപർ: തീർച്ചയായും. ഇപ്പോൾത്തന്നെ അതിനു ഒന്നാംസ്ഥാനമാണു ചവററുകൊട്ടയിൽ നല്കിയിരിക്കുന്നതു്.

* * *

തീവണ്ടി പെട്ടെന്നുനിന്നു. യാത്രക്കാർ ഞെട്ടി.

"എന്തുപററി! എന്തുപററി!" ഒരു മദാമ്മ ഉൽക്കണ്ഠാഭരിതയായി ചോദിച്ചു.

"സാരമില്ല. വണ്ടി ഒരു പശുവിന്റെ പുറത്തു കയറിയെന്നേയുള്ളു." ഗാർഡ് മദാമ്മയെ ആശ്വസിപ്പിച്ചു.

"അതു തീവണ്ടിപ്പാതയിൽ കിടക്കുകയായിരുന്നോ?" മദാമ്മ വീണ്ടും ചോദിച്ചു.

"അല്ല," ക്ഷോഭത്തോടെ ഗാർഡു പറഞ്ഞു, "അതു മൈതാനത്തു നിന്നു പുല്ലു തിന്നുകയായിരുന്നു. ഞങ്ങൾ വണ്ടിയോടിച്ചു കൊണ്ടുചെന്നു കയററിയതാണ്."

* * *

കുട്ടി ജനിച്ച കാര്യം അറിയിക്കാനായി പ്രവൃത്തിയാരുടെ അടുക്കൽ ചെന്ന ഗ്രാമീണവൃദ്ധൻ ജനൽക്കൽ നിന്നു്: "സാറന്മാരേ, എന്റെ വീട്ടിൽ ഇന്നലെ രണ്ടു കുട്ടികൾ ജനിച്ചിട്ടുണ്ടു്."

"താനെന്തിനാ സാറന്മാരേ എന്നു വിളിക്കുന്നതു്. ഞാനൊരാളല്ല ഒള്ളു. തനിക്കു കാണാൻ പാടില്ലേ?"

"ഓരാളേ ഉള്ളോ? അങ്ങനെയാണെങ്കിൽ വീട്ടിൽ പോയി എത്ര കുട്ടികളുണ്ടെന്നു് ഒന്നുകൂടി നോക്കണം. ഒരു പക്ഷേ ഇരട്ടയല്ലെന്നു വരുമോ?"

* * *

പുതിയ വേലക്കാരി കാലത്തേതന്നെ കൈയിൽ ഒരു ഗ്ലാസ് പാലുമായി വന്നപ്പോൾ ഗൃഹനായിക: "മേരി. ഞാൻ പറഞ്ഞിട്ടില്ലേ ഇങ്ങനെ കൊണ്ടുവരരുതെന്നു്? എപ്പോഴും ഒരു ട്രേയിൽ (പദാർത്ഥങ്ങൾ നിറച്ച പാത്രങ്ങൾ വച്ചുകൊണ്ടു നടക്കാനുള്ള പരന്ന തട്ടം) കൊണ്ടുവരണം."

അടുത്ത ദിവസം ട്രേയിൽ പാലൊഴിച്ചുകൊണ്ടു് വാതിൽക്കൽ എത്തിയ മേരി സംശയനിവാരണാർത്ഥം ചോദിക്കയാണ്: "അപ്പോൾ അമ്മേ, ഇതിലൊരു കയിലിടണ്ടേ? അതോ അമ്മ അല്ലാതെതന്നെ കുടിക്കുമോ?"

## നിങ്ങൾക്കറിയാമോ?

(3-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 പന്തക്കുസ്താതിരുനാൾദിനം യരുസലേമിൽ തടിച്ചുകൂടിയിരുന്ന ജനത്തോടായി വി. പത്രോസ് ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗം. (നടപടി 2, 38)

2 ദേവാലയവാതുക്കൽ ഭിക്ഷയാചിച്ചുകൊണ്ടിരുന്ന മുടന്തനോടു വി. പത്രോസ് പറയുന്നതു്. (നടപടി 3, 6)

3 ശ്ലീഹന്മാരുടെ തലവനായ വി. പത്രോസ് മുടന്തനെ സുഖപ്പെടുത്തിയതറിഞ്ഞു് പ്രധാനാചാര്യന്മാർ പറഞ്ഞതാണ്. (നടപടി 4, 16)

4 ക്രിസ്തുനാമത്തിൽ പ്രസംഗിക്കരുതെന്നു യഹൂദപുരോഹിതന്മാർ വിലക്കിയപ്പോൾ പത്രോസും യോഹന്നാനും ഉത്തരമായി പറഞ്ഞതാണ്. (നടപടി 4, 19)

## അനുദിനചിന്തകൾ

(വി. കുരിശിന്റെ യോഹന്നാൻ)

(P. P.)

മാർച്ച്

1 വിധിക്കാനിരിക്കുന്ന മനുഷ്യപുത്രന്റെ മുമ്പിൽ നീ പ്രത്യക്ഷപ്പെടും.

2 വിധിയെപ്പററി ചിന്തിക്കുന്നവൻ എങ്ങനെ ഭയരഹിതനായി ജീവിക്കും?

3 വിളിക്കപ്പെട്ടവർ ധാരാളം, തിരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കം.

4 രക്ഷയെക്കാൾ നിശ്ചയമുള്ളതു് ശിക്ഷയാകയാൽ ഉണർന്നിരുന്നു പ്രവർത്തിപ്പിൻ.

5 സ്വർഗ്ഗത്തിലേക്കുള്ള വഴി ഇടുങ്ങിയതും ദുർഘടവുമാകുന്നു.

6 സമയം ഒരിക്കലും ദുർവ്യയംചെയ്യരുതു്.

7 സമയം നഷ്ടപ്പെടുത്തിയാൽ മരണസമയത്തു് ദുഃഖിക്കേണ്ടതായി വരും.

8 ഉപവി വിവിധവർണ്ണമുള്ള ഒരു വസ്ത്രത്തിനു തുല്യമാണ്.

9 ഉപവി വിശ്വാസത്തിനു് പ്രവൃത്തിമൂലം ജീവൻ നൽകുന്നു.

10 ഉപവി ശരണത്തിനു് ഉണർവ്വു് നൽകുന്നു.




### ഗോതമ്പു് ഹൽവാ

(ചടയമംഗലം എസ്. എ. പിള്ള)

ഗോതമ്പു് ഇരുന്നാഴി, പാൽ അഞ്ചേനാഴി, പഞ്ചസാര ഒന്നരറാത്തൽ, പനിനീരു് അരത്തുടം, നേർമ്മയായിപൊടിച്ച ഏലം, ഗ്രാമ്പു കാൽ തുപാത്തൂക്കം വീതം, നെയ്യു് രണ്ടുതുടം.

ഗോതമ്പു് വെള്ളത്തിലിട്ടു കുതിർത്തി ഞെക്കിപ്പിഴിഞ്ഞു് (ചതച്ചുകൊള്ളാം) മുഴുവൻ കൂടി എടുത്തു തോർത്തിൽ അരിച്ചെടുക്കണം. ഒരു ദിവസം മുഴുവൻ വെള്ളത്തിൽ ഇട്ടു് കുതിർത്തു ചതച്ചു് കുറേശ്ശെവെള്ളം ഒഴിച്ചു് മുഴുവൻ ചാറും എടുക്കണം. അതു് ഒന്നരമണിക്കൂർനേരം വച്ചിരുന്നതിൽപ്പിന്നീടു് അടിയുമ്പോൾ തെളിവെള്ളം ഊററിക്കളഞ്ഞു് ശേഷം പഞ്ചസാരയും ചേർത്തു പാലും ഒഴിച്ചു അടുപ്പിൽവച്ചിളക്കി കുറുകിത്തുടങ്ങുമ്പോൾ 2 തുടം നെയ്യു് കുറേശ്ശെയായി ഒഴിച്ചു് നല്ലതുപോലെ ഇളക്കി യോജിപ്പിക്കണം. പിന്നീടു് പനിനീരും ഏലം, ഗ്രാമ്പു എന്നിവയുടെ പൊടിയും വിതറി നല്ലതുപോലെ ഇളക്കി ശരിയായി കൊഴുത്തു മുറുകുമ്പോൾ വാങ്ങി ഒരു ഈയം പൂശിയ പരന്ന പാത്രത്തിൽ നെയ്മയം പുരട്ടിക്കൊണ്ടു് ഒഴിച്ചുവച്ചു് ആറിയശേഷം ഉപയോഗിച്ചുകൊള്ളേണ്ടതാകുന്നു.

---

പത്രോസിന്റെ ശവകുടീരം

## അക്ഷയമാണ്

വി. പത്രോസിന്റെ ശവകുടീരം യാതൊരു നാശവുംകൂടാതെ വിശുദ്ധന്റെ നാമത്തിലുള്ള ബസ്ലിക്കായുടെ അടിഭാഗത്തു ഇപ്പോഴും സ്ഥിതിചെയ്യുന്നുണ്ടെന്നു മാർപ്പാപ്പാതിരുമേനി വെളിപ്പെടുത്തിയിരിക്കുന്നു.

12 വയസ്സായ ബാലിക

## സംഗീതവിദഗ്ദ്ധ

ന്യൂയോർക്കിലെ സെൻറ് ജോൺസ് ഇടവകയിൽപ്പെട്ട ബെററിക്ലാർക്ക് എന്ന ബാലിക ഒരു സംഗീതവിദഗ്ദ്ധയാണ്. അവൾക്കു 12 വയസ്സുമാത്രമേ പ്രായമുള്ളു. അവളുടെ കണ്ണുകൾക്കു കാഴ്ചയുമില്ല. എല്ലാം ഞായറാഴ്ചയും അവൾ ഒരു "സംഗീതതാര"മെന്നനിലയിൽ ഗാനങ്ങൾ പ്രക്ഷേപണം ചെയ്തുവരുന്നു.

## കൊച്ചിവാർത്തകൾ

നിയമനിർമ്മാണനടപടികൾ

ഫെബ്രുവരി 21. ചോദ്യോത്തരവേളയിൽ, കൊച്ചി-തിരുവിതാംകൂർ സംയോജനം സംബന്ധിച്ച് ഔദ്യോഗികമായ യാതൊരാലോചനയും നടന്നിട്ടില്ലെന്നും, അഞ്ചരലക്ഷക്കേസു സംബന്ധിച്ച് ശ്രീ കണ്ണമ്പാർനെന്നിന്റെ റിപ്പോർട്ടു ലഭിച്ചിട്ടുണ്ടെന്നും തൽസംബന്ധമായി ഡൊമിനിയൻ ഗവമ്മെണ്ടു് സ്വതന്ത്രമായ തീരുമാനം ചെയ്തു കഴിഞ്ഞെന്നും ഗവമ്മെണ്ടു വിശദമാക്കി. അനന്തരം, കർദ്ദിനാൾ മിൻസെൻറിയുടെനേർക്ക് ഹംഗേറിയൻ ഗവമ്മെണ്ടു സ്വീകരിച്ചിരിക്കുന്ന നടപടികളിൽ സഭയുടെ ഉൽക്കണ്ഠ ഇൻഡ്യാഗവമ്മെണ്ടു് വഴി ഹംഗേറിയൻ ഗവമ്മെണ്ടിനെ അറിയിക്കണമെന്നു് കാണിച്ചു മി. എ. കെ. ജോർജ്ജ് അവതരിപ്പിച്ചിരുന്ന ഷോർട്ടു് നോട്ടീസ് പ്രമേയം പരിഗണനയിൽ കൊണ്ടുവരപ്പെട്ടെങ്കിലും അതു സംബന്ധിച്ച ആലോചനകൾ അടുത്ത ദിവസത്തേക്കു മാററിവയ്ക്കുകയാണു ചെയ്തതു്.

ഫെബ്രുവരി 22. മി. എ. കെ. ജോർജിന്റെ ഷോർട്ടു് നോട്ടീസ് പ്രമേയത്തെപ്പററി ആലോചിക്കയുണ്ടായി. എന്നാൽ മെമ്പർമാരുടെ ഇടയിൽ ഏകാഭിപ്രായമില്ല എന്ന കാരണം പറഞ്ഞു് പ്രമേയം അവതരിപ്പിക്കുന്നതിനു അനുമതി നിഷേധിക്കയാണുണ്ടായതു്. ചോദ്യോത്തരാവസരത്തിൽ താഴെപ്പറയുന്ന സംഗതികൾ വിശദമാക്കപ്പെട്ടു: കൊച്ചിയിൽ ദിവാന്മാരായിരുന്നവരിൽ പലരും ഇന്നു ജീവിച്ചിരിപ്പുണ്ടെങ്കിലും സർ ഷണ്മുഖംചെട്ടിക്കു മാത്രം പ്രതിമാസം 300 ക. പെൻഷൻ നൽകുന്നുണ്ടു്. വൈപ്പിൻ-പള്ളിപ്പുറം റോഡിന്റെ ദക്ഷിണഭാഗത്തിന്റെ പണി ഈ വർഷം പൂർത്തിയാകുന്നതാണു്. വസ്തു കൈമാററ നികുതി ബിൽ, ക്രിമിനൽ നിയമഭേദഗതിബിൽ, പൊതുയോഗശല്യനിരോധനബിൽ എന്നിവ സഭയിൽ പാസ്സാക്കപ്പെട്ടു.

ഫെബ്രുവരി 23. പ്രധാനമായി പെരിങ്ങൽക്കുത്തു പദ്ധതിയെപ്പററിയാണു് ചർച്ച ചെയ്തതു്. ഈ പദ്ധതി സംബന്ധമായി ഇതേവരെ 40 ലക്ഷം ക. ചിലവായിട്ടുണ്ടെന്നും ഒന്നാംഘട്ടം പൂർത്തിയാകുന്നതിനു് ഇനിയും ½ കോടി ക. യോളം വേണ്ടിവരുമെന്നും മരാമത്തുമന്ത്രി പ്രസ്താവിച്ചു. അനന്തരം, വിദ്യാഭ്യാസാനുകൂല്യങ്ങൾ സാമ്പത്തികാടിസ്ഥാനത്തിൽ മാത്രം നൽകപ്പെടണമെന്നാവശ്യപ്പെടുന്ന ഒരു പ്രമേയം ശ്രീ ജോസഫ് മുണ്ടശേരി അവതരിപ്പിച്ചെങ്കിലും ഒടുവിൽ അതു പിൻവലിക്കപ്പെടേണ്ടിവന്നു.

ഫെബ്രുവരി 24. ചോദ്യോത്തരവേളയിൽ താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കപ്പെട്ടു: ആലുവാ റയിൽവേ പാലം കൊച്ചി ഗവമ്മെണ്ടുവകയാണു്. അതു് ഒരു റോഡുപാലംകൂടിയാക്കുന്ന കാര്യം ഗവമ്മെണ്ടു് ആലോചിച്ചുവരുന്നു.

ഫെബ്രുവരി 25. റവന്യൂറിക്കവറി നിയമം പ്രയോഗിക്കുന്നതിലും പാലിയവും മററു ദേവസ്വങ്ങളും ഗവമ്മെണ്ടു് ഏറെറടുത്തതിലുമുള്ള അനൗചിത്യത്തെപ്പററി അസംബ്ളിയിൽ ചർച്ചചെയ്യുകയുണ്ടായി. ആലോചിച്ചു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നു ഗവമ്മെണ്ടു് ഉറപ്പു നൽകിയതിനാൽ തൽസംബന്ധമായ പ്രമേയങ്ങൾ എല്ലാം പിൻവലിക്കയാണുണ്ടായതു്.

ഫെബ്രുവരി 26. ഗവമ്മെണ്ടു ഭാഗത്തു നിന്നും താഴെ പറയുന്നവ പ്രസ്താവിക്കപ്പെട്ടു: ബസ് സർവ്വീസ് ദേശീയമാക്കുന്നതു സംബന്ധിച്ച് ഒരു പദ്ധതി തയ്യാറാക്കാൻ ഒരുദ്യോഗസ്ഥനെ താല്ക്കാലികമായി നിയമിച്ചിട്ടുണ്ടു്. കഴിഞ്ഞ വർഷത്തിൽ 50 ലക്ഷം പറ നെല്ലു് എടുക്കുകയും 94426 ടൺ അരി ഇറക്കുമതി ചെയ്യുകയും ചെയ്തിട്ടുണ്ടു്.

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ അസാദ്ധ്യമെന്നു കരുതപ്പെട്ടിരുന്ന എന്റെ ഭാര്യയുടെ സുഖക്കേടു ഭേദമായതിനു നന്ദിപറഞ്ഞുകൊള്ളുന്നു.

എ. ജി. കെ.

## തിരുവിതാംകൂർ വാർത്തകൾ

നിയമസഭ

ഫെബ്രുവരി 21. ചോദ്യങ്ങൾക്കു മറുപടിയായി, തിരുവിതാംകൂറിൽ തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവംകോടു്, നെയ്യാററിൻകര, തിരുവനന്തപുരം, പത്തനാപുരം, പറവൂർ, എന്നിവിടങ്ങളിൽ നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം നടപ്പിൽ വരുത്തീട്ടുണ്ടെന്നും 1948 ഡിസംബർ ആരംഭം മുതൽ പ്രിയൂണിവേഴ്സിററിസ്കൂളുകൾ ഇൻറർമീഡിയററ് ക്ലാസ്സായി രൂപാന്തരപ്പെടുത്തിയെന്നും ഇപ്പോൾ വിദ്യാർത്ഥികൾക്കു് ഇപ്രാരംഭരണം പ്രീയൂണിവേഴ്സിററിക്ലാസ്സിലോ ഇൻറർമീഡിയററ് ക്ലാസ്സിലോ പഠിക്കാവുന്നതാണെന്നും വിദ്യാഭ്യാസമന്ത്രി പ്രസ്താവിച്ചു. ആദായ നികുതി അടുന്വേഷണബില്ലും വില്പന നികുതി ബില്ലും സഭയിൽ പാസ്സാക്കപ്പെട്ടു. അനന്തരം കുടിയിറക്കു നിരോധന ബില്ലിനെപ്പററി ദീർഘമായി വാദപ്രതിവാദം നടത്തുകയും ബിൽ ഒരു സിലക്ടു കമ്മിററിയെ ഏല്പിക്കയും ചെയ്തു.

ഫെബ്രുവരി 22. പബ്ളിക് സർവ്വീസ് കമ്മീഷൻ ബില്ലിനെപ്പററി ചർച്ച നടത്തുകയും അതിന്റെ തത്വത്തോടു് എല്ലാവരും അനുകൂലിച്ചതിനാൽ അതൊരു സിലക്ട് കമ്മിററിയെ ഏല്പിക്കയും ചെയ്തു. പിന്നീടു് അഴിമതി നിരോധനബില്ലിനെപ്പററി സംവാദം നടന്നു.

ഫെബ്രുവരി 23. അരി വാങ്ങുന്നതിനുവേണ്ടി ഗവമ്മെൻറു് 30 ലക്ഷം രൂപ മുന്നൂറാമതൊനം പലിശയ്ക്കു് കൊട്ടാരത്തിൽനിന്നും കടമെടുത്തിട്ടുണ്ടെന്നു് ഒരു ചോദ്യത്തിനു മറുപടിയായി മന്ത്രി ശ്രീ എ. ജെ. ജോൺ പ്രസ്താവിച്ചു. അഴിമതി നിരോധന ബില്ലിനെപ്പററിയുള്ള വാദപ്രതിവാദങ്ങൾ തുടർന്നു. ഭൂരിഭാഗം അംഗങ്ങളും അനുകൂലിച്ചതിനാൽ പ്രസ്തുത ബിൽ ഒരു സിലക്ടു കമ്മിററിയെ ഏല്പിച്ചു.

ഫെബ്രുവരി 24. വെറമ്പാട്ടക്കുടിയാൻ ബില്ലിനെപ്പററി സിലക്ടു കമ്മിററി സമർപ്പിച്ച റിപ്പോർട്ടിനെ സംബന്ധിച്ച് സുദീർഘമായ വാദപ്രതിവാദം നടന്നു.

ഫെബ്രുവരി 25. തിരുവിതാംകൂറിൽ 55 ഹൈസ്കൂളുകളും 98 മിഡിൽ സ്കൂളുകളും കത്തോലിക്കാ മാനേജുമെൻറിന്റെ കീഴിലുണ്ടെന്നു് ഒരു ചോദ്യത്തിനു മറുപടിയായി മന്ത്രി ശ്രീ കുഞ്ഞുരാമൻ പ്രസ്താവിച്ചു.

ഫെബ്രുവരി 26. കയറുല്പന്നങ്ങളുടെ കയററുമതി മുന്നാണ്ടിൽ 60 ശതമാനമായിരുന്നതു്, നമ്മുടെ നിവേദനങ്ങളുടെയും മററും ഫലമായി 10 ശതമാനമായിട്ടുണ്ടെന്നും രാജ്യത്തെ പ്രധാനവ്യവസായങ്ങളെല്ലാം രാഷ്ട്രസാൽക്കരിക്കുക എന്ന അഭിപ്രായത്തോടു് ഗവമ്മെൻറു് യോജിക്കുന്നെന്നും പ്രധാനമന്ത്രി ചോദ്യത്തിനുത്തരമായി പ്രസ്താവിച്ചു.


ഫിലോമിനാ

(സംഗീതനാടകം)

By ഫാ. മാത്യു ചേന്നാട്ട്

വില 10 ണ

കെയിംബ്രിഡ്ജ്

പബ്ളിക്കേഷൻസ്, പൂഞ്ഞാർ


## പ്രാദേശികവാർത്തകൾ

ചങ്ങനാശേരി രൂപതയിലെ സൊഡാലിററി റാലി ഫെബ്രുവരി 6-ാംനു സെൻറ് ബെർക്ക്മൻസ് കോളെജിൽവച്ചു നടക്കുകയുണ്ടായി. തത്സംബന്ധമായി നടന്ന പൊതുയോഗത്തിൽ റവ. ഡോക്ടർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി. ആദ്ധ്യക്ഷം വഹിക്കയും, മി. കെ. ഇ. ജോബ് എം. എ. എൽ. ടി. പ്രസംഗിക്കുകയും ചെയ്തു.

* * *

തൃശൂർ വ്യാകുലമാതാവിന്റെ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന കത്തോലിക്കാ യുവജനപ്രവർത്തനസംഘത്തിന്റെ ആഭിമുഖ്യത്തിൽ വർഷംതോറും നടത്തപ്പെടാറുള്ള ക്രിസ്തുരാജമഹാമഹം ഫെബ്രുവരി 20-ാംനു ഞായറാഴ്ച ആഡംബരപൂർവ്വം ആഘോഷിക്കപ്പെട്ടിരിക്കുന്നു. രാവിലെ മെത്രാനച്ചൻ തിരുമനസ്സിലെ ദിവ്യപൂജയും സംഘാംഗങ്ങളുടെ പൊതു ദിവ്യകാരുണ്യസ്വീകരണവും നടന്നു. ഉച്ചതിരിഞ്ഞു് ഘോഷയാത്രയും വന്ദ്യതിരുമേനിയുടെ അദ്ധ്യക്ഷതയിൽ പോതുയോഗവും ഉണ്ടായി.

* * *

പ്രവിത്താനം ഇംഗ്ലീഷ് ഹൈസ്കൂൾ ഹാളിൽ ഫെബ്രുവരി 14-ാംനു- ഏണേക്കാട്ടു് ബ. യൗസേപ്പു കത്തനാർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ കത്തോലിക് മഹായോഗത്തിൽ, ഹംഗേറിയൻ ഗവമ്മെൻറ് കാർഡിനൽ മിൻസെൻറിക്കെതിരായി സ്വീകരിച്ച നടപടികളെ പ്രതിഷേധിച്ചും 1950-ലെ ജൂബിലി വർഷത്തിൽ റോമയിലേക്കു കേരളത്തിൽനിന്നു ഒരു തീർത്ഥയാത്രാസംഘം പോകേണ്ടതിന്റെ ആവശ്യകതയെ പുരസ്കരിച്ചും രണ്ടു പ്രമേയങ്ങൾ പാസാക്കുകയുണ്ടായി.

* * *

കല്ലൂർക്കാട്ട് ജൂബിലി മെമ്മോറിയൽ ഡിസ്പെൻസറിയിൽ, മൂവാററുപുഴ ഗവമ്മേണ്ടു ആശുപത്രിയിൽനിന്നു ഡോക്ടർ തോമസ്സ് എം. ബി. ബി. എസ്സ്. അവർകൾ വന്നു ഉച്ചകഴിഞ്ഞു 1 മണിമുതൽ 4 മണിവരെ രോഗികളെ പരിശോധിച്ച് ചികിത്സിച്ചുവരുന്നുണ്ടു്. ഡോക്ടരെ കാണുന്നതിനും മരുന്നുവാങ്ങുന്നതിനുമായി സമീപസ്ഥലങ്ങളിൽനിന്നു ധാരാളം രോഗികൾ വന്നുകൊണ്ടിരിക്കയും ചെയ്യുന്നു.

* * *

റവ. ഫാദർ പോൾ വട്ടത്തറ അവർകളുടെ സ്ഥലംമാററം പ്രമാണിച്ച് അത്രൂർ കത്തോലിക്കാ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഇടവകക്കാരുടെ ഒരു പൊതുയോഗം റവ. ഫാദർ അലക്സാണ്ടർ എടേഴത്തു ബി. എ. യുടെ അദ്ധ്യക്ഷതയിൽ ഫെബ്രുവരി 22-ാംനു- കൂടുകയുണ്ടായി. തദവസരത്തിൽ ഫാദർ പോളിനു ഒരു സ്വർണ്ണക്കുരിശും മംഗളപത്രവും സമർപ്പിച്ചകാര്യം പ്രത്യേകം പ്രസ്താവ്യമാണു്.

* * *

കല്ലൂർ ഇടവക ശ്രീമാൻ ചമ്മിണി മാത്യു സേവിയർ കഴിഞ്ഞ ബുധനാഴ്ച നിര്യാതനായി. ശവസംസ്കാരം പരേതന്റെ പുത്രൻ ഫാദർ ജോസഫ് ചമ്മിണിയുടെ പ്രധാനകാർമ്മികത്വത്തിലും മോൺ. ഫ്രാൻസിസ് ചമ്മിണി, മോൺ. വെട്ടിക്കുരി ആദിയായി 30-ൽപ്പരം വൈദികരുടെ സഹകരണത്തിലും യഥാവിധി നടത്തപ്പെട്ടു. R. I. P.

* * *

വാഴക്കുളത്തിനു അടുത്തുള്ള വടക്കോട്ടു്, വടക്കേ കുടിയിൽ ചെറിയചാക്കോ അവർകൾ ഈ ശനിയാഴ്ച നിര്യാതനായിരിക്കുന്നു. പരേതന്റെ സീമന്തപുത്രനും പുളിംകുന്നു് കൊവേന്ത പ്രിയോരുമായ ഫാ. ആൽഫ്രഡ് ററി. ഓ. സി. ഡി. യുടെ പ്രധാന കാർമ്മികത്വത്തിൽ കല്ലൂർക്കാട്ടു് ഇടവകപ്പള്ളി സിമിത്തേരിയിൽ ശവസംസ്കാരം യഥാവിധി നിർവ്വഹിക്കപ്പെട്ടു. എൽത്തുരുത്തു് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ഫാ. ദൊരെത്തേവൂസും, ആരക്കുഴ മഠത്തിലെ സിസ്റ്റർ മരിയന്നയും പരേതന്റെ സന്താനങ്ങളാണു്.

R. I. P.


## Agency Notice

Copies of Sathyadeepam can be had in Ceylon from Mr. John D'Cruz, Legion of Mary, St. Antony's Church, Kochikkade, Colombo, 13

Manager



താഴെപറയുന്ന സ്ഥലങ്ങളിൽ സത്യദീപത്തിനു ഏജൻറുമാരെ ആവശ്യമുണ്ടു്.

| | |
|---|---|
| വാഴക്കുളം | അയ്യമ്പിള്ളി |
| ചേപ്പ് | പൂഞ്ഞാർ |
| മററക്കര | |

മാനേജർ





ഇരുമ്പുയവനിക
കമ്യൂണിസ്റ്റ് ആധിപത്യത്തിലുള്ള മദ്ധ്യയൂറോപ്പിലെ രാഷ്ട്രങ്ങൾ തടിച്ച രേഖയ്ക്കുള്ളിൽ കാണുന്നു.

വിമർശനവീഥി

# സൃഷ്ടിവാദം തെററിദ്ധരിക്കുന്നത്

"മതത്തിന്റെ പേരിൽ" എന്ന തലക്കെട്ടിൽ മതത്തെ പൊതുവിൽ അപഹസിച്ച് ഇടതുപക്ഷക്കാരുടെ ഒരു പ്രസിദ്ധീകരണത്തിൽ ഒരു ലേഖകൻ പ്രകടിപ്പിച്ച ചില അബദ്ധാഭിപ്രായങ്ങളെ കഴിഞ്ഞ പ്രാവശ്യം ചൂണ്ടിക്കാണിച്ചിരുന്നല്ലൊ. കത്തോലിക്കാമതത്തിന്റെ ദൃഷ്ടിയിൽ അബദ്ധങ്ങളും അയഥാർത്ഥങ്ങളുമായ മററു പല അഭിപ്രായങ്ങളും ആരോപണങ്ങളും ആ ലേഖകൻ പുറപ്പെടുവിച്ചിട്ടുണ്ട്. അതിലൊന്നാണ് താഴെ ചേർക്കുന്നത്:

"വിശ്വാസങ്ങളെ അടിയുലച്ചുകൊണ്ടുള്ള പുരോഗതിയുടെ ചരിത്രത്തിൽ നിറപ്പകിട്ട കലർന്നൊരദ്ധ്യായമാണ് പരിണാമസിദ്ധാന്തം. ദൃഢമൂലമായിക്കഴിഞ്ഞിരുന്നൊരു വിശ്വാസമായിരുന്നു സൃഷ്ടിവാദം. ഇന്നു കാണുന്ന ജീവിവർഗ്ഗങ്ങളെല്ലാം ഏതോ ഒരു അദൃശ്യശക്തിയാൽ സൃഷ്ടിക്കപ്പെട്ടവയാണെന്നുള്ള വിശ്വാസത്തിനാണ് സൃഷ്ടിവാദം എന്നു പറയുന്നത്. മനുഷ്യൻ മനുഷ്യനേയും തവള തവളയേയും മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളുവെന്ന് കൺമുന്നിൽ കാണുന്ന സത്യം അവരുടെ വിശ്വാസത്തിന് താങ്ങും തണലുമായിത്തീർന്നു. പക്ഷെ ലാളിത്യത്തിൽനിന്ന് സങ്കീർണ്ണതയിലേക്കുള്ള പരിവർത്തനമാണ് ജീവന്റെ ഗതിവിശേഷങ്ങളെ സൂസൂക്ഷ്മം അപഗ്രഥനം ചെയ്ത ശാസ്ത്രകാരന്മാർക്ക് ദൃശ്യമായത്. ഒരിക്കൽമാത്രമേ ജീവന്റെ ആവിർഭാവം ഭൂമിയിൽ ഉണ്ടായിട്ടുള്ളുവെന്നും, അനുകൂലമായ പരിതസ്ഥിതികളുടെ സാമീപ്യത്തിലാണതു സംഭവിച്ചതെന്നും, ഇന്നുകാണുന്ന വിഭിന്നവും വ്യത്യസ്തവുമായ ജീവിവിശേഷങ്ങളുടെ ആവിർഭാവം മന്ദമെങ്കിലും അനുസ്യൂതമായ പരിവർത്തനങ്ങളിൽക്കൂടിയുണ്ടായിട്ടുള്ളതാണെന്നും ശാസ്ത്രം തെളിയിച്ചുകഴിഞ്ഞു. ജീവന്റെ ഈ പരിവർത്തനപ്രവണതയ്ക്കാണു പരിണാമം എന്നുപറയുന്നത്. ജീവൻ പരിണാമിയാണെന്നുള്ള സിദ്ധാന്തം നമ്മുടെ ആചാര്യന്മാരും നേരത്തേ പറഞ്ഞിരുന്നില്ലേ എന്ന് ഒരു ചോദ്യം ഉന്നീതമായേക്കാം. പക്ഷെ പരിണാമസിദ്ധാന്തം ഒരു ശാസ്ത്രസത്യമായി അംഗീകരിക്കപ്പെട്ടതു് ഡാർവിന്റെ "ജീവിവിശേഷങ്ങളുടെ ഉല്പത്തി" എന്ന ഗ്രന്ഥപ്രസാധനത്തിനു ശേഷമാണ്. സൃഷ്ടിവാദത്തിന്റെ അർത്ഥശൂന്യത തെളിയിക്കപ്പെട്ടുകഴിഞ്ഞതിനു ശേഷവും പരിണാമവാദം അംഗീകരിക്കുവാനുള്ള ഹൃദയവിശാലത "വിശ്വാസികൾ"ക്കുണ്ടായിരുന്നില്ല."

### സൃഷ്ടിവാദം ലേഖകന് അജ്ഞാതം

മേലുദ്ധരിച്ച ഖണ്ഡികയിൽ അസത്യങ്ങളും അർദ്ധസത്യങ്ങളും ആശയക്കുഴപ്പങ്ങളും അവാസ്തവപ്രസ്താവങ്ങളും പലതുമുണ്ടെന്നു ആദ്യമായി പറയേണ്ടിയിരിക്കുന്നു. ഡാർവിന്റെ പരിണാമവാദത്തേയും കത്തോലിക്കരുടെ സൃഷ്ടിവാദത്തേയും വ്യവഹരിക്കുന്ന ലേഖകനും അവരണ്ടിനേയും പററിയുള്ള അജ്ഞതയാണ് ഖണ്ഡികയിൽ പ്രകടിതമായിരിക്കുന്നതു്. ഉദാഹരണമായി, സൃഷ്ടിവാദത്തിനു അദ്ദേഹം കൊടുക്കുന്ന നിർവ്വചനവും ഉദാഹരണങ്ങളും തികച്ചും അബദ്ധങ്ങളാണ്. ഇന്നുകാണുന്ന വിവിധങ്ങളായ ജീവിവർഗ്ഗങ്ങൾ ഓരോന്നും പ്രത്യേകം പ്രത്യേകം ഏതോ ഒരു അദൃശ്യശക്തിയാൽ സൃഷ്ടിക്കപ്പെട്ടവയാണെന്നുള്ള വിശ്വാസത്തെയാണല്ലോ അദ്ദേഹം സൃഷ്ടിവാദമെന്നു നിർവചനം ചെയ്യുന്നതു്. മനുഷ്യൻ മനുഷ്യനായിത്തന്നെയും തവള തവളയായിത്തന്നെയും സൃഷ്ടിക്കപ്പെട്ടുവെന്നാണ് സൃഷ്ടിവാദികളുടെ വിശ്വാസമെന്ന് അദ്ദേഹം സംശയലേശമെന്യേ പ്രസ്താവിക്കുന്നു. എന്നാൽ കത്തോലിക്കരുടെ സൃഷ്ടിവാദം ഇതല്ലതന്നെ. കത്തോലിക്കരുടെ സൃഷ്ടിവാദം അറിയുന്നതിനുള്ള ശരിയായ മാർഗ്ഗം കത്തോലിക്കാസഭയുടെ ഔദ്യോഗികമായ തത്വോപദേശങ്ങളാണല്ലോ. ഇന്നുകാണുന്ന വിവിധങ്ങളായ ജീവിവർഗ്ഗങ്ങൾ ഓരോന്നും പ്രത്യേകം പ്രത്യേകം ദൈവത്താൽ ആദ്യമായി സൃഷ്ടിക്കപ്പെട്ടവയാണെന്ന് കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല. പദാർത്ഥം (Matter) ആദ്യമായി ആവിർഭവിച്ചതു് ദൈവത്തിന്റെ സൃഷ്ടികർമ്മത്താലാണെന്നും, മനുഷ്യന്റെ ആദ്ധ്യാത്മികാംശമായ ആത്മാവ് ഓരോന്നും പ്രത്യേകം പ്രത്യേകം ദൈവം സൃഷ്ടിക്കുന്നതാണെന്നും മാത്രമേ കത്തോലിക്കാസഭ ഔദ്യോഗികമായി, കത്തോലിക്കർ അവശ്യം വിശ്വസിക്കേണ്ടതായി, പഠിപ്പിക്കുന്നുള്ളു. ആദിമനുഷ്യനായ ആദത്തിന്റെ ശരീരംപോലും ദൈവം നേരിട്ടു സൃഷ്ടിച്ചതാണെന്നു കത്തോലിക്കർ അവശ്യം വിശ്വസിക്കണമെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല. ആദത്തിന്റെ ശരീരം ദൈവം നേരിട്ടു സൃഷ്ടിച്ചതാണെന്നു തോന്നത്തക്കവണ്ണം വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ടും, അതിനെതിരായി ശാസ്ത്രജ്ഞന്മാരുടെ കണ്ടുപിടുത്തങ്ങളിലൊന്നിലും അനിഷേദ്ധ്യമായ യാതൊരു തെളിവും ഇതേവരെ കണ്ടിട്ടില്ലാത്തതുകൊണ്ടും, കത്തോലിക്കാവേദശാസ്ത്രജ്ഞന്മാർ ഇപ്പോഴത്തെ പരിതസ്ഥിതിയിൽ വേദപുസ്തകത്തിലെ സൂചനയനുസരിച്ചുവേണം പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുവാനെന്നു കത്തോലിക്കാസഭ നടപടി സംബന്ധമായ (Disciplinary) ആജ്ഞനൽകുകമാത്രമാണു ചെയ്തിരിക്കുന്നതു്. അതനുസരിക്കുവാൻ അവർ കടപ്പെട്ടവരുമാണ്. ജീവിവർഗ്ഗങ്ങളുടെ പ്രത്യേകം പ്രത്യേകമായ സൃഷ്ടികർമ്മം അവശ്യം വിശ്വസിക്കണമെന്നില്ലെന്നുള്ള നില കത്തോലിക്കാസഭ അവലംബിച്ചിരിക്കുന്നതു് പരിണാമവാദികൾ ആധുനികകാലത്തു പുറപ്പെടുവിച്ചിട്ടുള്ള വാദങ്ങളുടെ സമ്മർദ്ദനത്താലല്ല. ക്രിസ്ത്യസഭയുടെ ചരിത്രത്തിലെ ആദിമനൂററാണ്ടുകളിൽ ജീവിച്ചിരുന്ന പ്രാമാണികന്മാരായ പണ്ഡിതന്മാർ— സഭാപിതാക്കന്മാർ— തന്നെ സഭ ഇന്നു സ്വീകരിച്ചിട്ടുള്ള ഈ നില സ്വീകരിച്ചിരുന്നു. ദൈവം ആദിയിൽ പദാർത്ഥം നേരിട്ടു സൃഷ്ടിച്ചുവെന്നും, അതിൽ ജീവച്ഛക്തി നിക്ഷേപിച്ചിരുന്നുവെന്നും, പ്രസ്തുത ശക്തി അനുകൂലങ്ങളായ പരിതസ്ഥിതികളുടെ ആവിർഭാവത്തിൽ ക്രമേണ ക്രമേണ വികസിച്ചെന്നും, അങ്ങനെ മനുഷ്യനൊഴികെയുള്ള ജീവിവർഗ്ഗങ്ങൾ ഓരോകാലത്തിൽ സ്വമേധയാ പ്രത്യക്ഷപ്പെടുകയാണു ചെയ്തതെന്നുമുള്ള ആശയങ്ങൾ ഉൾക്കൊള്ളുന്ന സൃഷ്ടിവാദം സ്വീകരിക്കുവാൻ ആ പിതാക്കന്മാർ വിമുഖരായിരുന്നില്ല. ആകയാൽ കത്തോലിക്കാസഭ ഔദ്യോഗികമായി പഠിപ്പിക്കുന്ന സൃഷ്ടിവാദത്തെ ലേഖകൻ അക്ഷന്തവ്യമായ വിധത്തിൽ തെററിദ്ധരിക്കുകയും വായനക്കാരെ തെററിദ്ധരിപ്പിക്കുകയും ചെയ്യുന്നു.

### സൃഷ്ടിവാദത്തിന്റെ അസാധ്യതയെ ശാസ്ത്രം തെളിയിച്ചിട്ടില്ല

കത്തോലിക്കാസഭയുടെ ഈ സൃഷ്ടിവാദത്തിന്റെ അർത്ഥശൂന്യത ശാസ്ത്രം തെളിയിച്ചു കഴിഞ്ഞിരിക്കുന്നുവെന്നുള്ള ലേഖകന്റെ നിരങ്കുശമായ പ്രസ്താവവും അയഥാർത്ഥമാണ്. സൃഷ്ടിവാദത്തിനെതിരാണെന്ന് ലേഖകൻ സങ്കല്പിക്കുന്ന പരിണാമവാദത്തിന്റെ ജനയിതാവെന്നു ലേഖകൻതന്നെ പ്രകീർത്തിക്കുന്ന ഡാർവിൻപോലും സൃഷ്ടിവാദം അർത്ഥശൂന്യമാണെന്നു വിധിപറയുവാൻ ധൈര്യപ്പെട്ടിട്ടില്ല. "ഈ വിഷയം മനുഷ്യബുദ്ധിക്കു ഗ്രഹിക്കാൻ കഴിയാത്തവിധം അത്ര അഗാധമാണെന്നു എനിക്കു ബോദ്ധ്യമുണ്ട്. ഒരു നായ ന്യൂട്ടന്റെ ഉദ്ദേശ്യങ്ങളെക്കുറിച്ചു വിധിപറയുവാൻ ഇതിലധികം ശക്തനാണ്" എന്നത്രേ ഡാർവിൻ ദൈവത്തിന്റെ സൃഷ്ടികർമ്മത്തെക്കുറിച്ചു പ്രകാശിപ്പിച്ചിട്ടുള്ള അഭിപ്രായം. ന്യൂട്ടന്റെ ഉദ്ദേശ്യങ്ങളെ അറിയുന്നില്ലെന്ന കാരണത്താൽ ന്യൂട്ടന്റേയും അദ്ദേഹത്തിന്റെ കണ്ടുപിടുത്തങ്ങളുടേയും അസ്തിത്വത്തെ നിഷേധിക്കുവാൻ ഒരു നായ മുതിരുന്നതുപോലെ അപഹാസ്യമാണ്, സർവ്വജ്ഞനും സർവ്വശക്തനുമായ ദൈവത്തിന്റെ സൃഷ്ടികർമ്മത്തെ നിഷേധിക്കുവാൻ അല്പബുദ്ധിയായ മനുഷ്യൻ മുതിരുന്നതെന്നാണല്ലോ ഡാർവിൻ ഈ വാക്കുകളാൽ സമ്മതിക്കുന്നതു്. കഴിഞ്ഞ നൂററാണ്ടിലെ ശാസ്ത്രജ്ഞന്മാരിൽ അഗ്രഗണ്യനും അജ്ഞേയവാദത്തിന്റെ സ്ഥാപകനെന്നു ഗണിക്കപ്പെടുന്നവനുമായ തോമസ് ഹക്സ്ലി സൃഷ്ടികർമ്മത്തിന്റെ സാദ്ധ്യതയെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ളതും ശ്രദ്ധേയമാണ്. "സൃഷ്ടികർമ്മത്തെ അതിന്റെ സാധാരണമായ അർത്ഥത്തിൽ ബുദ്ധികൊണ്ടു വിചാരിക്കാൻ പരിപൂർണ്ണമായും കഴിയുമെന്നാണ് എനിക്കു തോന്നുന്നതു്. ഭൂതകാലത്തിന്റെ ഒരു ഘട്ടത്തിൽ പ്രപഞ്ചം സ്ഥിതിചെയ്തിരുന്നില്ലെന്നും, അതിനു മുൻപു സ്ഥിതിചെയ്തിരുന്ന ഏതോ ഒരു വസ്തുവിന്റെ മനോവൃത്തിയുടെ ഫലമായി അതു ഭവിച്ചതാണെന്നും വിചാരിക്കുവാൻ ഞാൻ ഒരു പ്രയാസവും കാണുന്നില്ല. ദൈവവിശ്വാസത്തിനെതിരായി യുക്തിയിൽ നിന്നെടുക്കുന്ന ന്യായങ്ങളും, ദൈവമുണ്ടെന്നു സങ്കല്പിക്കുന്നപക്ഷം സൃഷ്ടികർമ്മം അസാദ്ധ്യമാണെന്നു കാണിക്കാൻ കൊണ്ടുവരുന്ന ന്യായങ്ങളും യുക്തിയിൽ അടിസ്ഥാനമില്ലാത്തവയാണെന്നാണ് എന്റെ അഭിപ്രായം." സൃഷ്ടിവാദം അർത്ഥശൂന്യമാണെന്നുള്ള ലേഖകന്റെ അഭിപ്രായത്തേയും, സൃഷ്ടിവാദത്തിന്റെ അർത്ഥശൂന്യത തെളിയിക്കപ്പെട്ടുകഴിഞ്ഞുവെന്നുള്ള ലേഖകന്റെ പ്രസ്താവത്തേയും മഹാശാസ്ത്രജ്ഞനായ ഹക്സ്ലി ഖണ്ഡിക്കുകയല്ലയോ ചെയ്യുന്നതു്? "ഒരിക്കൽ മാത്രമേ ജീവന്റെ ആവിർഭാവം ഭൂമിയിൽ ഉണ്ടായിട്ടുള്ളവെന്നു് ശാസ്ത്രം തെളിയിച്ചുകഴിഞ്ഞു" എന്നുള്ള ലേഖകന്റെ പ്രസ്താവത്തേയും പരിണാമശാസ്ത്രജ്ഞന്മാർ പോലും ഖണ്ഡിക്കുകയാണു ചെയ്യുന്നതു്. ഡാർവിൻ കെട്ടിപ്പടുത്ത പ്രത്യേകതരം പരിണാമവാദത്തെത്തന്നെ അദ്ദേഹത്തെ ആശ്രയിക്കാതെ സ്വതന്ത്രമായി കെട്ടിപ്പടുത്ത ശാസ്ത്രജ്ഞനായ വാല്ലസു് (Wallace) പ്രസ്താവിച്ചിട്ടുള്ളതുകേട്ടാലും:— "ജീവിലോകത്തിന്റെ വികസനത്തിൽ മൂന്നു ദശാസന്ധികൾ ഉണ്ടായിരിക്കുന്നു; ഓരോ സന്ധിയിലും ഏതോ നവമായ ഹേതു അഥവാ ശക്തി അവശ്യം പ്രവർത്തനം നടത്തിയിട്ടുണ്ടായിരിക്കണം. ഒന്നാമത്തെ സന്ധിയിൽ ആദ്യത്തെ ജീവാണു സൃഷ്ടിക്കപ്പെട്ടു. രണ്ടാമത്തേതിൽ ജന്തുവർഗ്ഗം സസ്യവർഗ്ഗത്തിൽനിന്നു വേർതിരിക്കപ്പെട്ടു; മൂന്നാമത്തേതിൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു." ഡാർവിനോടു കിടപിടിക്കുന്ന ഈ പരിണാമശാസ്ത്രജ്ഞന്റെ വിധി കത്തോലിക്കാസഭയുടെ സൃഷ്ടിവാദത്തിൽനിന്നു ഭിന്നമല്ലെന്നു തെളിയുന്നില്ലയോ?

### ലേഖകന്റെ അസത്യപ്രസ്താവങ്ങൾ

ലേഖകൻ ദൈവത്തിലും മതത്തിലും വിശ്വസിക്കുന്ന ആളല്ലെന്നു് അദ്ദേഹത്തിന്റെ ലേഖനത്തിൽനിന്നു മനസ്സിലാക്കാമെന്നു തോന്നുന്നു. ആ നിലയിൽ കത്തോലിക്കാസഭയുടെ സൃഷ്ടിവാദം അദ്ദേഹത്തിനു സ്വീകാര്യമല്ലായിരിക്കാം. അതു് അർത്ഥശൂന്യമാണെന്നു് അദ്ദേഹത്തിനു അന്ധമായോ അല്ലാതെയോ ബോദ്ധ്യമുണ്ടായിരിക്കാം. അതിനെപ്പററി ഞങ്ങൾക്കാവലാതിയില്ല. അതിലല്ല അദ്ദേഹത്തിന്റെ അസത്യപ്രസ്താവം ഞങ്ങൾ കാണുന്നതു്. ഒന്നാമതായി, കത്തോലിക്കാസഭ സ്വീകരിക്കാത്ത സൃഷ്ടിവാദം സഭ സ്വീകരിക്കുന്നുവെന്നു് അദ്ദേഹം പ്രസ്താവിക്കുന്നു. രണ്ടാമതായി, ദൈവത്തിന്റെ സൃഷ്ടികർമ്മം അസാദ്ധ്യമല്ലെന്നു ഡാർവിനും ഹക്സ്ലിയും അസന്നിഗ്ദ്ധമായി അഭിപ്രായപ്പെട്ടിട്ടുള്ളപ്പോൾ, ജീവിവർഗ്ഗങ്ങളുടെ ആവിർഭാവത്തിന്റെ മൂന്നു ദശകളിൽ ദൈവം സൃഷ്ടികർമ്മം നടത്തിയിട്ടുണ്ടായിരിക്കണമെന്നു് ഡാർവിനോടു കിടപിടിക്കുന്ന വാല്ലസ് അസന്നിഗ്ദ്ധമായി വിധി പ്രസ്താവിക്കുമ്പോൾ, സൃഷ്ടിവാദം അർത്ഥശൂന്യമാണെന്നും ഒരിക്കൽമാത്രമേ ജീവന്റെ ആവിർഭാവം ഭൂമിയിൽ ഉണ്ടായിട്ടുള്ളുവെന്നും ശാസ്ത്രം തെളിയിച്ചുകഴിഞ്ഞതായി ലേഖകൻ പ്രസ്താവിക്കുന്നു. ഇവരണ്ടും അസത്യപ്രസ്താവനകളാണെന്നേ ഞങ്ങൾ പറയുന്നുള്ളു. ലേഖകന്റെ പ്രസ്താവനാരീതിയിലുള്ള വേറൊരു അസത്യതയും ചൂണ്ടിക്കാണിക്കാവുന്നതാണ്. അതു് "ശാസ്ത്രം" എന്ന പദത്തിന്റെ പ്രയോഗത്തിലാണ്. ശാസ്ത്രം എന്നു പറഞ്ഞാൽ ശാസ്ത്രജ്ഞന്മാരിൽ ഒരു വിഭാഗത്തിന്റെ അഭിപ്രായമെന്നല്ല അർത്ഥമാക്കേണ്ടതു്. നേരെമറിച്ചു് സകല ശാസ്ത്രജ്ഞന്മാരുടേയും ഏകകണ്ഠമായ വിധിയെന്നാണ് ആ പദത്തിന്റെ ശരിയായ വിവക്ഷ. ശാസ്ത്രജ്ഞന്മാരിൽ നിരീശ്വരന്മാരുണ്ട്, ഈശ്വരവിശ്വാസികളുണ്ട്; പരിണാമശാസ്ത്രജ്ഞന്മാരിൽ കത്തോലിക്കരുടെ സൃഷ്ടിവാദം സ്വീകരിക്കുന്നവരുണ്ട്, അതു് സ്വീകരിക്കാത്തവരുമുണ്ട്. എന്നിരിക്കെ ശാസ്ത്രം ദൈവത്തേയൊ, ദൈവത്തിന്റെ സൃഷ്ടികർമ്മത്തേയൊ അർത്ഥശൂന്യമെന്നു തെളിയിച്ചുകഴിഞ്ഞിരിക്കുകയാണെന്നു നിരുപാധികമായും വിവേചനാരഹിതമായും പ്രസ്താവിക്കുന്നതു് അസത്യമായിട്ടേ, കുറഞ്ഞപക്ഷം അർദ്ധസത്യമായിട്ടേ, ഞങ്ങൾക്കു പരിഗണിക്കുവാൻ നിവൃത്തിയുള്ളു.

പരിണാമവാദത്തെപ്പററിയുള്ള ലേഖകന്റെ പ്രസ്താവങ്ങളുടെ വിമർശം അടുത്തതിൽ.


## ഠംശോമിശിഹായുടെ ജീവചരിത്രം

(5-ാം പതിപ്പ്. 25 ചിത്രങ്ങളോടുകൂടിയതു്)

(പരിഭാഷകൻ:- പെ. ബ. മൊൺ. ജേക്കബ് നടുവത്തുശ്ശേരി അവർകൾ)

ക്രൗൺ 1/8 സൈസ് 114 പേജ്. വില 12 ണ. അഞ്ചൽ ചിലവു പുറമെ

## കണ്ണാടി (കഥാസമാഹാരം) by ജെ. പി.

ക്രൗൺ 1/8 സൈസ് 100 പേജ് വില 10 ണ. അഞ്ചൽ ചിലവു പുറമെ

ആവശ്യപ്പെടേണ്ടും വിലാസം:—

മാനേജർ,
മാർ ലൂയിസ് മെമ്മോറിയൽ പ്രസ്,
എറണാകുളം


## അറിയിപ്പ്

ജോളിസ്റ്റോഴ്സ് മാനേജരെ സത്യദീപത്തിന്റെ അത്രർ ഏജൻറായി നിയമിച്ചിരിക്കുന്നു.

മാനേജർ

## അപ്പന്റെ മകൾ

(11-ാം പേജ് തുടർച്ച)

യ ഒരു പടം തൂങ്ങുന്നുണ്ടു്. അതിനടിയിൽ എഴുതിയിരുന്നതു്, "കുരിശിന്റെ സിസ്റ്റർ ക്ലാരാ ദി ലീററിൽ" എന്നായിരുന്നു. ശോശാമ്മയുടെ അപ്പൻ ആ പടം നോക്കി ദിവസം ഒരു പ്രാവശ്യമെങ്കിലും ഒരു തുള്ളിക്കണ്ണുനീർ വീഴ്ത്താതിരിക്കയില്ല. ആ സമയങ്ങളിൽ, അപ്പന്റെ മകൾ വടക്കേ ഇൻഡ്യയിലെ ഗ്രാമങ്ങളിൽ, ഒരു ആശ്വാസദേവതയെപ്പോലെ ചുററിനടന്നു് അനേകരുടെ കണ്ണുനീർ തുടച്ചുകളയുകയായിരുന്നു.

* പകപ്പവകാശം കഥാകൃത്തിനു്

ചെറുകഥ

# അപ്പന്റെ മകൾ*

(വറുഗീസ് കാഞ്ഞിരത്തുങ്കൽ)

V

അപ്പൻ ശോശാമ്മയോടു മിണ്ടുകപോലുമില്ല—എപ്പോഴും അരികിലിരുത്തി പാട്ടുപാടിക്കയും പത്രം വായിപ്പിക്കയും, ശോശാമ്മമാത്രമാണ് അപ്പന്റെ മകളെന്നു പറഞ്ഞ് താലോലിക്കുകയും ചെയ്യുന്ന അവളുടെ പ്രിയംനിറഞ്ഞ അപ്പൻ!

ശോശാമ്മയ്ക്ക് അപ്പനെ നല്ലവണ്ണമറിയാം. നിസ്സാരമായ ഒരു സംഭവം മതി അദ്ദേഹത്തെ ആകെ അസ്വസ്ഥനാക്കുവാൻ. വികാരത്തിന്റെ ഒരു നേരിയ നിഴലാട്ടം മതി ആ വിലോലഹൃദയം മുഴുവൻ കലങ്ങിമറിയുവാൻ. ശോകഛായ കലന്ന ഒരു സ്വരം കേട്ടാൽമതി—വേണ്ട, ഒരു നോട്ടം കണ്ടാൽമതി—അദ്ദേഹം അപ്പൊഴേ വാടിത്തളർന്നുപോകും. പതിവിൽ കവിഞ്ഞ യാതൊന്നും സഹിക്കുവാൻ അദ്ദേഹത്തിനു കരുത്തില്ല. വീട്ടിലുള്ളവരാരെങ്കിലും സ്വരമുയർത്തി ഒന്നു സംസാരിച്ചുപോയാൽ അന്നു മുഴുവൻ അദ്ദേഹം ഒരു ശിശുവിനെപ്പോലെ കരഞ്ഞുകളയും! ഒരു പുരുഷഹൃദയം ഇത്രയേറെ ലോലമാകുമോ! അതേ, അത്രയ്ക്കു വികാരഭരിതനാണദ്ദേഹം.

"അപ്പന്റെ മകൾ" എന്നാണ് ശോശാമ്മയെ അദ്ദേഹം ഓമനിച്ചുവിളിക്കാറുള്ളത്. അപ്പന്റെയടുക്കൽനിന്ന് അവൾ ഒരിക്കലും മാറുകയില്ല. മുറുക്കാനെടുത്തു കൊടുക്കുക, കാലുതിരുമ്മുക, പുറത്തെ മൂട്ട കുത്തുക, അപ്പന്റെകൂടെ പാടത്തുപോവുക, ഇങ്ങനെയവൾക്കവിടെ മുഴുവൻസമയവും ജോലിയാണ്.

ശോശാമ്മ ബോർഡിംഗിൽ താമസം തുടങ്ങിയതുമുതൽ അദ്ദേഹത്തിനു വലിയ വിഷാദമാണ്. "അപ്പന്റെ മകൾ" അവധിക്കു വീട്ടിൽ വന്നാൽ അവൾ പോകുന്നതുവരെ അദ്ദേഹത്തിനെന്തൊരാനന്ദമാണെന്നോ!

vi

അന്നൊരു മാസാദ്യവെള്ളിയാഴ്ചയായിരുന്നു. അമ്മച്ചിയും ശോശാമ്മയും പള്ളിയിൽനിന്നും വീട്ടിലേക്കുമടങ്ങി. വിജനമായ ആ വഴിത്താരയിൽക്കൂടി, ചലിക്കുന്ന രണ്ടു വെൺകതിരുകൾ പോലെ ആ അമ്മയും മകളും മുമ്പോട്ടുനീങ്ങി.

അമ്മച്ചിയുടെ മുഖം മ്ലാനമാണെന്നു പറഞ്ഞുകൂടാ. എങ്കിലും ചിന്താഭരിതമാണ്. ഉള്ളിൽ രത്നം വഹിക്കുന്ന സ്ഫടികംപോലെ ശോശാമ്മയുടെ മുഖം പ്രസന്നമായിരുന്നു. കുറേനേരത്തേക്കു രണ്ടുപേരും ഹൃദയങ്ങളിൽ സംവഹിച്ചിരുന്ന ദിവ്യകാരുണ്യനാഥനുമായി മൗനസംഭാഷണംചെയ്തു.

പ്രധാനവഴിയിൽനിന്ന്, അവർ വീട്ടിലേക്കുതിരിയുന്ന ഇടവഴിയിൽ എത്തി. അമ്മച്ചി തിരിഞ്ഞുനോക്കി. ശോശാമ്മ അമ്മച്ചിയുടെ പാദങ്ങൾക്കു തൊട്ടുപിന്നിലായുണ്ട്.

"മകളേ, നീ ഞങ്ങളെ സങ്കടപ്പെടുത്തുവാൻതന്നെയാണ് ഒരുക്കം, അല്ലേ?"

വളരെ പണിപ്പെട്ടിട്ടും, അങ്ങനെ ചോദിക്കാതിരിക്കാൻ ആ വികാരാധീനയ്ക്കു കഴിഞ്ഞില്ല.

"അല്ല എന്നെന്നേക്കുമുള്ള സന്തോഷത്തിൽ എല്ലാവരെയും പങ്കാളികളാക്കുന്നതിന് എന്റെ ഭാഗം നിർവ്വഹിക്കാനാണ് ഈ കൊച്ചുമകളുടെ ഒരുക്കം." ശോശാമ്മ പറഞ്ഞു.

"അപ്പൻ നിന്നെയോർത്ത് എന്തുമാത്രം വ്യസനിക്കുന്നുണ്ടെന്നറിയാമോ?"

"അപ്പൻ, മേലിൽ എന്റെ കാര്യമോർത്ത് ഒട്ടും വ്യസനിക്കാതിരിക്കുവാനാണ് ഞാൻ ശ്രമിക്കുന്നത്."

"എല്ലാ മക്കളെയും വളർത്തിയപോലെയാണോ നിന്നെ ഞങ്ങൾ വളർത്തിയത്? ഒരാണിന്റെയും പെണ്ണിന്റെയും നിലയിലല്ലേ നിന്നെ ഞങ്ങൾ വളർത്തിയത്! അതാണ് ഞങ്ങൾക്കിപ്പോൾ കൂടുതൽ ദുഃഖത്തിനിടയാക്കിയിരിക്കുന്നത്."

"എന്റെ നേരെ കൂടുതൽ വാത്സല്യം കാണിച്ചതുകൊണ്ട്, കൂടുതൽ ദൈവത്തെ സ്നേഹിക്കുന്നുവെന്നു കാണിക്കുവാനുള്ള അവസരമാണ് അപ്പനും അമ്മച്ചിക്കും കിട്ടിയിരിക്കുന്നത്. തങ്ങൾ കൂടുതലായി സ്നേഹിക്കുന്ന വസ്തുക്കൾ ദൈവത്തിനായി അർപ്പിക്കുന്നവർ ദൈവസ്നേഹത്തെപ്രതി കൂടുതൽ ത്യാഗം സഹിക്കയല്ലേ ചെയ്യുന്നത്? ഭൂമിയിൽ ദൈവത്തിനായി കൂടുതൽ ഉപേക്ഷിക്കുന്ന "മായന്മാർ" സ്വർഗ്ഗത്തിൽ അവസ്ഥായി കൂടുതൽ നേടിവയ്ക്കുന്ന ബുദ്ധിമാന്മാരല്ലേ, അമ്മച്ചീ!"

"ഇതുപോലെ യുക്തിയും വേദശാസ്ത്രവുമൊക്കെപ്പറയാൻ നിന്നെ ആരു പഠിപ്പിച്ചു കുഞ്ഞേ?"

"അമ്മച്ചി എന്നെ കളിയാക്കാതെ-" ശോശാമ്മ തുടർന്നു:

"അമ്മച്ചി എങ്ങനെയെങ്കിലും അപ്പനെക്കൂടി ഒന്നു പറഞ്ഞു സമ്മതിപ്പിക്കണം. അപ്പനോട് ഒരു വാക്കുപോലും ഉരിയാടാൻ എനിക്കു ധൈര്യമില്ല. ഒന്നു രണ്ടു തവണ പറയണമെന്നുതന്നെ ഞാൻ ഉറച്ചിരുന്നതാണ്. അപ്പന്റെ മുഖം കാണുമ്പൊഴേ എന്റെ ധൈര്യമെല്ലാം പമ്പകടക്കും. എനിക്കും സങ്കടം വന്നുപോകും.... അപ്പന് ഇതൊന്നും താങ്ങാൻ കരുത്തില്ല. കുഞ്ഞുങ്ങളെക്കാൾ കുരുന്നു ഹൃദയമാണ്. കരഞ്ഞുകരഞ്ഞു തന്നെ അപ്പൻ എന്നെ തോല്പിക്കാൻ പോവുകയാണ്. അപ്പനെ കൂടുതൽ വേദനിപ്പിക്കാതെ ഇക്കാര്യം ശരിയാക്കണമെന്ന് എനിക്കു വലിയ ആഗ്രഹമുണ്ട്... പക്ഷേ അമ്മച്ചിയും എനിക്കെതിരായാൽ, പിന്നെയാരാണ് എനിക്കൊരു സഹായം?"

"അമ്മച്ചിക്കാണ് ഇപ്പോൾ കുറ്റം? ഞാനെന്തുചെയ്യാനാണു പെണ്ണേ?"

"അമ്മച്ചി അപ്പന്റെയടുക്കൽ ഒന്നു ധൈര്യമവലംബിച്ച്, നീണ്ടു നിവർന്നു നിന്ന് എനിക്കുവേണ്ടി ഒന്നു ശുപാർശ ചെയ്യണം. അതു മാത്രം മതി."

"എനിക്കു പട്ടാളമുറയൊന്നും വശമില്ല. ശിപാർശപറയാനും അറിഞ്ഞുകൂടാ." അമ്മച്ചി അല്പം പാരുഷ്യത്തോടെ, നിരുത്സാഹയായി പറഞ്ഞു.

"സാധാരണ സ്ത്രീകളെക്കാൾ അറിവും വിവേചനാശക്തിയുമുള്ള അമ്മച്ചി ഇങ്ങനെ പറയുന്നത് എനിക്കു വലിയ സങ്കടമാണ്. മക്കൾക്ക്, അവർ സ്വയം തിരഞ്ഞെടുക്കുന്ന ജീവിതാന്തസ്സിൽ പ്രവേശിക്കാൻ മാതാപിതാക്കന്മാർ എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുക്കണമെന്നും, അതിനെ വിളംബപ്പെടുത്തുകയോ വിഘാതപ്പെടുത്തുകയോ ചെയ്യുന്ന യാതൊരു മനോഭാവവും അവരുടെ ഭാഗത്തുനിന്നുണ്ടാകരുതെന്നും കഴിഞ്ഞ ധ്യാനത്തിൽ പറഞ്ഞത് അമ്മച്ചിയും കേട്ടതല്ലേ?"

"മാതാപിതാക്കന്മാരുടെ സൗകര്യവും ആഗ്രഹവും നോക്കാതെ മക്കൾ അന്തസ്സു തിരഞ്ഞെടുക്കുന്നതുശരിയാണോ?"

"മക്കളുടെ തിരഞ്ഞെടുപ്പിൽ അവിവേകമോ അപാകതയോ ഉണ്ടെങ്കിൽ മാതാപിതാക്കന്മാർക്ക് അതു തിരുത്തുവാൻ ആവശ്യപ്പെടാം. മാതാപിതാക്കളോടു മക്കൾക്കുള്ള മൗലികമായ കടമകൾക്കു വിരുദ്ധമാണെങ്കിലും മാതാപിതാക്കന്മാർക്ക് അതിൽ ഇടപെടാം. എന്റെ കാര്യത്തിൽ ഇതൊന്നുമില്ലല്ലോ അമ്മച്ചീ? അപ്പനെയും അമ്മച്ചിയേയും ശുശ്രൂഷിക്കുവാനും കുടുംബത്തിന്റെ ഭാവി പുലർത്തുവാനും ചേച്ചിമാരുണ്ട്. ആ നിലയിൽ ഞാൻ കർത്താവിനുവേണ്ടി പാവങ്ങളെയും രോഗികളെയും ശുശ്രൂഷിക്കാൻ പുറപ്പെട്ടാൽ അത് നമുക്കും നമ്മുടെ സമുദായത്തിനും ജന്മഭൂമിക്കും കൂടുതൽ ഗുണകരവും നമ്മുടെ ദിവ്യനാഥനു കൂടുതൽ പ്രിയംകരവുമായിരിക്കയില്ലേ, അമ്മച്ചീ? അതായിരിക്കയില്ലേ സഹജീവികൾക്കുവേണ്ടി എനിക്കു ചെയ്യാൻ കഴിയുന്ന ഉൽകൃഷ്ടസേവനം?"

"മകളേ, നിന്റെ ഇഷ്ടത്തിനു ഞാൻ വിലങ്ങുതടിയായി നില്ക്കുന്നില്ല. നീ നിന്റെ വഴിയേ പൊയ്ക്കോളൂ." കുറേ നേരത്തെ മൗനത്തിനുശേഷം അമ്മച്ചി ഒരു ദീർഘനിശ്വാസത്തോടെ പറഞ്ഞുനിർത്തി.

vii

"അറിഞ്ഞില്ലേ, നമ്മുടെ ശോശാമ്മ മഠത്തിൽപ്പോകാൻ തുടങ്ങുകല്ലേ." മോണ്ടളത്തിനു പുറത്തു സംഘംചേർന്നുനിന്ന യുവതികളിൽ ഒരുത്തി പറഞ്ഞു.

"ഏതു ശോശാമ്മ?"

"ആ മിണ്ടാവേദക്കാരിയോ?"

"അല്ലല്ല, നമ്മുടെ ക്യാപ്റ്റൻ ലക്ഷ്മി."

"ഓഹോ, കഴുത്തിനു ചുറ്റും നാക്കുള്ള ആ പെണ്ണോ!"

"ആര്! സി. എം. ശോശാമ്മയോ! എന്റെ ദൈവമേ!...ആരുമൊന്നു പറഞ്ഞുകൂടെ കേട്ടില്ലല്ലോ."

"സി. എം. മഠത്തിൽപ്പോണെന്നാരു പറഞ്ഞു?" ഒരുത്തിക്കു പിന്നെയും സംശയംതീർന്നില്ല.

"ആരു പറഞ്ഞോ, അലകു പറഞ്ഞോ. അടുത്ത ആഴ്ചയിൽ പോകുമെന്നുമാത്രമറിയാം."

"ഇത്രപെട്ടെന്നോ!" വളരെ നാളായി മഠത്തിൽ ചേരാൻ നോമ്പുനോറ്റിരുന്ന ഒരുത്തി വിസ്മയം പ്രകടിപ്പിച്ചു.

"കർമ്മലീത്താമഠത്തിലോ ക്ലാരമഠത്തിലോ?"

"മെഡിക്കൽ മിഷ്യനിലാ."

"ഡിൻഡിവനത്തിലേക്കാണോ?"

"വടക്കേ ഇൻഡ്യയിലെവിടെയോ ആണ്."

"എന്റടീ, അവളന്നു നമ്മളോടൊന്നു പറഞ്ഞുടെയില്ലല്ലോ."

"പണമുണ്ടെങ്കിലാക്കാ പോകാൻമേലാത്തെ?"

"പണമുണ്ടെങ്കിത്തന്നെ പോകാനും മറ്റും പറ്റുകേല."

"അതെന്താ, ഏലമ്മ അങ്ങനെ പറഞ്ഞത്! ശോശാമ്മയ്ക്കു യോഗ്യതക്കുറവു വല്ലതുമുണ്ടോ?"

"യോഗ്യതയ്ക്കൊരു കുറവുമില്ല. കുറച്ചു കൂടുതലേയുള്ളു. പിന്നെ—ദൈവവിളിയൊണ്ടോന്നാ—"

"ദൈവവിളിയില്ലാഞ്ഞാ പോകാൻ അനുവാദം കിട്ടിയേ?"

"എന്റെ ദൈവമേ, ഇങ്ങനെ അസൂയ പറയാതെന്റെ സൂസന്നേ."

"ഞാൻ പറഞ്ഞത് അസൂയയും കുശുമ്പും കൊണ്ടൊന്നുമല്ലെന്റെ പൊന്നേ! നല്ല അടക്കമൊതുക്കമൊള്ളോരേ മഠത്തിലെടുക്കൊള്ളെന്നു കേട്ടിട്ടൊണ്ട്. അതുകൊണ്ടു പറഞ്ഞുപോയതാണു കേട്ടോ."

"ശോശാമ്മയ്ക്കെന്താ അടക്കമൊതുക്കക്കുറവ്! ആരെയും രസിപ്പിക്കുന്ന നിർദ്ദോഷമായ കുറേ നേരമ്പോക്കുകളും പ്രസരിപ്പുമുണ്ടെന്നുമാത്രം—ഒരു വിധത്തിൽ പറഞ്ഞാൽ ഈ മിണ്ടാവേദക്കാരികളെക്കാളൊക്കെ ഭേദമാ—ആരും അധികമൊന്നും പറയണ്ട." അവൾ അർത്ഥഗർഭമായി ഒന്നു നോക്കി.

"ഓ—നിങ്ങൾ ക്ലാസുമേറ്റ്സല്ലേ. പോകുന്നില്ലേ ഒന്നനുമോദിക്കാൻ!"

"ഞങ്ങൾ ക്ലാസ്മേറ്റ്സും മറ്റുമല്ല. എന്റെ വളരെ ജൂനിയറാ ശോശാമ്മ—ആരും അനുമോദിക്കാൻ ചെന്നില്ലെങ്കിലും, ദൈവം അനുകൂലിച്ചാൽ അവൾ പോകാൻ നിശ്ചയിച്ചിടത്തുപോകും. അതിന് ആര് അനുശോചിച്ചാലും കുശുമ്പുകുത്തിയാലും വിശേഷമൊന്നുമില്ല."

"ശോശാമ്മ നല്ലൊരു മെഡിക്കൽ സിസ്റ്ററാകും. അവൾക്കതിനുള്ള വാസനയുണ്ട്. വെക്കേഷനു വീട്ടിൽവന്നാൽ അയൽവക്കത്ത് ആർക്കെന്തു സുഖക്കേടായിക്കിടന്നാലും ശോശാമ്മ ചെന്ന് ഒരു ചെറിയ ശുശ്രൂഷയെങ്കിലും ചെയ്യാതിരിക്കയില്ല. "ലക്ഷ്വറി"ക്കായി വീട്ടിൽനിന്നനുവദിച്ചിരുന്ന പണമത്രയും അവൾ രോഗികൾക്ക് രഹസ്യമായി ദാനംചെയ്തിരുന്ന വസ്തുത എനിക്കു സൂക്ഷ്മമായറിയാം. രോഗികളെ ആശ്വസിപ്പിക്കാനും മറ്റും ശോശാമ്മയ്ക്ക് എന്തു വശമാണെന്നോ! അത് ഒരു "ആർട്ടാ"ണെന്നാണ് ഞാൻ വിശ്വസിക്കുന്നത്."

"എങ്കിലും അവൾ എല്ലാം ഉപേക്ഷിക്കാമെന്നുവച്ചല്ലോ—അവളുടെ ആ തലമുടിയും കത്രിച്ചു കളയാമെന്നു വിചാരിച്ചുകളഞ്ഞല്ലോ!"

"അതിലാ വലിയ ധീരത!!"

"അതിനിപ്പറയണ്ട: മഠത്തിൽപ്പോകാനൊരുങ്ങുന്ന പെമ്പിള്ളേർക്കൊള്ളപോലെ തലമുടി! ഈയ്യമ്പട!! ഇങ്ങനെ തലമുടിയുണ്ടോ!!! ഈരേലെ ത്രേസ്യാക്കങ്ങനെയല്ലായിരുന്നോ!" ദീർഘകേശയായ ഒരുത്തി ആവലാതിപ്പെട്ടു.

"നമ്മളെന്തിനാ ഇങ്ങനെ അന്യരുടെ കാര്യം വിമർശിക്കുന്നേ......നമുക്കു പള്ളിയകത്തുപോകാം."

"അങ്ങനെയാകട്ടെ, എന്റെ പേരു വിളിക്കാത്ത പുണ്യാളത്തീ."

ഒരു കിലുകിലെച്ചിരിയോടെ യുവതികൾ സ്ഥലംവിട്ടു.

viii

ശോശാമ്മ തനിയെ ആ വാഴത്തോട്ടത്തിൽക്കൂടി നടക്കുകയാണ്. ഇനി നാലു ദിവസംകൂടി വീട്ടിൽ താമസിക്കാം. ഇഷ്ടംപോലെ ആഭരണങ്ങളണിയാം. ഹിതകരമായ ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കാം. സ്വാതന്ത്ര്യമായി സഞ്ചരിക്കാം.

നാലു ദിവസം കഴിഞ്ഞാൽ ആ വീട് അവളുടെയല്ലാതാകും. അവൾക്കുകൂടി അവകാശപ്പെട്ട ആ വമ്പിച്ചസ്വത്ത് അവളുടെ സഹോദരിമാരും അവരുടെ ഭർത്താക്കന്മാരും കുഞ്ഞുങ്ങളും അനുഭവിച്ചു സുഖിക്കും. അവളെ എല്ലാവരും മറക്കും. അവളുടെ സ്വാതന്ത്ര്യം വരിഞ്ഞുമുറുക്കപ്പെടും......ഛേ, ഇതൊരു ദുഷ്ടവിചാരമല്ലേ...അതേ—തീർച്ചയായും. ശോശാമ്മ അതിനെ ആവുന്നത്ര നിയന്ത്രിച്ചു. അത് അവിടെയെങ്ങും അടങ്ങിയില്ല.........നിറഞ്ഞു തുളുമ്പുന്ന ലോകസുഖങ്ങൾ...അതു പിന്നെയും അവളുടെ ഹൃദയം കരളുവാൻ തുടങ്ങി.....ഹാ...ഈ നശിച്ചവിചാരം ഒന്നവസാനിക്കയില്ലേ...!

ശോശാമ്മ വല്ലാതെ പരിഭ്രമിച്ചു. ഇതു പാപമല്ലേ........വഞ്ചനയല്ലേ! ഹാ...ദൈവവിളിയുടെ കുറവായിരിക്കുമോ ഇത്............!

അവളുടെ ഹൃദയം ഇതിനുമുമ്പൊരിക്കലും ഇത്രത്തോളം പരിക്ഷീണമോ പരീക്ഷണവിധേയമോ ആയിട്ടില്ല. സ്വച്ഛവും ശാന്തവുമായിരുന്ന അവളുടെ ഹൃദയത്തിനൊരു കലക്കം. ഭൗതികബന്ധവുമായുള്ള, ആത്മാവിന്റെ അന്ത്യവും ഫലനിർണ്ണായകവുമായ ഒരു സമരപരാക്രമം.

കന്യകാമാതാവിന്റെ സഹായം അവൾ അഭ്യർത്ഥിച്ചു. കാവൽമാലാഖായേയും നാമഹേതുകവിശുദ്ധയേയും ആശ്രയിച്ചു.

അങ്ങകലെ, ആശ്വാസം കിട്ടാതെ, യാതനകളുടെ അഗ്നികുണ്ഡത്തിൽ പുഴുക്കളെപ്പോലെ കിടന്നു പുളയുന്ന സഹജീവികളുടെ മരണവിളി അവളുടെ ചെവികളിൽ വന്നലച്ചു. ഓടയിലും എച്ചിൽക്കുഴിയിലും കിടന്നു തൊണ്ടയുണങ്ങിക്കരഞ്ഞുപൊരിയുന്ന മാതൃമുഖം കണ്ടിട്ടില്ലാത്ത പിഞ്ചു കുഞ്ഞുങ്ങളെ അവളുടെ മനോനേത്രങ്ങൾ ദർശിച്ചു. വൃത്തികേടു കാട്ടിയതിനു സമുദായഭ്രഷ്ടകളാക്കപ്പെട്ട നിർഭാഗ്യവതികളായ യുവതികൾ, ഇരുട്ടിൽ തപ്പിത്തടഞ്ഞ് വൃത്തികേടുകളിൽനിന്നു വൃത്തികേടുകളിലേക്കു കാൽവഴുതി വീഴുന്ന ജുഗുപ്സാവഹമായ ചിത്രവും ആ സന്യാസാർത്ഥിനി കണ്ടു. അവരെയെല്ലാം കൈകൊടുത്തുയർത്തുവാൻ അവളുടെ ആത്മാവ് വെമ്പൽപൂണ്ടു. അവരുടെ വേദനയുടെ മുള്ളുകൾ ഊരിക്കളയുവാൻ ആ അബലയുടെ ഹസ്തങ്ങൾ ഉയർന്നു. അവൾ അവരുടെ മദ്ധ്യത്തിലേക്കു പാഞ്ഞു. അവൾ അവരുമായി ഒട്ടിച്ചേർന്നു. അവരുടേത്—അവരുടേതുമാത്രം—ആയി ആ ഒന്നായിച്ചേരലിൽ ശോശാമ്മ സർവ്വസ്വവും മറന്നു. അതോടെ അവളുടെ പ്രാണനാഥന്റെ സമ്പൂർണ്ണസുഭഗമായ സച്ചിൽസ്വരൂപം അവൾക്ക് പൂർവ്വവൽ സ്പഷ്ടമായി. അവളുടെ മുണ്ഡിതശിരസ്സിൽ അണിയിക്കുവാൻ സ്വർഗ്ഗത്തിൽ സജ്ജമാക്കിയിരുന്ന രത്നഖചിതമായ മനോഹരമകുടവും അവൾ കണ്ടു. അതിന്റെ പ്രകാശവീചിപ്രസരണത്തിൽ അവളുടെ കണ്ണഞ്ചിപ്പോയി.

"ശോശാമ്മേ, നീ ഇവിടെ എന്തെടുക്കുവാ?" ചേച്ചി ശോശാമ്മയെ വിളിച്ചു. ഒരു ദിവാസ്വപ്നത്തിൽനിന്നെന്നവണ്ണം ശോശാമ്മ ഉണർന്നു.

..................................................

ദിവസങ്ങൾ കടന്നുപോയി. ശോശാമ്മയുടെ വീട്ടിലെ സന്ദർശകമുറിയിൽ ഒരു സന്യാസിനിയുടെ സാമാന്യം വലി

(ശേഷം 10-ാം പേജിൽ)

# Sathya Deepam

Vol. 22 Ernakulam March 2, 1949 No. 28



## FREE INDIA BANK LIMITED

**H. O. Kottayam, Travancore**

(Incorporated under Travancore Companies Act—Liability of Members Limited.)

Branches:—

| | | |
|---|---|---|
| Changanacherry | Kidangoor | Kothamangalam |
| Kottayam | Nedumkunnam | Palai |
| Ponkunnam | Ramapuram | Ullala |

FIXED DEPOSITS received at rates varying from 4%—6% interest per annum.

6% CASH CERTIFICATES issued.

CHEQUES, DRAFTS & BILLS accepted

All interests payable Half Yearly.

BANKING BUSINESS OF ALL KINDS UNDERTAKEN.

| Chairman | Managing Director | Secretary |
|---|---|---|
| Mr. V. C. George B. A. L. T. | Vakil Mr. Mathew J. Mattom. | Mr. Mathew J. Kaithakary |

കുർബ്ബാനക്കുപ്പായം, കാപ്പ മുതലായ വൈദിക വസ്ത്രങ്ങൾക്ക് കൊളംബോ സാരിവർക്സ്, ബ്രോഡ്‌വെ-എറണാകുളം.

എല്ലാവിധ എംബ്രോയിഡറി വേലകൾക്കും പ്രശസ്ത സ്ഥാപനം കൊളംബോ സാരി വർക്സ്, ബ്രോഡ്‌വെ-എറണാകുളം.

## നറുനീണ്ടിസത്ത്

### ഉഷ്ണത്താൽ ഉണ്ടാകുന്ന രക്തദൂഷ്യത്തെ തടയുവാൻ ഏററം പററിയ ഔഷധം

രക്തം ഉഷ്ണിക്കാതെ സൂക്ഷിക്കുന്നതാണ് ആരോഗ്യത്തിന്റെ ഒരു വലിയ രഹസ്യം എന്നു യാതൊരു വൈദ്യനും പറഞ്ഞുതരാതെ നിങ്ങൾക്ക് അറിഞ്ഞുകൂടെയോ? രക്തത്തെ ചൂടുപിടിപ്പിച്ച് ദുഷിപ്പിക്കുന്ന അനേകം സാഹചര്യങ്ങൾ നമുക്ക് ദിവസേന നേരിടുന്നുമുണ്ട്. പരേതനായ ഡോക്ടർ ബ്രദർ നിക്കോളാസ് അവർകളുടെ നിർദ്ദേശം അനുസരിച്ച് മഞ്ഞുമ്മൽ ആശുപത്രിയിൽ പാകപ്പെടുത്തുന്ന നറുനീണ്ടിസത്തിന്റെ പ്രസിദ്ധി എന്തിലാണെന്നു അറിയാമോ? രക്തദൂഷ്യം നീക്കുവാനും ശരീരത്തിന്റെ ശീതോഷ്ണനിലയെ ശരിയായി സംരക്ഷിക്കുവാനും ഈ നറുനീണ്ടിസത്തിനുള്ള ശക്തി അത്ഭുതകരമാണെന്നു അതു ഒരിക്കൽ ഉപയോഗിച്ചിട്ടുള്ളവരൊക്കെ സമ്മതിക്കുന്നു. മൂലക്കുരു അർശസിനും, രക്തപിത്തത്തിനും, മൂത്രത്തിലുള്ള ഊറലിനും ഉഷ്ണത്താൽ രക്തം ദുഷിച്ചുണ്ടാകുന്ന ചൊറി മുതലായതിനും പ്രത്യേകം ഉഷ്ണദീനത്തിനും ഇതു ഉത്തമൗഷധമാണെന്നു കഴിഞ്ഞ അറുപതിൽപരം വർഷത്തെ അനുഭവം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. ഈ അത്ഭുതശക്തിയുടെ രഹസ്യമോ? നറുനീണ്ടിക്കിഴങ്ങിന്റെ ഔഷധാംശം അശേഷം നഷ്ടപ്പെടുത്താതെ അതു പാകപ്പെടുത്തുന്നു എന്നതുതന്നെ. ഇതാണു മഞ്ഞുമ്മൽ ആസ്പത്രിയിലെ നറുനീണ്ടിസത്തിന്റെ വിശേഷത. വില 24 ഔൺസ് കുപ്പിക്കു 3 ക. 8 ണ. 16 ഔൺസിനു 2 ക. 8 ണ. താഴെ പറയുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

മാനേജർ, സെൻറ് ജോസഫ്സ് ആസ്പത്രി

മഞ്ഞുമ്മൽ, തിരുവിതാംകൂർ

## വാർഷികസമ്മേളനങ്ങൾ

അടുത്തുവരുന്ന

### പുതിയ പ്രഹസനങ്ങൾ അഭിനയിക്കുവിൻ

വായിച്ചു രസിക്കാം! അഭിനയിച്ചാനന്ദിക്കാം!

### ക്രിസ്തീയാദർശങ്ങൾ പ്രകടമാക്കുവിൻ

| | | ക. ണ. പ |
|---|---|---|
| 1 | "അജപാലകനായ ദാവീദ്" | 0—3—6 |
| 2 | "ജോസഫ്" | 0—4—0 |
| 3 | "ഭൂതങ്ങൾ & പല്ലുവേദന." | 0—5—0 |
| 4 | "പാതിരാമുതൽ" (നാലു പ്രഹസനങ്ങൾ) | 1—0—0 |

i പുൽക്കൂട്ടിൽ iii ഈജിപ്തിലേയ്ക്ക്
ii തിരുമുൽക്കാഴ്ച iv നസ്രേത്തിൽ

വി. പി. യ്ക്ക് എഴുതുക:

ജനറൽ സെക്രട്ടറി, എസ്. എച്ച്. ലീഗ്, മംഗലപ്പുഴ ആലുവാ


## സമരകാഹളം

(വർഗീസ് കിളിച്ചിമല)

(അന്നനട)

കൊടുംനിശാചരബ്ഭടർപ്രചണ്ഡമാ-
മടർ നടത്തിടാനടുത്തിടുന്നഹോ!
ഇടിച്ചുമത്തിടുമവരടയിയെ-
യടിച്ചുലച്ചിടും നറും മലരുകൾ
കടിച്ചു കീറിടും മനുഷ്യരെ നീണം-
കുടുകുടെക്കുടിച്ചുടർ തുടന്നിടും
"ജയിക്ക വിപ്ലവം, ജയിക്ക വിപ്ലവം"
മുഴക്കിടുന്നവർ സമരകാഹളം
കൊടുംനിശാചരബ്ഭടർ പ്രചണ്ഡമാ-
മടർ നടത്തിടാനടുത്തിടുന്നഹോ!
ഉറങ്ങിടൊല്ല മൽസഹോദരങ്ങളേ,
ഇറങ്ങിടേണമിസ്സമരഭൂമിയിൽ
ധരിക്കുവിൻ ജവം പാശ്ചാത്യ കോപ്പുകൾ
കരുത്തു കൂടിടും വിശേഷധീരരേ!
അലസരായ് ദിനം കഴിക്കുകിൽ നമ്മെ-
ച്ചപലവൃജം പിടിച്ചടക്കി വാണിടും
കരിതൃഷധസരസ്സുരണ നിങ്ങളിൽ
തിളച്ചിടുന്നില്ലേ സമരതന്ത്രരേ!
ജഗത്രയം ജയിച്ചടക്കിയ "തിരു-
ഹൃദയ"വാഹിയാം കൊടിപിടിക്കുവിൻ
ഉറങ്ങിടൊല്ല മൽസഹോദരങ്ങളേ!
ഇറങ്ങിടേണമിസ്സമരഭൂമിയിൽ.

ആരോഗ്യപംക്തി

## അഞ്ചാംപനി

(S. D.)

പകർച്ചവ്യാധികളിൽ ഒന്നാണ് അഞ്ചാംപനി. എല്ലാവരുംതന്നെ വളരെ നിസ്സാരമായി കരുതുന്ന ഒന്നാണിതെങ്കിലും സൂക്ഷക്കുറവുകൊണ്ട് പല വിഷമതകൾക്ക് ഇതു കാരണമായേക്കാവുന്നതാണ്. വളരെ വേഗത്തിൽ പകരാവുന്നതിനാൽ ഒരിക്കലും ഈ രോഗം ബാധിച്ച കുട്ടികളുടെയടുക്കൽ മററുകുട്ടികൾ വരുന്നതിനും അവർ ഉപയോഗിക്കുന്ന സാധനങ്ങൾ ഉപയോഗിക്കുന്നതിനും അനുവദിക്കരുത്. രോഗാണുക്കൾ ഒരുവനിൽ പ്രവേശിച്ചാൽ പത്തുപന്ത്രണ്ടു ദിവസങ്ങൾക്കുള്ളിൽ മാത്രമേ സുഖക്കേടിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങുകയുള്ളു. ആദ്യം നീരിളക്കത്തിന്റെ സകല ലക്ഷണങ്ങളും ഉണ്ടായിരിക്കും. മൂക്കിൽനിന്നും കണ്ണിൽനിന്നും വെള്ളം വന്നുകൊണ്ടിരിക്കുക, കണ്ണു ചുമക്കുക എന്നിവയ്ക്കും പുറമെ കുറേശ്ശെ പനിയും ഉണ്ടായിരിക്കും. മൂന്നാം ദിവസമോ നാലാം ദിവസമോ ദേഹത്തിൽ അവിടവിടെ തടിച്ചു പൊങ്ങുന്നു. ഒന്നുരണ്ടു ദിവസത്തിനുള്ളിൽ മേൽപ്പറഞ്ഞ തടിപ്പ് ദേഹമാസകലം വ്യാപിക്കുന്നു.

അഞ്ചാംപനിക്ക് പ്രത്യേക ഔഷധപ്രയോഗമൊന്നും ആവശ്യമില്ല. പിന്നെയോ വേണ്ടവിധത്തിലുള്ള പരിചരണമാണാവശ്യം. അഞ്ചാംപനി ബാധിച്ച കുട്ടിയെ മററുള്ളവരിൽനിന്നും വേർതിരിച്ച് ശുചിയായ ഒരു മുറിയിൽ ശുചിയായ ഒരു കട്ടിലിൽ കിടത്തുക. എഴുന്നേററു നടക്കുവാൻ അനുവദിക്കരുത്. കുട്ടിക്കു ഒരു തരത്തിലും തണുപ്പടിക്കാതെ സൂക്ഷിക്കണം. ഇതിൽ സൂക്ഷക്കുറവുവന്നാൽ ന്യുമോണിയ, ബ്രോങ്കൈററിസ് മുതലായ രോഗങ്ങൾ കുട്ടിയെ ബാധിക്കാൻ എളുപ്പമുണ്ട്. കുട്ടിയുടെ കിടക്ക എപ്പോഴും വൃത്തിയായി സൂക്ഷിക്കണം. ചുമയും നെഞ്ചുവേദനയും ഉള്ള പക്ഷം നെഞ്ചിനു ചൂടുപിടിക്കുന്നതു വളരെ നല്ലതാണ്. കൂടാതെ കണ്ണു കഴുകി മലമൊഴിക്കുന്നകാര്യവും വിസ്മരിച്ചു കളയരുതു്.

## 120,000 പേർ കൂടുതൽ

1949-ലെ കാത്തലിക് ഡിറക്ടറി അനുസരിച്ച് ഇംഗ്ലണ്ടിലേയും വെയിൽസിലേയും കത്തോലിക്കാജനസംഖ്യയിൽ 120,000 പേർ കൂടിയിട്ടുണ്ട്. ഇപ്പോൾ അവിടത്തെ കത്തോലിക്കരുടെ ആകെ സംഖ്യ 2,648,000 ആണ്.





100, 500, 1000, 5000 രൂപാ എന്നിങ്ങനെ നാലു ഇനത്തിൽ ഉള്ള കാഷ് സർട്ടിഫിക്കററുകൾ ഉണ്ട്. അവ യഥാക്രമം 84⅜, 420⅝, 841¼, 4206¼ രൂപാ വിലയ്ക്കു വില്ക്കപ്പെടുന്നു. ബ്രാഞ്ചു മാനേജരോടു ചോദിച്ചാൽ കൂടുതൽ വിവരങ്ങൾ ഗ്രഹിക്കാം.

പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്

പാലാ - തിരുവിതാംകൂർ


## Rules for Longevity

A group of scientists in America among whom are some of the ablest in the world give the following rules for those who desire to keep in health and live long.

1. Be sure to have the rooms you occupy well ventilated.
2. Seek out-of-doors occupation and recreation.
3. Sleep out of doors if you can.
4. Breathe deeply.
5. Eat sparingly of meats and highly spiced foods.
6. Avoid over-eating.
7. Eat slowly and chew thoroughly.
8. The bowels should be evacuated daily.
9. Do not allow poisons and disease-producing germs to enter the body.
10. Do not overwork. Rest when you are fatigued. Sleep from seven to nine hours daily according to your need.
11. Avoid anger and worry.
12. Keep serene.

## ഷായും ന്യൂമനും കാരണം

"അൻഡ്രോക്ലിസും സിംഹവും" എന്ന ഗ്രന്ഥത്തിനു ബർണർഡ് ഷാ എഴുതിയിട്ടുള്ള മുഖവുരയും കാർഡിനൽ ന്യൂമന്റെ "അപ്പോളോജിയ" എന്ന ഗ്രന്ഥവുമാണ് തന്റെ മാനസാന്തരത്തിനു കാരണമെന്നു മി. ജോൺ റോഥെൻസ്റ്റൈൻ "ദി മന്ത്" എന്ന മാസികയിൽ എഴുതിയിരിക്കുന്നു. സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തെപ്പററി ചിന്തിക്കുന്നതിനു ഷായുടെ ലിഖിതം കാരണമാക്കി. സന്ദേഹങ്ങളെല്ലാം നിഷ്കാസനം ചെയ്യുകയും സഭാപ്രവേശം ചെയ്യുന്നതിനു അന്ത്യപ്രേരണ നൽകുകയും ചെയ്തതു് ന്യൂമന്റെ ഗ്രന്ഥമാണ്. അദ്ദേഹം പറയുന്നു: "അവസാനം ഒരു ദിവസം വന്നു. അന്നു ഞാൻ ഒരു കത്തോലിക്കാപുരോഹിതന്റെ മുമ്പിൽ മുട്ടുകുത്തി എന്റെ അബദ്ധങ്ങളെല്ലാം സത്യംചെയ്തുപേക്ഷിച്ചു. അനന്തരം രക്ഷകന്റെ ഏകതൊഴുത്തു എന്നു ന്യൂമനെപ്പോലെ ഞാനും വിശ്വസിച്ച സഭയിൽ പ്രവേശിക്കയും ചെയ്തു."


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam